# പതിനാലാം കേരള നിയമസഭ

# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി V

## (SUBJECT COMMITTEE V)

## മരാമത്തും ഗതാഗതവും വാർത്താവിനിമയവും

## (WORKS,TRANSPORT AND COMMUNICATIONS)

## പീരിയോഡിക്കൽ റിപ്പോർട്ട്

**(2019 മാർച്ച് 31 വരെയുള്ളത്)**

## (PERIODICAL REPORT AS ON 31st MARCH, 2019)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2019 ജൂലൈ 1-ാം തീയതി സമർപ്പിച്ചത്
(Presented on 1st July, 2019)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2019

# പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി V

## (SUBJECT COMMITTEE V)

## മരാമത്തും ഗതാഗതവും വാർത്താവിനിമയവും

## (WORKS, TRANSPORT AND COMMUNICATIONS)

### പീരിയോഡിക്കൽ റിപ്പോർട്ട്

(2019 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31st MARCH, 2019)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

771/2019.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 24 |

# സബ്ജക്ട് കമ്മിറ്റി V

## (മരാമത്തും ഗതാഗതവും വാർത്താവിനിമയവും)

## (2019 -2021)

### ഘടന

<u>ചെയർമാൻ :</u>

ശ്രീ. ജി. സുധാകരൻ,
പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

<u>എക്സ് - ഒഫീഷ്യോ അംഗങ്ങൾ:</u>

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,
തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി.

ശ്രീ. എ. കെ. ശശീന്ദ്രൻ,
ഗതാഗത വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. വി. അബ്ദുറഹിമാൻ

ശ്രീ. ജോൺ ഫെർണാണ്ടസ്

ശ്രീ. കെ. മുരളീധരൻ*

ശ്രീ. ഒ. രാജഗോപാൽ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. വി. ആർ. സുനിൽ കുമാർ

ശ്രീ. സി. എഫ്. തോമസ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. സി. ജോസ്, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി

ശ്രീമതി രജനി വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

---

* 2019 മേയ് 29-ാം തീയതി നിയമസഭാംഗത്വം രാജിവച്ചു

# അവതാരിക

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) അനുസരിച്ച് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V (2016-2018)-ന്റെ കാലയളവ് പൂർത്തീകരിച്ചതിനെ തുടർന്ന് 7-1-2019-ലെ 598-ാം നമ്പർ ബുള്ളറ്റിൻ പ്രകാരം സബ്ജക്ട് കമ്മിറ്റി V (2019-2021) രൂപീകൃതമായി. പ്രസ്തുത കമ്മിറ്റികൾ 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 24-4-2018, 23-5-2018, 20-6-2018, 31-7-2018, 27-9-2018, 11-12-2018, 4-1-2019, 28-2-2019, 6-3-2019, 20-3-2019 എന്നീ തീയതികളിലായി 10 യോഗങ്ങൾ ചേരുകയുണ്ടായി. വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, കരട് ചട്ടങ്ങൾ, 2017-2018 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2018 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് എന്നിവയുടെ പരിഗണന, ചട്ടങ്ങളുടെ സാധൂകരണം, 235 എ പ്രകാരം വിവിധ വിഷയങ്ങളിന്മേലുള്ള ചർച്ച, 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന, ആയതിന്റെ കരട് റിപ്പോർട്ട് പരിഗണന എന്നിവയ്ക്കാണ് സമിതി യോഗങ്ങൾ ചേർന്നത്. പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർനില 53% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

അദ്ധ്യായം I—സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

അദ്ധ്യായം II—സമിതി പരിശോധിച്ച ബില്ലുകൾ

അദ്ധ്യായം III—സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ

അദ്ധ്യായം IV—നിയമസഭാ ചട്ടം 235 എ പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

അദ്ധ്യായം V—സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

അദ്ധ്യായം VI—(a) 2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

(b) സമിതി പരിഗണിച്ച, വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥന കളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശ കളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ

അദ്ധ്യായം VII—സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2019 ജൂൺ 27-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

ജി. സുധാകരൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി V.*

തിരുവനന്തപുരം,
2019 ജൂൺ 27.

## അദ്ധ്യായം - I

## സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1. മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് 20-6-2018-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 21-6-2018-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. സമിതിയുടെ 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് 20-6-2018-ലെ യോഗത്തിൽ അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 21-6-2018-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം - II

## സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശം

ഇല്ല.

## അദ്ധ്യായം - III

## സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.കളുടെ വിശദാംശങ്ങൾ

സമിതിയുടെ 27-9-2018-ലെ യോഗം 2018-ലെ കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) റൂൾസിന്റെ കരട് പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ 11-12-2018-ലെ യോഗം 2018-ലെ കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) റൂൾസ് (എസ്.ആർ.ഒ. നമ്പർ 670/2018) പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

## അദ്ധ്യായം - IV

## ചട്ടം 235 എ പ്രകാരം ചേർന്ന യോഗങ്ങൾ സംബന്ധിച്ച വിശദാംശം

സമിതിയുടെ 24-4-2018-ലെ യോഗം 'അപകടാവസ്ഥയിലായ പാലങ്ങളുടെയും കലുങ്കുകളുടെയും കാലപ്പഴക്കം, പുനരുദ്ധാരണത്തിനായുള്ള നടപടികൾ' എന്ന വിഷയം പരിഗണിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

സമിതിയുടെ 23-5-2018, 27-9-2018 എന്നീ തീയതികളിലെ യോഗങ്ങളിൽ റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഫണ്ട് വിനിയോഗം, ഘടന, പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് ചർച്ച നടത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു

സമിതിയുടെ 31-7-2018-ലെ യോഗത്തിൽ സംസ്ഥാനത്തെ റോഡുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നിലവിലെ സംവിധാനങ്ങളെക്കുറിച്ചും നിലവാരം ഉയർത്താൻ സ്വീകരിച്ചുവരുന്ന പുതിയ പദ്ധതികളെക്കുറിച്ചുമുള്ള അവലോകനം നടത്തുകയും നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുകയും ചെയ്തു. കൂടാതെ, സമിതി പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് എന്ന സ്ഥാപനം ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ, അവയുടെ മാനദണ്ഡം, ഫണ്ട് വിനിയോഗം എന്നിവ സംബന്ധിച്ച് വിശകലനം നടത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

സമിതിയുടെ 4-1-2019-ലെ യോഗത്തിൽ ആലപ്പുഴ ജില്ലയിൽ വിനോദ സഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്ന ഹൗസ് ബോട്ടുകൾ ഉൾപ്പെടെയുള്ള വിവിധ ബോട്ടുകളുടെ രജിസ്ട്രേഷൻ, ഡ്രൈവർമാരുടെ ലൈസൻസ് തുടങ്ങിയവ അനുവദിക്കുന്നതിനുള്ള ലൈസൻസിംഗ് അതോറിറ്റി അടക്കമുള്ള നിയമാനുസൃതമായ സംവിധാനങ്ങൾ, സുരക്ഷാ ക്രമീകരണങ്ങൾ, ആലപ്പുഴ പോർട്ടിന്റെ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് ആലപ്പുഴ ജില്ലാ കളക്ടറേറ്റിൽ ഉദ്യോഗസ്ഥരുമായി വിശദമായി ചർച്ച നടത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

## അദ്ധ്യായം - V

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം സഭയുടെ മേശപ്പുറത്തുവച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

| ധനാഭ്യർത്ഥന നമ്പർ | സാമ്പത്തിക വർഷം | വകുപ്പ് | സഭയുടെ മേശപ്പുറത്തു വച്ച തീയതി |
|---|---|---|---|
| 1 | 2 | 3 | 4 |
| XLI—ഗതാഗതം | 2017-18 | ഗതാഗത വകുപ്പ് (കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്) | 20-6-2018 |
| XL—തുറമുഖങ്ങൾ | 2016-17 | തുറമുഖ വകുപ്പ് (ഹാർബർ എഞ്ചിനീയറിംഗ്, ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്) | 20-6-2018 |
| XLI—ഗതാഗതം | 2016-17 | ജലവിഭവ വകുപ്പ് (ഉൾനാടൻ ജലഗതാഗതം) | 6-12-2018 |

| 1 | 2 | 3 | 4 |
|---|---|---|---|
| XLI—ഗതാഗതം | 2015-16 | കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് | 6-12-2018 |
| XLI—ഗതാഗതം | 2017-18 | ജലഗതാഗത വകുപ്പ് | 6-12-2018 |
| XLI—ഗതാഗതം | 2017-18 | ജലവിഭവ വകുപ്പ് (ഉൾനാടൻ ജലഗതാഗതം) | 30-1-2019 |

<u>അദ്ധ്യായം-VI</u>

(a) 2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

| ആകെ ശിപാർശകളുടെ എണ്ണം | റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള മറുപടി ലഭിച്ച ശിപാർശകളുടെ ഖണ്ഡിക നമ്പർ | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ഖണ്ഡിക നമ്പർ | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ആകെ എണ്ണം |
|---|---|---|---|
| 114 | ഖണ്ഡിക നമ്പർ : 1-110, 112, 114 | 111, 113 | 2 |

(b) വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സഭയിൽ സമർപ്പിച്ചിട്ടുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് ബഹു. വകുപ്പമന്ത്രി സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:

2017-18 സാമ്പത്തിക വർഷത്തെ രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 4540/സബ്. സി.എ 2/17/നി.സെ.)

<u>ശിപാർശ</u>

5051-01-001-99—<u>വൻകിട തുറമുഖങ്ങൾ -വൻകിട തുറമുഖങ്ങൾ - ഭരണവും നടത്തിപ്പും - വിഴിഞ്ഞം ആഴക്കടൽ വികസനം അന്താരാഷ്ട്ര കപ്പൽ ഗതാഗത ടെർമിനൽ</u>

സംസ്ഥാന സർക്കാർ വലിയ തോതിലുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി മുതൽ മുടക്കുകയും തെരഞ്ഞെടുക്കപ്പെടുന്ന സ്വകാര്യ കമ്പനി/വ്യക്തി

തുറമുഖം പ്രവർത്തിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. ഒരു മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് തുറമുഖം വികസിപ്പിക്കുന്നത്. പദ്ധതി നിർവ്വഹണം അദാനി ഗ്രൂപ്പിന് കൈമാറി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1570 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 105)

<u>സ്വീകരിച്ച നടപടി</u>

വിഴിഞ്ഞം തുറമുഖ പദ്ധതി സംസ്ഥാനത്തെ മേജർ ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടായി പ്രഖ്യാപിച്ച് ടി പദ്ധതിയുടെ നടത്തിപ്പിനായി 5475-00-800-92 എന്ന മെയിൻ ശീർഷകത്തിൽ നിന്ന് ആവശ്യമായ തുക 5051-01-001-99 എന്ന ശീർഷകത്തിലേക്ക് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അനുമതിയോടെ ധനകാര്യ വകുപ്പ് അനുവദിച്ച് തരികയാണ് ചെയ്തുവന്നിരുന്നത്. 2017-18 വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം, പ്രോജക്ടിനും റെയിൽ കണക്ടിവിറ്റിക്കുമുള്ള ഭൂമി ഏറ്റെടുക്കൽ, റെയിൽപാത നിർമ്മാണം തുടങ്ങിയ ആവശ്യങ്ങൾക്കായി 1570 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിരുന്നത്. എന്നാൽ ഏറ്റെടുക്കാനുള്ള സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും വില നിശ്ചയിക്കുന്നതിനുണ്ടായ കാലതാമസവും നിയമപ്രശ്നങ്ങളുംമൂലം ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കാൻ കഴിഞ്ഞില്ല. അതുപോലെ റെയിൽ കണക്ടിവിറ്റിക്കുള്ള Detailed Project Report (DPR) തയ്യാറാക്കുന്നതിന് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ Rail Vikas Nigam Limited (RVNL) എന്ന കമ്പനിയെ ചുമതലപ്പെടുത്തിയെങ്കിലും പ്രസ്തുത സ്ഥാപനം പ്രോജക്ട് റിപ്പോർട്ട് യഥാസമയം സമർപ്പിക്കാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞില്ല. എന്നാൽ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതിയുടെ ഭാഗമായി പദ്ധതി പ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ അനുവദിച്ച് നൽകുന്നതിനും അടിമലത്തുറ ഭാഗത്തെ കരമടി മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം അനുവദിച്ച് നൽകുന്നതിനുമായി 2017-18 സാമ്പത്തിക വർഷം മേൽ ശീർഷകത്തിൽ 200 കോടി രൂപ സംസ്ഥാന സർക്കാർ അനുവദിച്ച് നൽകുകയുണ്ടായി. വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട പുനരധിവാസ പ്രവർത്തനങ്ങൾക്ക് 2017-18 സാമ്പത്തിക വർഷം പ്രസ്തുത തുക പര്യാപ്തമായിരുന്നു. അതുകൊണ്ട് സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത 1570 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ ആവശ്യമായി വന്നില്ല.

അതേ സമയം വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പിലാക്കുന്നതിന് ഇനി 3339 കോടി രൂപ കൂടി വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഈ തുക കേന്ദ്ര സംസ്ഥാന ബഡ്ജറ്റിൽ നിന്ന് കണ്ടെത്താൻ പ്രയാസമായതുകൊണ്ട് തിരിച്ചടവ് സംസ്ഥാന സർക്കാർ വഹിക്കുമെന്ന

'ഉറപ്പിൻമേൽ സംസ്ഥാന സർക്കാരിന്റെ ഗ്യാരന്റിയോടെ, ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയായി കണ്ടെത്താൻ ധനകാര്യ വകുപ്പ് വിഴിഞ്ഞം തുറമുഖ കമ്പനിക്ക് നിർദ്ദേശം നല്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ വിഴിഞ്ഞം തുറമുഖ കമ്പനി വിവിധ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ HUDCO യിൽ നിന്ന് 2700 കോടി രൂപ വായ്പയെടുക്കുന്നതിനുള്ള നടപടികൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

(റഫറൻസ് നമ്പർ 5/ഇ 1/2018/മ.തു.വ തീയതി 13-9-2018)

(കാലതാമസപത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

3075-60-800-97—മറ്റ് ഗതാഗത സർവ്വീസുകൾ - മറ്റുള്ളവ - മറ്റ് ചെലവുകൾ - ഉൾനാടൻ ജലഗതാഗത കനാലുകളുടെ സംരക്ഷണം

ജലഗതാഗത മാർഗ്ഗങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിപ്പിനായി ഈ ശീർഷകത്തിൽ 1.175 കോടി തുക അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 112)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ അധികമായി തുകയൊന്നും അനുവദിച്ചിട്ടില്ല

(റഫറൻസ് നമ്പർ എ 1/88/2017/സി.എസ്.ഐ.എൻ.ഡി., തീയതി 8-10-2018)

(കാലതാമസപത്രിക 5-12-2018 -ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

5056-00-190-88—ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധന ചെലവ് - പൊതുമേഖലയിലും മറ്റ് സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ-സ്ലിപ്പ് - വേ കോംപ്ലക്സുകളുടെ ആധുനികവൽക്കരണം

ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക സ്ലിപ്പ്-വേ കോംപ്ലക്സിന്റെ നവീകരണ പ്രവർത്തനങ്ങൾക്ക് അപര്യാപ്തമായതിനാൽ 1.6 കോടി രൂപ അധികമായി ധനപുനഃവിനിയോഗ/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 118)

<u>സ്വീകരിച്ച നടപടി</u>

സ്ലിപ്പ്-വേ കോംപ്ലക്സിന്റെ നവീകരണത്തിനുള്ള രൂപരേഖയും പ്രോജക്റ്റ് റിപ്പോർട്ടും തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. പ്രസ്തുത ശീർഷകത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ എ 1/88/2017/സി.എസ്.ഐ.എൻ.ഡി., തീയതി 8-10-2018)

(കാലതാമസപത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

5056-00-190-93—<u>ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധന ചെലവ് -പൊതുമേഖലയിലും മറ്റ് സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ-കാർഗോ ബാർജുകളുടെ നിർമ്മാണം - (കേരള സംസ്ഥാന ഉൾനാടൻ ജലഗതാഗത കോർപ്പറേഷൻ ലിമിറ്റഡ്)</u>

ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക ഒരു ബൾക്ക് ബാർജിന്റെ നിർമ്മാണത്തിന് അപര്യാപ്തമായതിനാൽ 1.5 കോടി തുക അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 119)

<u>സ്വീകരിച്ച നടപടി</u>

500 ടൺ കാർഗോ ബാർജിന്റെ നിർമ്മാണത്തിനായുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ അധികമായി തുകയൊന്നും അനുവദിച്ചിട്ടില്ല

(റഫറൻസ് നമ്പർ എ 1/88/2017/സി.എസ്.ഐ.എൻ.ഡി., തീയതി 8-10-2018)

(കാലതാമസപത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

5056-00-190-89—<u>ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധന ചെലവ് - പൊതുമേഖലയിലും മറ്റ് സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ-പെട്രോൾ ടാങ്കർ ബാർജ് നിർമ്മാണം - (കേരള സംസ്ഥാന ഉൾനാടൻ ജലഗതാഗത കോർപ്പറേഷൻ ലിമിറ്റഡ്)</u>

ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന തുക പെട്രോൾ ടാങ്കർ ബാർജിന്റെ നിർമ്മാണത്തിന് അപര്യാപ്തമായതിനാൽ 2.68 കോടി തുക അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 120)

സ്വീകരിച്ച നടപടി

1200 ടൺ പെട്രോൾ ടാങ്കർ ബാർജിന്റെ നിർമ്മാണത്തിനായുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ അധികമായി തുകയൊന്നും അനുവദിച്ചിട്ടില്ല

(റഫറൻസ് നമ്പർ എ 1/88/2017/സി.എസ്.ഐ.എൻ.ഡി., തീയതി 8-10-2018)

(കാലതാമസപത്രിക 5-12-2018 -ന് സഭയിൽ സമർപ്പിച്ചു)

## 2016-17 സാമ്പത്തിക വർഷത്തെ ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 4509/സബ്.സി.എ 2/2016/നി.സെ.)

ശിപാർശ

2041-00-001—വാഹന നികുതികൾ - നടത്തിപ്പും ഭരണവും

ഭരണ ചെലവുകൾക്കും മോട്ടോർ വാഹന വകുപ്പിന്റെ നവീകരണത്തിനുമായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിൽ 1.08 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സ്വീകരിച്ച നടപടി

2016-2017 സാമ്പത്തിക വർഷത്തിൽ 2041-00-001-96 എന്ന ശീർഷകത്തിൽ 7.5 കോടി രൂപ ജി.ഒ. (ആർ.ടി.) നമ്പർ 1266/17/ ഫിൻ. തീയതി 17-2-2017 പ്രകാരം അധികമായി അനുവദിച്ചിരുന്നു. ഈ തുക മുഴുവനായും ചെലവായി. 2041-00-001-00-01-04 (മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ്) എന്ന ശീർഷകത്തിൽ 13 ലക്ഷം രൂപ ജി.ഒ.(ആർ.ടി.) നമ്പർ 9744/16/ഫിൻ. തീയതി 17-12-2016 പ്രകാരം അനുവദിച്ചിരുന്നു. ബഡ്ജറ്റ് എസ്റ്റിമേറ്റ് ഉൾപ്പെടെ ഈ ശീർഷകത്തിൽ മൊത്തം ലഭിച്ച 21.77 ലക്ഷം രൂപയിൽ 9.34 ലക്ഷം രൂപ വർഷാവസാനം പല ഓഫീസുകളിൽ നിന്നും സറണ്ടർ ചെയ്തതിനാൽ പ്രസ്തുത തുക തിരിച്ച് അടയ്ക്കുകയുണ്ടായി. അതുപോലെ 2041-00-001-99-00-04-02 (ട്രാൻസ്പർ റ്റി.എ.) എന്ന ശീർഷകത്തിൽ 2 ലക്ഷം രൂപ ജി.ഒ.(ആർ.ടി.) നമ്പർ 8667/2016/ഫിൻ. തീയതി 4-11-2016 പ്രകാരം അധികമായി അനുവദിച്ചിരുന്നു. ബഡ്ജറ്റ് എസ്റ്റിമേറ്റ് ഉൾപ്പെടെ ലഭിച്ച 3.50 ലക്ഷത്തിൽ 1.90 ലക്ഷം രൂപ തിരിച്ച് അടച്ചിരുന്നു. 2041-00-001 എന്ന ശീർഷകത്തിൽ ആകെ 7.65 കോടി രൂപ അധികമായി അനുവദിച്ചിരുന്നു.

(റഫറൻസ് നമ്പർ ബി3/2369041/2018/ഗതാ., തീയതി 24-5-2018)

(കാലതാമസപത്രിക 19-6-2018-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

2041-00-102-99—വാഹന നികുതികൾ - മോട്ടോർ വാഹനങ്ങളുടെ പരിശോധന - മോട്ടോർ വാഹനങ്ങളുടെ പരിശോധന

മോട്ടോർ വാഹനങ്ങളുടെ പരിശോധനയ്ക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1.5827 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സ്വീകരിച്ച നടപടി

2016-2017 സാമ്പത്തിക വർഷത്തിൽ 2041-00-102-99-00-04-01 (ടൂർ റ്റി.എ.) എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപ ജി.ഒ. (ആർ.റ്റി.) നമ്പർ 8667/2016/ഫിൻ. തീയതി 4-11-2016 പ്രകാരം അധികമായി അനുവദിച്ചിരുന്നു. ബഡ്ജറ്റ് എസ്റ്റിമേറ്റ് ഉൾപ്പെടെ ലഭിച്ച 14.68 ലക്ഷം രൂപയിൽ 4.18 ലക്ഷം രൂപ തിരിച്ചടച്ചിരുന്നു. 2041-00-102-99-00-06 (വാടക) എന്ന ശീർഷകത്തിൽ ജി.ഒ. (ആർ.ടി.) നമ്പർ 7585/2016/ഫിൻ. തീയതി 20-9-2016 പ്രകാരം 53.46 ലക്ഷം രൂപയും, ജി.ഒ.(ആർ.ടി.) നമ്പർ 8667/2016/ഫിൻ. തീയതി 4-11-2016 പ്രകാരം 20 ലക്ഷം രൂപയും അധികമായി അനുവദിച്ചിരുന്നു. ബഡ്ജറ്റ് എസ്റ്റിമേറ്റ് ഉൾപ്പെടെ ആകെ ലഭിച്ച 1.054 കോടി രൂപയിൽ 7.55 ലക്ഷം രൂപ തിരിച്ചടച്ചിരുന്നു. 2041-00-102-99-00-21-02 (റിപ്പയർ & മെയിന്റനൻസ്) എന്ന ശീർഷകത്തിൽ ജി.ഒ. (ആർ.ടി.) നമ്പർ 8667/2016/ഫിൻ. തീയതി 4-11-2016 പ്രകാരം 13 ലക്ഷം രൂപയും അധികമായി അനുവദിച്ചിരുന്നു. ബഡ്ജറ്റ് വിഹിതം ഉൾപ്പെടെ ലഭിച്ച 25.27 ലക്ഷം രൂപയിൽ 5.97 ലക്ഷം രൂപ തിരിച്ചടച്ചിരുന്നു. 2041-00-102 എന്ന ശീർഷകത്തിൽ മൊത്തത്തിൽ 0.91 കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

(റഫറൻസ് നമ്പർ ബി3/2369041/2018/ഗതാ., തീയതി 24-5-2018)

(കാലതാമസപത്രിക 19-6-2018-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

3054-03-103-97—റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ സംരക്ഷണവും അറ്റകുറ്റ പണികളും - സംസ്ഥാന ഹൈവേകളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും (14-ാം ധനകാര്യ കമ്മീഷൻ ശിപാർശ)

പതിനാലാം ധനകാര്യ കമ്മീഷൻ റോഡുകളുടെയും പാലങ്ങളുടേയും സംരക്ഷണത്തിനായി തുകയൊന്നും വകയിരുത്തിയിട്ടില്ല. കേന്ദ്ര സർക്കാർ ഡിവിസിബിൾ പൂൾ 32 ശതമാനമായിരുന്നത്

42 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും ആനുപാതികമായ തുക ലഭിച്ചിട്ടില്ലാത്തതിനാൽ മേൽ വിഷയം പുനഃപരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

(26-7-2016- ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരം)

ഏറ്റവും കൂടുതൽ റോഡുകളുള്ള സംസ്ഥാനമായ കേരളത്തിൽ 14-ാം ധനകാര്യ കമ്മീഷൻ തുക അനുവദിക്കാത്തതിൽ സമിതി പ്രതിഷേധം അറിയിക്കുകയും പ്രസ്തുത സമീപനം പുനഃപരിശോധിക്കേണ്ടതാണെന്ന് അഭിപ്രായപ്പെടുകയും ആവശ്യമുള്ള തുക അനുവദിക്കണമെന്ന സമിതിയുടെ ശിപാർശ ധനകാര്യ കമ്മീഷനെ അറിയിക്കുവാൻ പൊതുമരാമത്ത് വകുപ്പിനോട് നിർദ്ദേശിക്കുകയും ചെയ്തു.

സ്വീകരിച്ച നടപടി

സമിതിയുടെ മേൽശിപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ശീർഷകത്തിൽ തുക അനുവദിക്കുന്നതിന് ധനകാര്യ കമ്മീഷനോട് ആവശ്യപ്പെടുന്ന കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയുണ്ടായി. 14-ാം ധനകാര്യ കമ്മീഷൻ സംസ്ഥാന കേന്ദ്രീകൃത പദ്ധതികൾക്ക് പ്രത്യേകിച്ച് പണം നീക്കിവയ്ക്കാത്ത സ്ഥിതിക്ക് അധിക തുക അനുവദിക്കണമെന്ന ശിപാർശ അംഗീകരിക്കാനാവില്ലെന്നും പ്രസ്തുത ആവശ്യം 15-ാം ധനകാര്യ കമ്മീഷന് സമർപ്പിച്ച മെമ്മോറാണ്ടത്തിലും ഉൾപ്പെട്ടിട്ടില്ല എന്നും ധനകാര്യ വകുപ്പ് അറിയിച്ച വിവരം സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.

(റഫറൻസ് നമ്പർ PWD -PS1/19/2017-PWD, തീയതി 17-10-2018)

ശിപാർശ

3075-60-800-97—മറ്റ് ഗതാഗത സർവ്വീസുകൾ - മറ്റുള്ളവ - മറ്റുചെലവുകൾ - ഉൾനാടൻ ജലഗതാഗത കനാലുകളുടെ സംരക്ഷണം

ജലഗതാഗത മാർഗ്ഗങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 114)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ 2016-17 ധനപുനഃവിനിയോഗത്തിലൂടെ 23,44,000 രൂപയും ഉപധനാഭ്യർത്ഥനയിലൂടെ 12,80,000 രൂപയും അടക്കം 36,24,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

(റഫറൻസ് നമ്പർ എ 1/910557/2016/സി.എസ്.ഐ.എൻ.ഡി., തീയതി 17-9-2018)

(കാലതാമസപത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

5055-00-190-99—<u>റോഡ് ഗതാഗതം സംബന്ധിച്ച മൂലധന ചെലവ് - പൊതുമേഖലയിലും മറ്റ് സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ - കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ നിക്ഷേപങ്ങൾ</u>

കെ.എസ്.ആർ.ടി.സി. വർക്ക് ഷോപ്പ് നവീകരണവും അടിസ്ഥാന സൗകര്യ വികസനവും സമൂലമായ കമ്പ്യൂട്ടറൈസേഷനും ഇ-ഗവേൺസ് നടപ്പാക്കലും, കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർ, ടെക്നിക്കൽ ഓഫീസർമാർ/പേഴ്സണൽ എന്നിവരുടെ പരിശീലനം, വാഹനവ്യൂഹങ്ങളുടെ നവീകരണവും ഗുണനിലവാരം മെച്ചപ്പെടുത്തലും തുടങ്ങിയ പദ്ധതികൾ നടപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 56.35 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 116)

<u>സ്വീകരിച്ച നടപടി</u>

കെ.എസ്.ആർ.ടി.സി.-യുടെ വികസനത്തിനായി ഗണ്യമായ വിഹിതം പദ്ധതിയിനത്തിൽ വകയിരുത്തിയിരുന്നു. ആയത് പൂർണ്ണമായും 2016-17 സാമ്പത്തിക വർഷത്തിൽ തന്നെ പൂർണ്ണമായും ചെലവഴിക്കാനാകാത്തതിനാൽ കൂടുതൽ തുക അനുവദിക്കേണ്ട സാഹചര്യം ഉണ്ടായില്ല.

(റഫറൻസ് നമ്പർ TRANS-A1/43/2017-TRANS, തീയതി 23-10-2017)

(കാലതാമസപത്രിക 22-3-2018-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

5055-00-190-94—റോഡ് ഗതാഗതം സംബന്ധിച്ച മൂലധന ചെലവ് - പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ - കെ.യു.ആർ.ടി.സി.-യുടെ ഹരിത നഗരം പദ്ധതി

കെ.യു.ആർ.ടി.സി.യുടെ ഹരിത നഗരം പദ്ധതി പ്രകാരം 1000 പുതിയ സി.എൻ.ജി. ബസ്സുകൾ സർക്കാരിന്റെ പ്രത്യേക വായ്പാ പദ്ധതിയിൽ ഉൾപ്പെടുത്തി 300 കോടി രൂപാ

മുതൽ മുടക്കിൽ നിരത്തിലിറക്കുമെന്ന് ബഡ്ജറ്റ് പ്രസ്താവനയിൽ സൂചിപ്പിച്ചതനുസരിച്ച് ഈ ശീർഷകത്തിൽ (+)(1000 രൂപ) " ന്യൂ സർവ്വീസ്" ആയി ടോക്കൺ തുക വകയിരുത്തിയതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട അടിസ്ഥാന സൗകര്യ വികസനത്തിനായി 230 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 117)

<u>സ്വീകരിച്ച നടപടി</u>

1000 സി.എൻ.ജി. ബസ്സുകൾ നിരത്തിലിറക്കുന്നതിനായി 300 കോടി രൂപ അനുവദിച്ച് ഭരണാനുമതി പുറപ്പെടുവിച്ചിരുന്നു. എന്നാൽ സംസ്ഥാനത്ത് സി.എൻ.ജി. ഇന്ധനം ലഭ്യമാക്കാനുള്ള ബുദ്ധിമുട്ട് കാരണം ടി പദ്ധതി നടപ്പിലാക്കുവാനായിട്ടില്ല. ആയത് നടപ്പിലാക്കുന്ന മുറയ്ക്കുമാത്രമേ അധിക തുക അനുവദിക്കുന്ന കാര്യം പരിശോധിക്കുവാനാകൂ

(റഫറൻസ് നമ്പർ TRANS-A1/43/2017-TRANS, തീയതി 23-10-2017)

(കാലതാമസപത്രിക 22-3-2018-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

5056-00-190-96—<u>ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനചെലവ് - പൊതുമേഖലയിലും മറ്റ് സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ-കൊച്ചിയിൽ വേഗമേറിയ കടത്ത് സർവ്വീസ്</u>

രണ്ട് അതിവേഗ ഫെറി ബോട്ടുകളുടെ നിർമ്മാണത്തിന് ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 119)

<u>സ്വീകരിച്ച നടപടി</u>

നിലവിൽ ഓർഡർ ചെയ്തിരുന്ന അതിവേഗ ബോട്ടുകളുടെ നിർമ്മാണം പൂർത്തിയാകാത്തതിനാൽ പുതിയ ബോട്ടുകളുടെ നിർമ്മാണത്തിന് ഓർഡർ നൽകുകയുണ്ടായില്ല. ആയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(റഫറൻസ് നമ്പർ എ 1/910557/2016/സി.എസ്.ഐ.എൻ.ഡി., തീയതി 17-9-2018)

(കാലതാമസപത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

5056-00-190-95—ഉൾനാടൻ ജല ഗതാഗതം സംബന്ധിച്ച് മൂലധനചെലവ് - പൊതുമേഖലയിലും മറ്റ് സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ - കടത്ത് സർവ്വീസ് ടെർമിനലിന്റെ പുനർനിർമ്മാണം

ഫെറി ടെർമിനൽ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണെന്നും വലിയ ജലവാഹനങ്ങൾ അടുപ്പിക്കുന്നതിന് നിലവിലുള്ള കാലപ്പഴക്കം ചെന്ന ജെട്ടി പുനർനിർമ്മിക്കേണ്ടതുണ്ടെന്നും അതിനായുള്ള മതിപ്പ് ചെലവ് 22.5 ലക്ഷം രൂപയാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 120)

സ്വീകരിച്ച നടപടി

കടത്ത് സർവ്വീസ് ടെർമിനൽ ജെട്ടി നിർമ്മാണത്തിനുള്ള തുക താരതമ്യേന അധികമാണെന്ന് കാണുകയാൽ ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് ധനകാര്യ വകുപ്പിലെ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനയ്ക്ക് സമർപ്പിച്ചിരുന്നതിനാൽ 2016-17 സാമ്പത്തിക വർഷം ഭരണാനുമതി ലഭിക്കുകയുണ്ടായില്ല. ഈ തുക ഇലക്ട്രോണിക് ലെഡ്ജറിലേക്ക് മാറ്റിയിട്ടുണ്ട്. 2017-18 വർഷം ഈ തുക വിനിയോഗിക്കുന്നതാണ്.

(റഫറൻസ് നമ്പർ എ 1/910557/2016/സി.എസ്.ഐ.എൻ.ഡി., തീയതി 17-9-2018)

(കാലതാമസപത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

5056-00-190-93—ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനചെലവ് - പൊതുമേഖലയിലും മറ്റ് സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ - കാർഗോ ബാർജ്ജുകളുടെ നിർമ്മാണം (കേരള സംസ്ഥാന ഉൾനാടൻ ജലഗതാഗത കോർപ്പറേഷൻ ലിമിറ്റഡ്)

2 കാർഗോ ബാർജ്ജുകൾ നിർമ്മിക്കുന്നതിനായി ഈ ശീർഷകത്തിൽ 5.5 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ഈ തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 121)

സ്വീകരിച്ച നടപടി

കാർഗോ ബാർജ്ജുകളുടെ നിർമ്മാണത്തിന് വേണ്ടി ടെന്ററുകൾ വിളിച്ചെങ്കിലും ടെന്ററിൽ ലഭിച്ച തുക എസ്റ്റിമേറ്റിനേക്കാളും ഉയർന്നതാകയാൽ കേരള സംസ്ഥാന ഉൾനാടൻ ജലഗതാഗത കോർപ്പറേഷൻ ലിമിറ്റഡിന്റെ സ്വന്തം യാർഡിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ച ബാർജ്ജുകളുടെ നിർമ്മാണ നടപടികൾ പുരോഗമിക്കുകയാണ്. ഈ തുക ഇലക്ട്രോണിക് ലെഡ്ജറിലേക്ക് മാറ്റിയിട്ടുണ്ട്. 2017-18 വർഷം ഈ തുക വിനിയോഗിക്കുന്നതാണ്.

(റഫറൻസ് നമ്പർ എ 1/910557/2016/സി.എസ്.ഐ.എൻ.ഡി., തീയതി 17-9-2018)

(കാലതാമസപത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

5056-00-190-92—ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനചെലവ് - പൊതു മേഖലയിലും മറ്റ് സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ - തീം ക്രൂയിസ് വെസ്സലുകളുടെ നിർമ്മാണം (കേരള സംസ്ഥാന ഉൾനാടൻ ജലഗതാഗത കോർപ്പറേഷൻ ലിമിറ്റഡ്)

വിനോദസഞ്ചാരികൾക്ക് കടൽയാത്രയ്ക്ക് ഉതകുന്ന രീതിയിലുള്ള ക്രൂയിസ് വെസ്സലിന്റെ നിർമ്മാണത്തിന് ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 5.49 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 122)

സ്വീകരിച്ച നടപടി

നിലവിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. തീം ക്രൂയിസ് വെസ്സലിന്റെ നിർമ്മാണം പൂർത്തിയായിട്ടില്ലാത്തതിനാൽ പുതിയ തീം ക്രൂയിസ് വെസ്സലിന്റെ നിർമ്മാണം നടപ്പിലാക്കുകയുണ്ടായില്ല. ആയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(റഫറൻസ് നമ്പർ എ 1/910557/2016/സി.എസ്.ഐ.എൻ.ഡി., തീയതി 17-9-2018)

(കാലതാമസപത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

5056-00-190-91—ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധന ചെലവ് - പൊതുമേഖലയിലും മറ്റ് സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ - കൊച്ചിയിലെ ഉൾനാടൻ കനാലുകളുടെ വികസനം - പഠനവും വിശദമായ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കലും

കൊച്ചിയിലെ കനാലുകളുടെ വികസനത്തിനായി വിശദമായ പഠനം നടത്തുന്നതിനും രൂപരേഖ തയ്യാറാക്കുന്നതിനുമായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 99 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 123)

<u>സ്വീകരിച്ച നടപടി</u>

കൊച്ചിയിലെ കനാലുകളുടെ വികസനത്തിനായി വിശദമായ പഠനം നടത്തി രൂപരേഖ തയ്യാറാക്കുന്നതിനുമായി 'നാറ്റ്പാക്കിനെ' ചുമതലപ്പെടുത്തിയിട്ടുണ്ട്. പഠനം പൂർത്തിയാകാത്തതിനാൽ തുക ചെലവഴിക്കുകയുണ്ടായില്ല.

(റഫറൻസ് നമ്പർ എ 1/910557/2016/സി.എസ്.ഐ.എൻ.ഡി., തീയതി 17-9-2018)

(കാലതാമസപത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

5075-00-800-94—<u>മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധന ചെലവ് - മറ്റുള്ളവ - മറ്റുചെലവുകൾ - ഉൾനാടൻ ജലഗതാഗതം (സ്റ്റേറ്റാവിഷ്കൃതം) ഭരണവും നടത്തിപ്പും</u>

കനാലുകൾ, നടപ്പാലങ്ങൾ, ബോട്ടുജെട്ടികൾ എന്നിവ നിർമ്മിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും അതിർത്തി നിർണ്ണയിക്കുന്നതിനുമായി കൂടുതൽ തുക ആവശ്യമാകയാൽ ഈ ശീർഷകത്തിൽ 100 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 127)

<u>സ്വീകരിച്ച നടപടി</u>

2016-17 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ 10.98 കോടി രൂപ മാത്രമേ ചെലവായിട്ടുള്ളൂ എന്നതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(റഫറൻസ് നമ്പർ എ 1/910557/2016/സി.എസ്.ഐ.എൻ.ഡി., തീയതി 17-9-2018)

(കാലതാമസപത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

7055-00-190-99—<u>റോഡ് ഗതാഗതത്തിനുള്ള വായ്പകൾ - പൊതുമേഖലയും മറ്റ് സ്ഥാപനങ്ങൾക്കുമുള്ള വായ്പകൾ-കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുള്ള വായ്പകൾ</u>

പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിനായി ബഹു. മുഖ്യമന്ത്രി 22-12-2014-ന് വിളിച്ചുചേർത്ത യോഗത്തിൽ 2015 ഏപ്രിൽ 1 മുതൽ കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ വിതരണം സുഗമമായി നടത്തുന്നതിനായി പെൻഷൻ ഫണ്ട് രൂപീകരിക്കുമെന്നും ഇതിനായി പ്രതിമാസം പെൻഷനുവേണ്ടി വരുന്ന തുകയുടെ പകുതി എന്നാൽ 20 കോടിയിൽ കൂടാത്ത തുക സർക്കാർ വിഹിതമായി നോൺ പ്ലാൻ ഇനത്തിൽ നൽകുവാനും ബാക്കി കെ.എസ്.ആർ.ടി.സി. നൽകുവാനും തീരുമാനിക്കുകയുണ്ടായി. എന്നാൽ 22-12-2014-നു ശേഷം കൂടുതൽ ജീവനക്കാർ പെൻഷനാവുകയും ക്ഷാമാശ്വാസ കുടിശ്ശിക പെൻഷൻകാർക്ക് അനുവദിച്ചതുമൂലവും 2016 ജൂലൈ മാസത്തിൽ പെൻഷൻ ബാധ്യത 55 കോടിയിൽ എത്തിനിൽക്കുന്നതായും സമിതി വിലയിരുത്തുന്നു. 2017 മാർച്ച് മാസം വരെ പെൻഷൻ സുഗമമായി വിതരണം ചെയ്യണമെങ്കിൽ ആകെ 305 കോടി രൂപ അധികമായി ആവശ്യമാകയാൽ ഈ ശീർഷകത്തിൽ 205 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 130)

<u>സ്വീകരിച്ച നടപടി</u>

കെ.എസ്.ആർ.ടി.സി.-യുടെ പെൻഷൻ വിതരണം പ്രത്യക്ഷത്തിൽ സർക്കാർ ബാധ്യത അല്ലായെങ്കിലും, 2016-17 സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ വിതരണം സുഗമമായി നടക്കുന്നതിനായി 7055-00-190-99-കെ.എസ്.ആർ.ടി.സി.-യ്ക്കുള്ള വായ്പകൾ എന്ന നോൺ പ്ലാൻ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 180 കോടി രൂപയ്ക്കു പുറമേ 65 കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

(റഫറൻസ് നമ്പർ TRANS-A1/43/2017-TRANS, തീയതി 23-10-2017)

(കാലതാമസപത്രിക 22-3-2018-ന് സഭയിൽ സമർപ്പിച്ചു)

<u>പൊതു ശിപാർശ</u>

സർക്കാർ വിവിധ ജനവിഭാഗങ്ങൾക്ക് നൽകി വരുന്ന യാത്രാ സൗജന്യവും യാത്രാക്കൂലിയിലെ ഇളവുകളും കെ.എസ്.ആർ.ടി.സി.-യ്ക്ക് അമിത ബാധ്യത വരുത്തുന്നതായി സമിതി വിലയിരുത്തുകയും കെ.എസ്.ആർ.ടി.സി.-യെ നിലനിർത്തേണ്ടത് സർക്കാരിന്റെ ബാധ്യതയാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. ആയതിനാൽ ഈ ഇനത്തിൽ കെ.എസ്.ആർ.ടി.സി.-യ്ക്കുണ്ടാകുന്ന സാമ്പത്തിക ബാധ്യത സർക്കാർ ഏറ്റെടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 133)

<u>സ്വീകരിച്ച നടപടി</u>

സർക്കാർ വിവിധ ജനവിഭാഗങ്ങൾക്ക് നല്കി വരുന്ന യാത്രാ സൗജന്യവും യാത്രാക്കൂലിയിലെ ഇളവുകളും മൂലം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുന്ന ബാധ്യത നികത്തുന്നതിനും സ്ഥാപനത്തെ നിലനിർത്തുന്നതിനുമായി പ്ലാൻ, നോൺ പ്ലാൻ ഫണ്ട് മുഖേന, സാധ്യമായ സഹായം സർക്കാർ ലഭ്യമാക്കി വരുന്നുണ്ട്.

(റഫറൻസ് നമ്പർ TRANS-A1/43/2017-TRANS, തീയതി 23-10-2017)

(കാലതാമസപത്രിക 22-3-2018-ന് സഭയിൽ സമർപ്പിച്ചു)

## 24-4-2018-ലെ യോഗനിർദ്ദേശം

കുട്ടികളുടെ യാത്രാ സൗജന്യത്തിനാവശ്യമായ പണം വർഷാവർഷം കെ.എസ്.ആർ.ടി.സി.-യ്ക്ക് സർക്കാർ അനുവദിക്കണം.

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു. എന്നാൽ ടി ശിപാർശ അംഗീകരിക്കാൻ കഴിയുകയില്ല എന്ന് ധനകാര്യ വകുപ്പ് അറിയിച്ചതിനാൽ ഇക്കാര്യത്തിൽ മറ്റ് നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല.

## 2015-16 സാമ്പത്തിക വർഷത്തെ അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3319/സബ്.സി.എ 2/2015/നി.സെ.)

<u>ശിപാർശ</u>

2041-00-001-99—<u>വാഹന നികുതികൾ - നടത്തിപ്പും ഭരണവും - ഭരണ ചെലവുകൾ</u>

ഭരണ ചെലവുകൾക്കായി നടപ്പുസാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 04(1)—യാത്രാചെലവുകൾ-യാത്രാബത്ത

എന്ന ഉപശീർഷകത്തിൽ 4 ലക്ഷം രൂപയും 05(3)—ടെലിഫോൺ ചെലവിൽ 4 ലക്ഷം രൂപയും 05(4)—മറ്റിനങ്ങളിൽ 15 ലക്ഷം രൂപയും 06(17)—ചെറുകിട മരാമത്ത് പണികൾ എന്ന ഉപശീർഷകത്തിൽ 49 ലക്ഷം രൂപയും, ഹെഡ് ക്വാർട്ടേഴ്സിലെ മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 21(2)—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ഉപശീർഷകത്തിൽ 1 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

<u>സ്വീകരിച്ച നടപടി</u>

04(1)—യാത്രാചെലവുകൾ - യാത്രാബത്ത എന്ന ഉപശീർഷകത്തിൽ 15-3-2016-ലെ ഗവൺമെന്റ് ഉത്തരവ് നമ്പർ 2367/2016/ധന. പ്രകാരം 50,000 രൂപ അനുവദിച്ചിരുന്നു.

05(3)—ടെലിഫോൺ ചെലവിൽ നാല് ലക്ഷം രൂപയും

05(4)—മറ്റിനങ്ങളിൽ 15 ലക്ഷം രൂപയും അധികമായി വേണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നെങ്കിലും അധികമായി തുക അനുവദിച്ചിട്ടില്ല. ഈ ഇനങ്ങളിലെ ബഡ്ജറ്റ് തുക മുഴുവനായും ചെലവായി.

06(17)—ചെറുകിട മരാമത്ത് പണികൾ എന്ന ഉപശീർഷകത്തിൽ 15-3-2016-ലെ ഗവൺമെന്റ് ഉത്തരവ് നമ്പർ 2367/2016/ധന. പ്രകാരം 1,00,000 രൂപ അനുവദിച്ചിരുന്നു.

ഹെഡ് ഓഫീസിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 21(2) എന്ന ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി വേണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും അധികമായി തുക അനുവദിച്ചിട്ടില്ല.

റഫറൻസ് നമ്പർ 2061669/സി1/17/ഗതാഗതം, തീയതി 5-2-2018)

(കാലതാമസപത്രിക 22-3-2018-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

2041-00-102-99—<u>വാഹന നികുതികൾ - മോട്ടോർ വാഹനങ്ങളുടെ പരിശോധന</u>

മോട്ടോർ വാഹനങ്ങളുടെ പരിശോധനയ്ക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 04(1)—യാത്രാചെലവുകൾ-യാത്രാബത്ത എന്ന

ഉപശീർഷകത്തിൽ 1 ലക്ഷം രൂപയും 04(2)—സ്ഥലംമാറ്റ ബത്ത എന്ന ഉപശീർഷകത്തിൽ 50,00,000 രൂപയും, 06-വാടക, കരം, നികുതി എന്നീ ഇനത്തിൽ 20,00,000 രൂപയും 21(2)—മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ഉപശീർഷകത്തിൽ 23 ലക്ഷം രൂപയും, 45—പി.ഒ.എൽ. ഇനത്തിൽ 50 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക 2)

<u>സ്വീകരിച്ച നടപടി</u>

04(1)—യാത്രാചെലവുകൾ - യാത്രാ ബത്ത എന്ന ഉപശീർഷകത്തിൽ 15-3-2016-ലെ ഗവൺമെന്റ് ഉത്തരവ് നമ്പർ 2367/2016/ധന. പ്രകാരം 50,000 രൂപ അനുവദിച്ചിരുന്നു. എന്നാൽ 4(2) എന്ന ശീർഷകത്തിൽ, അധികതുക അനുവദിച്ചിട്ടില്ല. 06-വാടക, കരം, നികുതി എന്നീ ഇനത്തിൽ, 15-3-2016-ലെ ഗവൺമെന്റ് ഉത്തരവ് നമ്പർ 2367/2016/ധന. പ്രകാരം 20 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിച്ചിരുന്നു. ഈ ഇനത്തിലെ ബഡ്ജറ്റ് തുക മുഴുവനായും ചെലവായി.

21(2)—മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ഉപശീർഷകത്തിൽ, 15-3-2016-ലെ ഗവൺമെന്റ് ഉത്തരവ് നമ്പർ 2367/2016/ധന. പ്രകാരം 8 ലക്ഷം രൂപ അനുവദിച്ചിരുന്നു.

45-പി.ഒ.എൽ. ഇനത്തിൽ, 15-3-2016-ലെ ഗവൺമെന്റ് ഉത്തരവ് നമ്പർ 2367/2016/ധന. പ്രകാരം 3 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഈ ഇനത്തിലെ തുക മുഴുവനായും ചെലവായി.

(റഫറൻസ് നമ്പർ 2061669/സി1/17/ഗതാഗതം തീയതി 5-2-2018)

(കാലതാമസപത്രിക 22-3-2018-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

5055-00-800-91—<u>റോഡ് ഗതാഗതം സംബന്ധിച്ച മൂലധന ചെലവ് - മറ്റ് ചെലവുകൾ - റോഡ് സുരക്ഷാ ക്രമീകരണങ്ങൾ</u>

ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകൾ നിർമ്മിക്കൽ, ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തൽ, സ്പീഡ് ക്യാമറ സർവെയിലൻസ് സംവിധാനം, റോഡ് സുരക്ഷാ നടപടികൾ എന്നിവ നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 7.68 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 108)

<u>സ്വീകരിച്ച നടപടി</u>

2015-16 സാമ്പത്തിക വർഷത്തിൽ 5055-00-800-91 എന്ന ശീർഷകത്തിൽ അനുവദിച്ചിരുന്ന 25 കോടി രൂപയിൽ ആകെ 5,39,62,000 രൂപ മാത്രമാണ് ചെലവായത്. ബാക്കി തുകയായ 19,60,38,000 രൂപ ഗവൺമെന്റ് ട്രഷറിയിലേയ്ക്ക് സറണ്ടർ ചെയ്യുകയും ചെയ്തു. ടി പ്രോജക്ടുകൾക്ക് തുക പര്യാപ്തമായതിനാൽ സമിതി ശിപാർശ ചെയ്ത 7.68 കോടി രൂപ ആവശ്യമായി വന്നിട്ടില്ല.

(റഫറൻസ് നമ്പർ ബി3-84-2016-ഗതാ., തീയതി 27-12-2017)

(കാലതാമസപത്രിക 22-3-2018-ന് സഭയിൽ സമർപ്പിച്ചു)

## 2014-15 സാമ്പത്തിക വർഷത്തെ നാലാമത് റിപ്പോർട്ട്

(റഫറൻസ് നമ്പർ 3458/സബ്.സി.എ 2/2014/നി.സെ.)

<u>ശിപാർശ</u>

2041-00-001 -99—<u>വാഹന നികുതികൾ - നടത്തിപ്പും ഭരണവും - ഭരണ ചെലവുകൾ</u>

ഭരണച്ചെലവുകൾക്കായി നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 04(1)—യാത്രാച്ചെലവുകൾ - യാത്രാബത്ത എന്ന ഉപശീർഷകത്തിൽ 2.10 ലക്ഷം രൂപയും, 04(2)—യാത്രാച്ചെലവുകൾ സ്ഥലംമാറ്റ ബത്ത എന്ന ഉപശീർഷകത്തിൽ 1 ലക്ഷം രൂപയും, 06(17)—ചെറുകിട മരാമത്ത് പണികൾ എന്ന ഉപശീർഷകത്തിൽ 49 ലക്ഷം രൂപയും, ഹെഡ്ക്വാർട്ടേഴ്സിലെ മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 21(2)—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ഉപശീർഷകത്തിൽ 1,20,000 രൂപയും, 28—തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ എന്ന ഉപശീർഷകത്തിൽ 6.5 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

(ഖണ്ഡിക 1)

<u>സ്വീകരിച്ച നടപടി</u>

2041-00-001-99—വാഹന നികുതികൾ - നടത്തിപ്പും ഭരണവും-ഭരണച്ചെലവുകൾ എന്ന ശീർഷകത്തിൽ ഗവൺമെന്റ് ഉത്തരവ് നമ്പർ 6323/2014/fin. തീയതി 3-9-2014 പ്രകാരം 3,00,000 രൂപ അനുവദിച്ചിരുന്നു.

സ്ഥലമാറ്റ ബത്ത എന്ന ഉപശീർഷകത്തിൽ, ഗവൺമെന്റ് ഉത്തരവ് നമ്പർ 6323/2014/fin. തീയതി 3-9-2014 പ്രകാരം 60,000 രൂപ അനുവദിച്ചു.

17—ചെറുകിട മരാമത്തു പണികൾ എന്ന ശീർഷകത്തിൽ അധിക തുക ഒന്നും തന്നെ അനുവദിച്ചില്ല.

ഹെഡ് ഓഫീസിലെ മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 21(2) എന്ന ശീർഷകത്തിൽ 3-9-2014-ാം തീയതിയിലെ ഗവൺമെന്റ് ഉത്തരവ് നമ്പർ 6823/2014/fin. പ്രകാരം 1,00,000 രൂപ അനുവദിച്ചിരുന്നു.

28—തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ എന്ന ഉപശീർഷകത്തിൽ അധിക തുക ഒന്നും തന്നെ അനുവദിച്ചില്ല.

(റഫറൻസ് നമ്പർ ബി3-13820-2014-ഗതാ., തീയതി 6-2-2018)

(കാലതാമസപത്രിക 22-3-2018-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

2041-00-102-99—വാഹന നികുതികൾ - മോട്ടോർ വാഹനങ്ങളുടെ പരിശോധന

മോട്ടോർ വാഹനങ്ങളുടെ പരിശോധനയ്ക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 04(1)—യാത്രാച്ചെലവുകൾ-യാത്രാ ബത്ത എന്ന ഉപശീർഷകത്തിൽ 2 ലക്ഷം രൂപയും 04(2)—സ്ഥലം മാറ്റ ബത്ത എന്ന ഉപശീർഷകത്തിൽ 1 ലക്ഷം രൂപയും 21(2)—മോട്ടോർ വാഹനങ്ങൾ -സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ഉപശീർഷകത്തിൽ 20 ലക്ഷം രൂപയും 34 മറ്റ് ചെലവുകൾ എന്ന ശീർഷകത്തിൽ 1 ലക്ഷം രൂപയും 45 പി.ഒ.എൽ. ഇനത്തിൽ 50 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സ്വീകരിച്ച നടപടി

2014-15-ലെ ബഡ്ജറ്റിൽ നോൺ പ്ലാനിൽ ഉൾപ്പെട്ട 2041-00-102-99—വാഹന നികുതികൾ-മോട്ടോർ വാഹനങ്ങളുടെ പരിശോധന എന്ന ശീർഷകത്തിൽ 04(1)—യാത്രാ ചെലവുകൾ-യാത്രാബത്ത എന്ന ഉപശീർഷകത്തിൽ സർക്കാർ ഉത്തരവ് നമ്പർ 2367/16/ധന. തീയതി 15-3-2016 പ്രകാരം 1 ലക്ഷം രൂപയും 04(2)—ഉപശീർഷകത്തിൽ 80,000 രൂപയും അനുവദിച്ചിരുന്നു.

21(2)—മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ എന്ന ശീർഷകത്തിൽ സർക്കാർ ഉത്തരവ് 2367/16/ധന. തീയതി 15-3-2016 പ്രകാരം 14,00,000 രൂപ അനുവദിച്ചിരുന്നു. 34—മറ്റ് ചെലവുകൾ എന്ന ശീർഷകത്തിൽ അധിക തുക അനുവദിച്ചില്ല. 45—പി. ഒ. എൽ. എന്ന ശീർഷകത്തിൽ 15-3-2016-ലെ സർക്കാർ ഉത്തരവ് നമ്പർ 2367/16/ധന. പ്രകാരം

40,00,000 രൂപ അനുവദിച്ചിരുന്നു. ഈ തുക മുഴുവനായും ചെലവായി. കൂടാതെ ഉപധനാഭ്യർത്ഥനവഴി 40,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കുകയും ഇതിൽ നിന്നും 15,93,829 രൂപ സറണ്ടർ ചെയ്യുകയുമുണ്ടായി.

(റഫറൻസ് നമ്പർ ബി3-13820-2014-ഗതാ, തീയതി 6-2-2018)

(കാലതാമസപത്രിക 22-3-2018-ന് സഭയിൽ സമർപ്പിച്ചു)

## 2013-2014 സാമ്പത്തിക വർഷത്തെ മൂന്നാമത് റിപ്പോർട്ട്

(റഫറൻസ് നമ്പർ 2304/സബ്.സി.എ 2/2016/നി.സെ.)

### <u>ശിപാർശ</u>

3075-60-800-93—<u>ഇടുക്കി എയർപോർട്ടിനായുള്ള സാധ്യതാപഠനം</u>

നിർദ്ദിഷ്ട ഇടുക്കി വിമാനത്താവളത്തിനുള്ള സാധ്യതാപഠനവും ആയത് സ്ഥാപിക്കുന്നതിനുള്ള നടപടികളും കൈക്കൊള്ളുവാൻ കെ.എസ്.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തുകയും സാധ്യതാപഠനങ്ങൾക്കായി കൊച്ചിയിലെ ഐ.എഫ്.സി.ഐ. എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി തെരഞ്ഞെടുക്കുകയും പഠനം ആരംഭിക്കുകയും ചെയ്തതായി സമിതി മനസ്സിലാക്കുന്നു.

(ഖണ്ഡിക 147)

കൺസൾട്ടൻസി ഫീസിനത്തിൽ 130 ലക്ഷം രൂപയും, പബ്ലിക് റിലേഷൻസ് ആന്റ് സോഷ്യൽ മീഡിയ ക്യാമ്പിന് വേണ്ടി 20 ലക്ഷം രൂപയും സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരണത്തിനായി 100 ലക്ഷം രൂപയും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാഥമിക ചെലവുകൾക്കായി 100 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 350 ലക്ഷം രൂപ പ്രസ്തുത പദ്ധതിയുടെ സാധ്യതാപഠനങ്ങൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 2013-2014 വർഷം കെ.എസ്.ഐ.ഡി.സി.-ക്ക് ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 148)

നിർദ്ദിഷ്ട വയനാട് വിമാനത്താവളത്തിന്റെ സാധ്യതാപഠനവും ആയത് സ്ഥാപിക്കുന്നതിന് വേണ്ട നടപടികളും കൈക്കൊള്ളുന്നതിന് കെ.എസ്.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പത്രപ്പരസ്യത്തിലൂടെ കണ്ടെത്തിയ മുംബൈയിലുള്ള നൈറ്റ് ഫ്രാങ്കി ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡും, എയർപോർട്ട് പ്ലാനേഴ്സ് ആന്റ് ഡിസൈൻ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡും ചേർന്നുള്ള കൺസോർഷ്യത്തിനെ സാധ്യതാ പഠനം നടത്തുന്നതിന് കെ.എസ്.ഐ.ഡി.സി. ചുമതലപ്പെടുത്തുകയും ഇതോടൊപ്പം

വിമാനത്താവളത്തിനായുള്ള മാർക്കറ്റിംഗ് ക്യാമ്പിൽ, അനുയോജ്യമായ സ്ഥലം, നിക്ഷേപകർ തുടങ്ങിയവ കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു.

(ഖണ്ഡിക 149)

കൺസൾട്ടൻസി ഫീസിനത്തിൽ 73 ലക്ഷം രൂപയും പബ്ലിക് റിലേഷൻ ആന്റ് സോഷ്യൽ മീഡിയ ക്യാമ്പിന് വേണ്ടി 2 ലക്ഷം രൂപയും സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരണത്തിനുവേണ്ടി 1 കോടി രൂപയും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാഥമിക ചെലവുകൾക്കായി 1 കോടി രൂപയും ഇതര ചെലവുകൾക്കായി 7 ലക്ഷം രൂപയും ഉൾപ്പെടെ 3 കോടി രൂപ കെ.എസ്.ഐ.ഡി.സി.-യുടെ ചുമതലയിൽ നടത്തി വരുന്ന വയനാട് വിമാനത്താവളത്തിന്റെ സാധ്യതാ പഠനങ്ങൾക്കും നടപടികൾക്കുമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 150)

## 30-8-2016-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരം

ഇടുക്കി എയർപോർട്ടിനായുള്ള സാധ്യതാപഠനം എന്ന ശീർഷകത്തിൽ എല്ലാ ജില്ലകളിലും എയർപോർട്ടുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യതാപഠനം നടത്തുന്നതിന് ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തണമെന്ന് നിർദ്ദേശിച്ചു

### സ്വീകരിച്ച നടപടി

10-10-2012-ലെ സർക്കാർ ഉത്തരവ് ജി.ഒ. (എംഎസ്.) 87/2012/ഗതാ. പ്രകാരം ഇടുക്കി ജില്ലയിൽ എയർപോർട്ട് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാരിലെ വിവിധ മന്ത്രാലയങ്ങളും ഏജൻസികളുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കേണ്ടതിനായും ഒരു ഏജൻസി മുഖേന ടെക്നോ ഫീസിബിലിറ്റി സ്റ്റഡിക്കായും എൻവയോൺമെന്റ് ഇംപാക്റ്റ് അസ്സെസ്മെന്റിനായും, സ്റ്റഡി റിപ്പോർട്ട് ഗവൺമെന്റിന് നൽകണമെന്ന നിർദ്ദേശത്തോടെ കെ.എസ്.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തിയിരുന്നു. കെ.എസ്.ഐ.ഡി.സി. ന്യൂഡൽഹിയിലെ ഐ.എഫ്.സി.ഐ. ലിമിറ്റഡിനെ കൺസൾട്ടന്റായി തെരഞ്ഞെടുത്തിരുന്നു. ഇടുക്കി ജില്ലയിലെ അണക്കരയിൽ എയർപോർട്ട് സ്ഥാപിക്കുന്നതിന് ചില വ്യവസ്ഥകൾക്ക് വിധേയമായി കേന്ദ്ര സർക്കാർ എൻ.ഒ.സി. നൽകിയിരുന്നു. സാധ്യതാപഠനത്തിന്റെ ഭാഗമായി ഐ.എഫ്.സി.ഐ. ലിമിറ്റഡ് 2013 ഏപ്രിലിൽ ഒരു ഇൻസ്പെക്ഷൻ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. തുടർന്ന് ഐ.എഫ്.സി.ഐ. ടീം അംഗങ്ങൾ സർവ്വേ നടത്തുവാനായി പദ്ധതിയുടെ നിർദ്ദിഷ്ട സ്ഥലം സന്ദർശിക്കുകയുണ്ടായി. എന്നാൽ പദ്ധതി മുന്നോട്ടുപോകുവാൻ സൗകര്യമൊരുക്കുന്നതിന് ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരുമായി വിവിധ ചർച്ചകൾ നടന്നുവെങ്കിലും സമവായത്തിൽ എത്താൻ സാധിക്കാതിരുന്നതിനാൽ സർവ്വേ നടത്താനും

ശാസ്ത്ര സാങ്കേതിക പഠനം പൂർത്തിയാക്കാനും ഐ.എഫ്.സി.ഐ. ലിമിറ്റഡിന് സാധിച്ചില്ല. പിന്നീട് 2-6-2014-ലെ ജി.ഒ.(ആർറ്റി.) നമ്പർ 241/2014/ഗതാ. നമ്പർ ഉത്തരവ് പ്രകാരം ഇടുക്കി വയനാട് ജില്ലകളിൽ സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്ന എയർപോർട്ടുകൾക്കായുള്ള സാധ്യതാപഠനം വിലക്കികൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

എന്നാൽ 15-12-2017-ലെ സ.ഉ.(കൈ.) നമ്പർ 85/2017/ഗതാ. ഉത്തരവ് പ്രകാരം ഗുരുവായൂർ, കൽപ്പറ്റ, പാലക്കാട്, മൂന്നാർ, തേക്കടി, ആലപ്പുഴ ബീച്ച്, കൊല്ലം ആശ്രാമം മൈതാനം, വർക്കല, കുമരകം എന്നീ 9 ടൂറിസ്റ്റ് സ്ഥലങ്ങളിൽ ഹെലിപാഡ്/എയർ സ്ട്രിപ്പ് സ്ഥാപിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തുന്നതിനുള്ള ചുമതല കൊച്ചി അന്താരാഷ്ട്ര ലിമിറ്റഡിനെ തെരഞ്ഞെടുത്ത് ഉത്തരവായി. തുടർന്ന് 20-2-2018-ലെ സ.ഉ.(കൈ.) നമ്പർ 16/2018/ഗതാ. ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയും ഉത്തരവാകുകയുണ്ടായി. കൂടാതെ 3075-60-800-93 ഇടുക്കി എയർപോർട്ടിനായുള്ള സാധ്യതാപഠനം എന്ന ശീർഷകത്തിൽ 41.43 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സാധ്യതാപഠനം നടത്തുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

(റഫറൻസ് നമ്പർ 26/ഡി2/2017/ഗതാ. തീയതി 25-7-2018)

<u>അദ്ധ്യായം - VII</u>

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ

2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പ്രത്യേക റിപ്പോർട്ടുകൾ ഒന്നും സമർപ്പിച്ചില്ല.

## 2019-2020 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന

28-2-2019, 6-3-2019 എന്നീ തീയതികളിൽ യോഗം ചേർന്ന് സമിതി 2019-2020 സാമ്പത്തിക വർഷത്തെ IX, XV, XL, XLI എന്നീ ധനാഭ്യർത്ഥനകളിന്മേൽ സൂക്ഷ്മ പരിശോധന നടത്തുകയും ശിപാർശകൾ നൽകുകയും ചെയ്തു. 20-3-2019-ലെ യോഗത്തിൽ പ്രസ്തുത ശിപാർശകളടങ്ങിയ കരട് റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ജി. സുധാകരൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി V.*

തിരുവനന്തപുരം,
2019 ജൂൺ 27.

<u>അനുബന്ധം</u>

## 24-4-2018-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2018 ഏപ്രിൽ 24-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '5-ഡി' സമ്മേളന ഹാളിൽ ബഹു. സമിതി ചെയർമാനും പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുമായ ശ്രീ. ജി. സുധാകരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. വി. അബ്ദുറഹിമാൻ, എം.എൽ.എ.
2. ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.
3. ശ്രീ. കെ. മുരളീധരൻ, എം.എൽ.എ.
4. ശ്രീ. ഒ. രാജഗോപാൽ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത വകുപ്പ്
2. ശ്രീ. ജി. കമലവർദ്ധന റാവു, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
3. ശ്രീ. കെ. പത്മകുമാർ, ട്രാൻസ്പോർട്ട് കമ്മീഷണർ, ഗതാഗത വകുപ്പ്
4. ശ്രീമതി എസ്. മാലതി, അഡീഷണൽ സെക്രട്ടറി, ഗതാഗത വകുപ്പ്
5. ശ്രീ. രാജീവ് പുത്തലത്ത്, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ, ഗതാഗത വകുപ്പ്
6. ശ്രീമതി ജെസ്സി ജോർജ്, ജോയിന്റ് സെക്രട്ടറി, തുറമുഖ വകുപ്പ്
7. ശ്രീ. എം. എൻ. ജീവരാജ്, ചീഫ് എഞ്ചിനീയർ (റോഡ്സ് ആന്റ് ബ്രിഡ്ജസ്), പൊതുമരാമത്ത് വകുപ്പ്
8. ശ്രീമതി എൽ. ബീന, ഡയറക്ടർ (ഡിസൈൻസ്), ചീഫ് എഞ്ചിനീയറുടെ കാര്യാലയം, പൊതുമരാമത്ത് വകുപ്പ്

9. ശ്രീ. എം. കെ. ഐസക് കുട്ടി, ഫിനാൻഷ്യൽ അഡ്വൈസർ, ചീഫ് അക്കൗണ്ട്സ് ഓഫീസർ, കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

10. ശ്രീ. കെ. മുരളീധരൻ, അക്കൗണ്ട്സ് ഓഫീസർ, കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

11. ശ്രീ. എസ്. എസ്. സന്തോഷ്, സീനിയർ ഫിനാൻസ് ഓഫീസർ, ഗതാഗത വകുപ്പ്.

സമിതി, താഴെപ്പറയുന്ന വിഷയങ്ങൾ പരിഗണിക്കുകയും ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു:

1. അപകടാവസ്ഥയിലായ പാലങ്ങളുടെയും, കലുങ്കുകളുടെയും കാലപ്പഴക്കം, പുനരുദ്ധാരണത്തിനായുള്ള നടപടികൾ എന്നിവയെ സംബന്ധിച്ച പഠനം

പരിശോധന നടത്തിയ 2529 പാലങ്ങളിൽ അറ്റകുറ്റപ്പണികൾ ആവശ്യമില്ലാത്തത് 633 എണ്ണവും പുനർനിർമ്മാണം ആവശ്യമുള്ളത് 162 എണ്ണവും പുനർനിർമ്മാണമോ, പുനരുദ്ധാരണമോ ആവശ്യമുണ്ടോയെന്ന് സ്ഥിരീകരിക്കാനുള്ളത് 208 എണ്ണവും സാധാരണ അറ്റകുറ്റപ്പണികൾ ആവശ്യമുള്ളത് 1433 എണ്ണവും പുനർനിർമ്മിക്കേണ്ടതിൽ ഭരണാനുമതി ലഭിച്ചത് 12 എണ്ണവും പുനർനിർമ്മിക്കേണ്ടതിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയത് 18 എണ്ണവും ഭരണാനുമതിക്കായി എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചിട്ടുള്ളത് 10 എണ്ണവും പ്രവൃത്തി ആരംഭിച്ചിട്ടുള്ളത് 2 എണ്ണവുമാണെന്ന് ബഹു. ചെയർമാൻ സമിതിയെ അറിയിച്ചു.

വള്ളക്കടവ് പാലം അപകടാവസ്ഥയിലാണെന്ന പത്രവാർത്തയെ കുറിച്ച് സമിതി ആരാഞ്ഞതിന് ടി പാലം അപകടാവസ്ഥയിലാണെന്ന് നേരത്തെ കണ്ടെത്തിയതനുസരിച്ച് പാലത്തിലൂടെയുള്ള വാഹനഗതാഗതത്തിന് നിയന്ത്രണം ഏർപ്പെടുത്താൻ പത്രത്തിൽ പരസ്യം കൊടുക്കുകയും പ്രസ്തുത സ്ഥലത്ത് ബോർഡ് സ്ഥാപിക്കുകയും ചെയ്തുവെങ്കിലും നാട്ടുകാരുടെ എതിർപ്പുമൂലം കളക്ടർ തലത്തിൽ സർവ്വകക്ഷി യോഗം വിളിക്കുകയും, ശാസ്ത്രീയ പഠനം നടത്തണമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പഠനം നടത്തി പാലം അപകടാവസ്ഥയിലാണെന്ന് റിപ്പോർട്ട് ചെയ്തതായും ബാംഗ്ലൂരിൽനിന്നുള്ള ഒരു ഏജൻസിയാണ് പ്രസ്തുത പാലം നിർമ്മാണത്തിന്റെ ശാസ്ത്രീയ പരിശോധന നടത്തിയതെന്നും പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചു.

പാലം നിർമ്മാണത്തിനായുള്ള ലാൻഡ് അക്വിസിഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും പാലം പുതുക്കിപ്പണിയുവാൻ ഗവൺമെന്റിന് തീരുമാനിക്കാമെന്ന് കോടതി വിധി വന്ന സാഹചര്യത്തിൽ പുതുക്കിപ്പണിയാൻ തീരുമാനമെടുത്തെങ്കിലും ഇപ്പോൾ നാട്ടുകാർ പരാതി കൊടുത്തിരിക്കുകയാണെന്നും പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചു.

കോടതി വിധിയുള്ളപ്പോൾ സർക്കാർ തീരുമാനത്തെ നാട്ടുകാർ എതിർക്കേണ്ട ആവശ്യമില്ലെന്ന് അഭിപ്രായപ്പെട്ട സമിതി ആറ് മാസം മുമ്പ് പണി ആരംഭിക്കേണ്ട തായിരുന്നുവെന്നും പുതിയ ടെക്നോളജി ഉപയോഗിച്ച് പാലം നിലനിർത്തുകയോ പുതുക്കിപ്പണിയുകയോ ചെയ്യണമെന്നും ആവശ്യപ്പെട്ടു.

പാലം പുതുക്കിപ്പണിയണമെന്നാണ് സമിതിയുടെ അഭിപ്രായമെന്നും അതിന് ആവശ്യമായ സംരക്ഷണം നൽകാൻ പോലീസിനോട് ആവശ്യപ്പെടുവാനും പാലം. പണിയുന്നതിന് പ്രസ്തുത സ്ഥലത്തെ ജനപ്രതിനിധികളിൽനിന്നും പോലീസിൽനിന്നും സംരക്ഷണം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സബ്ജക്ട് കമ്മിറ്റിയുടെ തീരുമാനംകൂടി ഉൾപ്പെടുത്തിയ റിപ്പോർട്ട് ബഹു. കോടതി ആവശ്യപ്പെടുന്നതിനുമുമ്പുതന്നെ നൽകണമെന്നും സമിതി നിർദ്ദേശിച്ചു പണി ആരംഭിക്കുമ്പോൾ അതിന് തടസ്സം നിൽക്കുന്നവരിൽനിന്നും സംരക്ഷണം നൽകുന്നതിനായി പോലീസിന് നിർദ്ദേശം നൽകണ മെന്ന് കോടതിയോട് അഭ്യർത്ഥിക്കണമെന്നും ജനപ്രതിനിധികളുടെ സഹകരണത്തോടെ പണി മുന്നോട്ട് കൊണ്ടുപോകണമെന്നും സമിതി നിർദ്ദേശിച്ചു.

പുനർനിർമ്മിക്കാനുള്ള 162 പാലങ്ങൾ അടിയന്തരമായി പുനർനിർമ്മിക്കാനും അതിനുള്ള സാങ്കേതികാനുമതിയും ഭരണാനുമതിയും നൽകാൻ ബന്ധപ്പെട്ട വകുപ്പുകളോട് ആവശ്യപ്പെടുവാനും സമിതി നിർദ്ദേശിച്ചു.

തിരുവനന്തപുരം ജില്ലയിലെ വട്ടിയൂർക്കാവിനെയും കാട്ടാക്കടയെയും ബന്ധിപ്പിക്കുന്ന കുലശേഖരം പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാൻ സമിതി ആവശ്യപ്പെടുകയും കുലശേഖരം പാലത്തിന്റെ നിർമ്മാണ പുരോഗതിയെക്കുറിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നതാണെന്ന് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിക്കുകയും ചെയ്തു.

കുലശേഖരം പാലത്തിന്റെ നിർമ്മാണം, റിപ്പോർട്ടിൽ പറഞ്ഞ 208 പാലങ്ങളുടെ പുനർ നിർമ്മാണം, പുനരുദ്ധാരണം എന്നിവയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു കൂടാതെ 1433 പാലങ്ങളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി ജില്ലാടിസ്ഥാനത്തിൽ നടത്തുന്നതിന് നടപടിയെടുക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

115 വർഷത്തിന്മേൽ പഴക്കമുള്ള കുണ്ടമൺകടവ് പാലം അറ്റകുറ്റപ്പണികൾ നടത്തി നിലനിർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

2. 2014-2015 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 1, 2 എന്നീ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 3458/സബ്.സി.എ 2/14/നി.സെ.)

3. 2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 1, 2 എന്നീ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 3319/സബ്.സി/എ 2/15/നി.സെ.)

2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 108-ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതി ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കുകൾ നിർമ്മിക്കൽ, ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തൽ, സ്പീഡ് ക്യാമറ സർവൈലൻസ് സംവിധാനം, റോഡ് സുരക്ഷ എന്നിവയ്ക്കായി അനുവദിച്ച 25 കോടി രൂപയിൽ 19,60,38,000 രൂപ സുരക്ഷയ്ക്ക് ആവശ്യമായ സംവിധാനങ്ങൾ നടപ്പിലാക്കാതെ സറണ്ടർ ചെയ്തത് സംബന്ധിച്ച് ആരാഞ്ഞു. പ്രസ്തുത പ്രോജക്ടിനായി സ്ഥലം അനുവദിച്ച് കിട്ടുന്നതിൽ കാലതാമസം നേരിട്ടിരുന്നുവെന്നും ജി.പി.എസ്. സംവിധാനത്തിനുള്ള പ്രോജക്ട് ഫൈനലൈസ് ചെയ്യുകയും കൺട്രോൾ റൂം തയ്യാറാക്കുകയും ചെയ്തിട്ടുണ്ടെന്നും ഗതാഗത വകുപ്പ് കമ്മീഷണർ അറിയിച്ചു.

നിലവിലുള്ള നാഷണൽ ഹൈവേയിലോ സ്റ്റേറ്റ് ഹൈവേയിലോ ഏർപ്പെടുത്തേണ്ട സുരക്ഷാ സംവിധാനത്തിനും മറ്റ് അനുബന്ധ സൗകര്യങ്ങൾക്കുമായി അനുവദിച്ച തുക വിനിയോഗിക്കാത്തത് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട സമിതി, സംസ്ഥാന/ജില്ലാതലങ്ങളിൽ കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും റോഡ് സുരക്ഷാ ക്രമീകരണങ്ങൾ മൊത്തത്തിൽ പരാജയപ്പെട്ടിരിക്കുകയാണെന്നും ബഹുജന പങ്കാളിത്തത്തോടെ മാത്രമേ സുരക്ഷാ സംവിധാനം ഏർപ്പെടുത്താൻ സാധിക്കുകയുള്ളുവെന്നും ചൂണ്ടിക്കാണിക്കുകയും ചെയ്തു.

ക്യാമറ സ്ഥാപിക്കുവാൻ റോഡ് സേഫ്റ്റി അതോറിറ്റിക്ക് പണം അനുവദിച്ചിട്ട് 6 മാസമായെങ്കിലും ഇതുവരെ സ്ഥാപിച്ചിട്ടില്ലെന്നും അതോറിറ്റി സ്വതന്ത്ര സ്ഥാപനത്തെ പ്പോലെയാണ് പ്രവർത്തിക്കുന്നതെന്നും സമിതി വിലയിരുത്തി. അതോറിറ്റിയുടെ റോഡ് സുരക്ഷാ സംവിധാനങ്ങളെക്കുറിച്ചും 2015-2016 സാമ്പത്തിക വർഷം റോഡ് സുരക്ഷയ്ക്കായി അനുവദിച്ച 25 കോടി രൂപയിൽ 19,60,38,000 രൂപ തിരിച്ചടച്ചത് സംബന്ധിച്ചും വിശദീകരണം നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ലാസ് ഫോർ ജീവനക്കാർക്ക് പ്രൊമോഷൻ കൊടുത്തതുമായി ബന്ധപ്പെട്ട റിപ്പോർട്ട് ഗതാഗത വകുപ്പിനോട് സമിതി ആവശ്യപ്പെട്ടു.

നിയമവകുപ്പിൽ നിന്നും അഭിപ്രായം ആരാഞ്ഞതിനുശേഷം വിശദീകരണം നൽകുന്നതാണെന്ന് ഗതാഗതവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

സ്റ്റാറ്റ്യൂട്ടിന് എതിരായി ചെയ്ത കാര്യമാണെന്ന് കോടതി പറയുകയും സമിതി കണ്ടെത്തുകയും ചെയ്ത ഫയൽ നിയമവകുപ്പിൽ പോകുന്നത് സാധാരണയാണെന്ന് അഭിപ്രായപ്പെട്ട സമിതി നിയമ വകുപ്പിൽ പോയ ഫയൽ തിരികെ ലഭ്യമാക്കുവാൻ കാലതാമസം നേരിട്ടതിന്റെ കാരണം പരിശോധിക്കുവാൻ നിർദ്ദേശിച്ചു. ഇതുസംബന്ധിച്ച വിഷയം കോംപിറ്റന്റ് അതോറിറ്റിയായ സ്റ്റേറ്റ് വിജിലൻസ് വകുപ്പ് അന്വേഷണം നടത്തി റിപ്പോർട്ട് സമിതിയ്ക്ക് നൽകണമെന്നും ഇതിനുത്തരവാദിയായവരെ പൂർവ്വകാല പ്രാബല്യത്തോടെ ശിക്ഷിക്കണമെന്നും അവർ ശമ്പളം വാങ്ങിയിട്ടുണ്ടെങ്കിൽ അനധികൃതമായി കൈപ്പറ്റിയ തുക തിരിച്ചടയ്ക്കുകയും ചെയ്യണമെന്നും സമിതി നിർദ്ദേശിച്ചു.

നോട്ടിഫിക്കേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് നിയമവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞശേഷം ക്യാബിനറ്റിൽ വയ്ക്കാനാണ് തീരുമാനിച്ചിരുന്നതെന്ന് ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു.

ഒരു അജണ്ട മുഖ്യമന്ത്രിക്ക് ലഭിച്ചാൽ അദ്ദേഹം അത് ധനകാര്യ വകുപ്പിന് അയയ്ക്കുകയും അതിനുശേഷം അത് നിയമവകുപ്പിന്റെ പരിഗണനയ്ക്ക് പോകുകയും അവസാനം ക്യാബിനറ്റിൽ വയ്ക്കുന്നതാണ് നടപടിക്രമം. അതിനായി പരമാവധി നാലോ അഞ്ചോ ദിവസം മതിയെന്നും നിയമവകുപ്പിൽ അയച്ച ഫയലിന്മേൽ കാലതാമസം വരുത്തിയത് സംബന്ധിച്ചും ഈ വിഷയത്തിന്മേൽ നിയമവകുപ്പ് സെക്രട്ടറിയുടെ അഭിപ്രായം സംബന്ധിച്ചുമുള്ള മറുപടി രണ്ടാഴ്ചയ്ക്കകം നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

നിയമവകുപ്പിന് ഫയൽ അയച്ചതായി അറിയാമെന്നും പ്രസ്തുത വിഷയം നിയമപരമല്ലാത്തതുകൊണ്ട് സബ്ജക്ട് കമ്മിറ്റിക്ക് വരുന്നതിനുമുമ്പ് ഓർഡർ ക്യാൻസൽ ചെയ്യാൻ നൽകിയിരുന്നതായും പഴയ നോട്ടിഫിക്കേഷൻ ക്യാൻസൽ ചെയ്തുകൊണ്ടുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതുണ്ടെന്നും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

4. 2016-2017 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ 116, 117, 130, 133 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിച്ച സമിതി ശിപാർശ നമ്പർ 116, 130 എന്നിവ അംഗീകരിച്ചു. ശിപാർശ നമ്പർ 133-ൽ പറയുന്ന 'സർക്കാർ വിവിധ ജനവിഭാഗങ്ങൾക്ക് നൽകിവരുന്ന യാത്രാസൗജന്യവും യാത്രാക്കൂലിയിലെ ഇളവുകളുംമൂലം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുന്ന ബാധ്യത നികത്തുന്നതിനും സ്ഥാപനത്തെ നിലനിർത്തുന്നതിനുമായി പ്ലാൻ, നോൺ പ്ലാൻ ഫണ്ട് സാധ്യമായ സഹായം സർക്കാർ ലഭ്യമാക്കി വരുന്നുണ്ട് ' എന്നു പറയുമ്പോൾ യാത്രാസൗജന്യം ലഭിക്കുന്ന കുട്ടികളുടെയും ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവരുടെയും എം.എൽ.എ., എക്സ്-എം.എൽ.എ. എന്നിവരുടെയും കൃത്യമായ കണക്കുണ്ടെങ്കിൽ മാത്രമേ സഹായം കൊടുക്കാൻ കഴിയുകയുള്ളൂ വെന്നും സമിതി അഭിപ്രായപ്പെട്ടു.

കൺസെഷൻ ഇനത്തിൽ മാത്രം കഴിഞ്ഞ വർഷം 218 കോടി രൂപയാണ് ചെലവായതെന്നും പ്രസ്തുത ഇനത്തിൽ ചെലവഴിച്ച തുക ഗ്രാന്റായി കെ.എസ്.ആർ.ടി.സി.-ക്ക് നൽകാൻ സർക്കാർ സമ്മതിക്കുകയും ഓരോ വർഷവും കൊടുക്കേണ്ട തുക (അടുത്ത അഞ്ച് വർഷത്തേയ്ക്ക്) തിട്ടപ്പെടുത്തി ധനകാര്യ വകുപ്പ് അപ്രൂവ് ചെയ്ത് ലഭ്യമാക്കിയിട്ടുണ്ടെന്നും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു

കുട്ടികൾക്ക് യാത്രാസൗജന്യം നൽകുന്നതുമായി ബന്ധപ്പെട്ട ബാധ്യത വഹിക്കേണ്ടത് സർക്കാരാണെന്നും അത് കെ. എസ്. ആർ. ടി. സി. വഹിക്കേണ്ട കാര്യമില്ലെന്നും അഭിപ്രായപ്പെട്ട സമിതി യാത്രാസൗജന്യം കൊടുക്കുന്ന കുട്ടികളുടെ കൃത്യമായ കണക്ക് തിട്ടപ്പെടുത്തി സർക്കാരിൽ ലഭ്യമാക്കുകയാണെങ്കിൽ കെ. എസ്. ആർ. ടി. സി.-ക്ക് ബാധ്യതയുണ്ടാകില്ലെന്നും ആയതിന് ആവശ്യമായ തുക സർക്കാർ അനുവദിച്ചുകൊടുത്താൽ ഇതിന് പരിഹാരം ഉണ്ടാകുമെന്നും ചൂണ്ടിക്കാണിച്ചു

യാത്രാസൗജന്യത്തിനാവശ്യമായ തുക പൂർവ്വകാല പ്രാബല്യത്തോടുകൂടി കെ.എസ്.ആർ.ടി.സി.-ക്ക് കൊടുക്കുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനമെടുക്കുകയും ആയതിന് ആവശ്യമായ തുക എല്ലാ സ്കൂൾ വർഷാവസാനവും അഡ്വാൻസായി അടയ്ക്കാനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുകയും പണം അടച്ചാൽ മാത്രമേ സൗജന്യനിരക്ക് അനുവദിക്കുകയുള്ളൂവെന്ന നിലപാട് കെ.എസ്.ആർ.ടി.സി സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി ആവശ്യപ്പെട്ടു. കൺസെഷന് ആവശ്യമായ പണം വർഷാവർഷം കെ.എസ്.ആർ.ടി.സി.-യ്ക്ക് സർക്കാർ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിക്കുകയും ശിപാർശ നമ്പർ 133-ലെ നടപടി സ്റ്റേറ്റ്മെന്റ് അംഗീകരിക്കുകയും ചെയ്തു.

ശിപാർശ നമ്പർ 117 പരിഗണിച്ച സമിതി കെ. എസ്. ആർ. ടി. സി. മുൻകയ്യെടുത്ത് കോഴിക്കോട്ടും തിരുവനന്തപുരത്തും സി. എൻ. ജി. പമ്പുകൾ സ്ഥാപിക്കുന്നതിനെക്കുറിച്ചും അതിന്റെ കാര്യക്ഷമതയെക്കുറിച്ചും ചർച്ച ചെയ്തു. എൽ.എൻ.ജി. ടെർമിനൽ കൊച്ചിയിൽ വരുന്നതുകൊണ്ട് സി. എൻ. ജി. പമ്പുകൾ സ്ഥാപിക്കുന്നതിനേക്കാൾ എൽ. എൻ. ജി. പമ്പുകൾ സ്ഥാപിക്കുന്നതാണ് ലാഭകരമെന്ന് പ്രിൻസിപ്പൽ സെക്രട്ടറി ഗതാഗത വകുപ്പ് അഭിപ്രായപ്പെട്ടു. ഒറ്റ ഫില്ലിംഗിൽത്തന്നെ അഞ്ഞൂറ് കിലോമീറ്ററോളം വാഹനം ഓടിക്കാൻ കഴിയുമെന്നും എൽ. എൻ. ജി.-യുടെ ഡിസ്പെൻസിംഗ് യൂണിറ്റിനുള്ള നോട്ടിഫിക്കേഷൻ കേന്ദ്രസർക്കാർ പുറപ്പെടുവിക്കാത്തത് കൊണ്ടും ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിന് പെർമിറ്റ് നൽകാത്തതുകൊണ്ടും ഇന്ധനവുമായി ബന്ധപ്പെട്ട് ചില വിഷയങ്ങളിന്മേൽ നിയമപരമായി തീരുമാനമെടുക്കേണ്ടതുകൊണ്ടുമാണ് കാലതാമസമുണ്ടാകുന്നതെന്നും തിരുവനന്തപുരം ജില്ലയിലെ ആനയറയിൽ എൽ. എൻ. ജി. പമ്പ് ആരംഭിക്കുന്നതിന് അനുവാദം കൊടുത്തിട്ടുണ്ടെന്നും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു

കെ.എസ്.ആർ.ടി.സി. മുൻകയ്യെടുത്ത് പ്രധാനപ്പെട്ട എല്ലാ നഗരങ്ങളിലും സി.എൻ.ജി. പമ്പ് ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

5. തുറമുഖ വകുപ്പിലെ ടെക്നിക്കൽ വിഭാഗം ജീവനക്കാരെക്കൂടി കേരള പോർട്ട് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട കരട് ഭേദഗതി ചട്ടം ലഭ്യമാക്കുന്നത് സംബന്ധിച്ച്

(ഫയൽ നമ്പർ 4353/സബ്.സി.എ 2/15/നി.സെ.)

പ്രസ്തുത വിഷയം സംബന്ധിച്ച് 18-11-2016-ൽ തുറമുഖ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സംഘടനാ പ്രതിനിധികളും ഉദ്യോഗസ്ഥരുമായി യോഗം ചേരുകയും പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കേണ്ടതിനാൽ വീണ്ടുമൊരു യോഗം സംഘടിപ്പിക്കുമെന്നുള്ളതിനാൽ അന്നത്തെ യോഗത്തിന്റെ നടപടിക്കുറിപ്പ് തയ്യാറാക്കി യിരുന്നില്ലായെന്ന് ജോയിന്റ് സെക്രട്ടറി തുറമുഖ വകുപ്പ് അറിയിച്ചു. സർവ്വീസ് സംഘടനകൾ നിർദ്ദേശമൊന്നും സമർപ്പിച്ചിട്ടില്ലാത്തതിനാൽ കരട് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കാൻ ഡി.ഒ.പി. അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് 15-11-2017-ന് സർക്കാരിൽ സമർപ്പിച്ചുവെന്നും തുറമുഖ വകുപ്പ് ഡയറക്ടറിൽ നിന്നും 15-11-2017-ൽ സർക്കാരിന് ലഭിച്ച കരട് സ്പെഷ്യൽ റൂൾസിൽ പ്രധാനപ്പെട്ട ഭേദഗതി കളൊന്നുമില്ലാത്തതിനാൽ 28-2-2018-ന് ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പിന് സൂക്ഷ്മനടപടിയ്ക്കായി നൽകുകയും എന്നാൽ 18-11-2016-ൽ നടന്ന ആദ്യ യോഗത്തിന്റെ നടപടിക്കുറിപ്പ് ആവശ്യപ്പെട്ടുകൊണ്ട് ഭരണപരിഷ്കാര വകുപ്പ് ഫയൽ 17-3-2018-ന് മടക്കിയതായും തുറമുഖ വകുപ്പ് ജോയിന്റ് സെക്രട്ടറി വിശദീകരിച്ചു.

പ്രസ്തുത വിഷയം അടുത്ത യോഗത്തിൽ പരിഗണിക്കുവാൻ സമിതി തീരുമാനിച്ചു.

6. കെ.എസ്.ആർ.ടി.സി.-യുടെ കൈവശമുള്ള പട്ടയമില്ലാത്ത ഭൂമിക്ക് പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന 2009-10-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ പൊതുശിപാർശകളിന്മേലുള്ള തുടർനടപടികൾ സംബന്ധിച്ച്

(ഫയൽ നമ്പർ 2574/സബ്.സി.എ 2/12/നി.സെ.)

പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് സമിതിയ്ക്ക് സമർപ്പിക്കുവാനും ബസ് സ്റ്റേഷനുകളുടേയും പട്ടയങ്ങളുടേയും വിശദാംശങ്ങൾ ക്യാബിനറ്റിൽ ഒരു ഐറ്റമായി കൊണ്ടുവരാനും സമിതി നിർദ്ദേശിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.

## 23-5-2018-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി V, 2018 മേയ് 23-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 ബി' സമ്മേളന ഹാളിൽ ബഹു. സമിതി ചെയർമാൻ പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ, സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും, ബഹു. ഗതാഗതവകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രനും താഴെപ്പറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു :

1. ശ്രീ. ജോൺ ഫെർണാണ്ടസ്, എം. എൽ.എ.
2. ശ്രീ. കെ. മുരളീധരൻ, എം. എൽ. എ.
3. ശ്രീ. ഒ. രാജഗോപാൽ, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത വകുപ്പ്
2. ശ്രീ. കെ. പത്മകുമാർ, ട്രാൻസ്പോർട്ട് കമ്മീഷണർ, ഗതാഗത വകുപ്പ്
3. ശ്രീ. നിതിൻ അഗർവാൾ, റോഡ് സേഫ്റ്റി കമ്മീഷണർ, കേരള റോഡ് സുരക്ഷാ അതോറിറ്റി
4. ശ്രീമതി എസ്. മാലതി, അഡീഷണൽ സെക്രട്ടറി, ഗതാഗത വകുപ്പ്
5. ശ്രീ. അജിത് പാട്ടീൽ, അഡീഷണൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
6. ശ്രീ. എം. എൻ. ജീവരാജ്, ചീഫ് എഞ്ചിനീയർ, (റോഡ്സ് ആന്റ് ബ്രിഡ്ജസ്), പൊതുമരാമത്ത് വകുപ്പ്
7. ശ്രീ. രാജീവ് പുത്തലത്ത്, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ, ഗതാഗത വകുപ്പ്.
8. ശ്രീ. പി. ടി. ഗിരീശൻ, ഡെപ്യൂട്ടി സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
9. ശ്രീ. പി. ടി. ജോയ്, ഡെപ്യൂട്ടി സെക്രട്ടറി, തുറമുഖ വകുപ്പ്
10. ശ്രീ. എൻ. ഗോപാലകൃഷ്ണൻ, അണ്ടർ സെക്രട്ടറി, ഗതാഗത വകുപ്പ്

11. ശ്രീ. എൻ. ടി. അനിൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള റോഡ് സേഫ്റ്റി സെൽ, പൊതുമരാമത്ത് വകുപ്പ്

12. ശ്രീ. ലൂയിസ്. എ. ഫെർണാണ്ടസ്, സീനിയർ ഫിനാൻസ് ഓഫീസർ, (റോഡ്സ് ആന്റ് ബ്രിഡ്ജസ്), പൊതുമരാമത്ത് വകുപ്പ്

13. ശ്രീ. എസ്. എസ്. സന്തോഷ്, സീനിയർ ഫിനാൻസ് ഓഫീസർ, മോട്ടോർ വാഹന വകുപ്പ്

14. ശ്രീ. കെ. സി. ബിന്ദു, അക്കൗണ്ട്സ് ഓഫീസർ, കേരള റോഡ് സുരക്ഷാ അതോറിറ്റി

സമിതി താഴെപ്പറയുന്ന വിഷയങ്ങൾ പരിഗണിക്കുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തു:

(1). <u>റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഫണ്ട് വിനിയോഗം, ഘടന, പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച്</u>

റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചില കണക്കുകൾ മാത്രമാണ് വകുപ്പിൽ നിന്നും ലഭ്യമാക്കിയിരിക്കുന്നതെന്ന് ചൂണ്ടിക്കാണിച്ച സമിതി അതോറിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച സമഗ്രമായ റിപ്പോർട്ട് സമിതിയിൽ സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചു. അതോറിറ്റിക്കായി അനുവദിച്ചിട്ടുള്ള ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ തുടർന്ന് ഫണ്ട് അനുവദിക്കുകയുള്ളൂയെന്ന നിലപാട് ധനകാര്യ വകുപ്പ് സ്വീകരിച്ചിട്ടുള്ളതിനാൽ പ്രോജക്ടുകളൊന്നും നടപ്പാക്കാൻ സാധിക്കുന്നില്ലെന്ന് സമിതി വിലയിരുത്തി.

റോഡ് സുരക്ഷാ ഫണ്ടിലേയ്ക്ക് 2016-17, 2017-18 വർഷങ്ങളിൽ സംസ്ഥാന സർക്കാർ യഥാക്രമം അനുവദിച്ച 85 കോടി രൂപ, 50 കോടി രൂപ എന്നിവ ഇതുവരെ അനുവദിക്കാത്തത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ട് പ്രകാരം സെസ്സിന്റെ നൂറ് ശതമാനവും പെനാൽറ്റിയുടെ അമ്പത് ശതമാനവും റോഡ് സുരക്ഷാ ഫണ്ടിലേയ്ക്ക് നൽകേണ്ടതായിട്ടുണ്ടെന്നും 2015-16 മുതൽ ഈ ആവശ്യത്തിനായി തുകയൊന്നും അനുവദിച്ചിട്ടില്ലെന്നും ബഡ്ജറ്റിൽ നോഷണൽ ഹെഡ് ആയി ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ ഫണ്ട് അനുവദിക്കാൻ സാധിക്കില്ലെന്ന് ധനകാര്യവകുപ്പ് അറിയിച്ചിരിക്കുന്നതായും പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗതവകുപ്പ് അറിയിച്ചു. കൂടാതെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത വിഷയവും ധനകാര്യ വകുപ്പ് ഉന്നയിക്കുന്നതായി പ്രിൻസിപ്പൽ സെക്രട്ടറി ചൂണ്ടിക്കാണിച്ചു.

പ്രസ്തുത വിഷയം ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് സമിതി ആവശ്യപ്പെട്ടു. പുതിയ വാഹനം രജിസ്റ്റർ ചെയ്യുമ്പോൾ പത്ത് ശതമാനം തുക റോഡ്

സേഫ്റ്റി സെസ് ആയി ഈടാക്കാറുണ്ടെങ്കിലും പ്രസ്തുത തുക റോഡ് സേഫ്റ്റി അതോറിറ്റിക്ക് ലഭിക്കുന്നില്ലെന്ന് ട്രാൻസ്പോർട്ട് കമ്മീഷണർ അറിയിച്ചു

റോഡ് സേഫ്റ്റി അതോറിറ്റിക്ക് അനുവദിക്കേണ്ട തുക അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്തു. പ്രസ്തുത വിഷയം ചർച്ച ചെയ്യുന്നതിനായി ധനകാര്യ മന്ത്രി, ഗതാഗതവകുപ്പമന്ത്രി, പൊതുമരാമത്ത് വകുപ്പമന്ത്രി, തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പമന്ത്രി ധനകാര്യ-പൊതുമരാമത്ത്-ഗതാഗതവകുപ്പ് സെക്രട്ടറിമാർ, റോഡ് സേഫ്റ്റി കമ്മീഷണർ, സബ്ജക്ട് കമ്മിറ്റി V-ലെ അംഗങ്ങൾ എന്നിവരുടെ ഒരു യോഗം വിളിച്ചുചേർക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു. റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനത്തിനായി അനുവദിച്ച പണത്തിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണെന്ന് സമിതി ചൂണ്ടിക്കാട്ടി.

സേവ് കേരള പ്രോജക്റ്റിന് മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും അടുത്തമാസം തന്നെ പ്രസ്തുത പ്രോജക്റ്റിന്റെ പ്രവർത്തനം ആരംഭിക്കുമെന്നും സ്ക്വാഡുകളുടെ എണ്ണം 34-ൽ നിന്നും 85 ആയി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും ഗതാഗത വകുപ്പമന്ത്രി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

(2) <u>2015- ലെ കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) റൂൾസുമായി ബന്ധപ്പെട്ട 20-12-2017-ലെ യോഗനിർദ്ദേശത്തിന്മേലുള്ള ഇടക്കാല റിപ്പോർട്ട്</u>

(ഫയൽ നമ്പർ1046/സബ്.സി.എ 2/2018/നി. സെ.)

സമിതിയുടെ നിർദ്ദേശപ്രകാരം പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി ശിപാർശ ചെയ്തിട്ടുള്ളതായി ബഹു. ഗതാഗതവകുപ്പ് മന്ത്രി അറിയിച്ചു.

**സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയൽ**

1. <u>തുറമുഖവകുപ്പിലെ ടെക്നിക്കൽ വിഭാഗം ജീവനക്കാരെക്കൂടി കേരള പോർട്ട് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട കരട് ഭേദഗതി ചട്ടങ്ങൾ സമർപ്പിക്കുന്നത് സംബന്ധിച്ച്</u>

(ഫയൽ നമ്പർ 4353/സബ്.സി.എ 2/2015/നി.സെ.)

തുറമുഖ വകുപ്പിലെ ടെക്നിക്കൽ വിഭാഗം ജീവനക്കാരെക്കൂടി കേരള പോർട്ട് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട കരട് ഭേദഗതി ചട്ടങ്ങൾ സംബന്ധിച്ച് സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയെന്നും ഇതു സംബന്ധിച്ച് കൂടുതൽ ചർച്ച ആവശ്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു

സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്നതിന് കാലതാമസം നേരിടുന്നത് സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് സമിതിയുടെ നിർദ്ദേശപ്രകാരം തുറമുഖ വകുപ്പിലെ ടെക്നിക്കൽ വിഭാഗം ജീവനക്കാരെക്കൂടി കേരള പോർട്ട് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട വിവിധ സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ അവർ ഉന്നയിച്ച നിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്തി പുതുക്കിയ കരട് സ്പെഷ്യൽ റൂൾസ് തയ്യാറാക്കാൻ തുറമുഖ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നുവെന്നും പുതുക്കിയ കരട് സ്പെഷ്യൽ റൂൾസ് ചർച്ച ചെയ്യാൻ ഒരു മാസത്തിനുശേഷം മറ്റൊരു യോഗം വിളിച്ചുചേർക്കാമെന്ന് തീരുമാനിച്ചതിനാൽ പ്രസ്തുത യോഗത്തിന്റെ മിനിട്സ് രേഖപ്പെടുത്തിയിരുന്നില്ലെന്നും ഡെപ്യൂട്ടി സെക്രട്ടറി തുറമുഖവകുപ്പ് അറിയിച്ചു

പുതുക്കിയ കരട് സ്പെഷ്യൽ റൂൾസിൽ കാര്യമായ ഭേദഗതികളൊന്നും ഇല്ലാത്തതിനാൽ സംഘടനകളുടെ യോഗം വീണ്ടും വിളിച്ചുചേർക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഫയൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന് കൈമാറിയെങ്കിലും ഇതുമായി ബന്ധപ്പെട്ട് ചേർന്ന യോഗത്തിന്റെ മിനിട്സ് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഒരു യോഗം കൂടി വിളിച്ചുചേർക്കാൻ നിർദ്ദേശിച്ചുകൊണ്ട് ഫയൽ മടക്കി അയച്ചിരിക്കുകയാണെന്ന് തുറമുഖവകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി അറിയിച്ചു. സംഘടനകളുടെ അഭിപ്രായം അറിയുന്നതിനായി ഒരു യോഗം കൂടി ചേരേണ്ടതുണ്ടെന്നും കേരള മാരിടൈം ബോർഡ് ആക്ട് നിലവിൽ വന്നതിനാൽ തുറമുഖ വകുപ്പിലെ ജീവനക്കാർ മാരിടൈം ബോർഡിന് കീഴിലാകുമെന്നും മൂന്ന് മാസത്തിനകം അതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കണമെന്ന് ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ചിട്ടുള്ള സാഹചര്യത്തിൽ രണ്ട് സ്പെഷ്യൽ റൂൾസിന്റെ ആവശ്യമുണ്ടോയെന്നകാര്യം ആലോചിക്കേണ്ടതുണ്ടെന്നും ഡെപ്യൂട്ടി സെക്രട്ടറി വിശദീകരിച്ചു.

പ്രസ്തുത ഫയലിൽ നിയമപ്രകാരമുള്ള നടപടി സ്വീകരിക്കാൻ സമിതി ആവശ്യപ്പെട്ടു.

യോഗം ഉച്ചയ്ക്കുശേഷം 12.35-ന് പിരിഞ്ഞു.

## 20-6-2018-ലെ യോഗനടപടിക്കുറിപ്പ്.

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2018 ജൂൺ 20-ാം തീയതി ബുധനാഴ്ച നിയമസഭാ സമ്മേളനത്തിനുശേഷം നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ ബഹു. സമിതി ചെയർമാനും പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുമായ ശ്രീ. ജി. സുധാകരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻകടന്നപ്പള്ളി ബഹു. ഗതാഗത വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ, എം. എൽ. എ.

2. ശ്രീ. വി. അബ്ദുറഹിമാൻ, എം. എൽ. എ.

3. ശ്രീ. എൻ. ഷംസുദ്ദീൻ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി

2. ശ്രീമതി രജനി വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി എസ്. മാലതി, അഡീഷണൽ സെക്രട്ടറി, ഗതാഗത വകുപ്പ്

2. ശ്രീ. എം. അച്ചൻകുഞ്ഞ്, അഡീഷണൽ സെക്രട്ടറി, ഗതാഗത വകുപ്പ്

3. ശ്രീ. അജിത് പാട്ടീൽ, അഡീഷണൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്

4. ശ്രീ. രാജീവ് പുത്തലത്ത്, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ, ഗതാഗത വകുപ്പ്

5. ശ്രീമതി ജിജി സി. ഡൊമിനിക്, ഡെപ്യൂട്ടി സെക്രട്ടറി, ഗതാഗത വകുപ്പ്

6. ശ്രീ. എൻ. ഗോവിന്ദ കൃഷ്ണൻ, അണ്ടർ സെക്രട്ടറി, ഗതാഗത വകുപ്പ്

7. ശ്രീ. ആനന്ദ് ഇലമൺ, ചീഫ് ജനറൽ മാനേജർ (i/c), കെ. ആർ. ടി. എൽ

8. ശ്രീമതി എൽ. ജലജ കുമാരി, സീനിയർ ഫിനാൻസ് ഓഫീസർ, ട്രാൻസ്പോർട്ട് കോർപ്പറേഷൻ

9. ശ്രീ. എം. എൻ. ജീവരാജ്, ചീഫ് എഞ്ചിനീയർ, (റോഡ്സ് ആൻഡ് ബ്രിഡ്ജസ്), പൊതുമരാമത്ത് വകുപ്പ്

10. ശ്രീ. പി. ജി. സുരേഷ്, ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ

11. ശ്രീ. വി. വി. ബിനു, ഡെപ്യൂട്ടി ഡയറക്ടർ, കേരള റോഡ് ഫണ്ട് ബോർഡ്

12. ശ്രീ. ലൂയിസ് എ. ഫെർണാണ്ടസ്, സീനിയർ ഫിനാൻസ് ഓഫീസർ (റോഡ്സ് ആൻഡ് ബ്രിഡ്ജസ്), പൊതുമരാമത്ത് വകുപ്പ്

13. ശ്രീമതി മാലതി എസ്. നായർ, ഫിനാൻസ് മാനേജർ, കെ. ആർ. എഫ്. ബി

14. ശ്രീമതി പ്രീതി ലിയോനോൾഡ്, ഫിനാൻസ് ഓഫീസർ, കെ.ആർ.എഫ്.ബി

15. ശ്രീ. സിബി. ജെ. പുല്ലോപ്പിള്ളിൽ, സി. എഫ്. ഒ., ആർ. ബി. ഡി. സി. കെ.

സമിതി താഴെപ്പറയുന്ന വിഷയങ്ങൾ പരിഗണിക്കുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തു

1. <u>2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന</u>

സമിതി 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ഖണ്ഡിക 1 മുതൽ 99 വരെയും, ഖണ്ഡിക 113 മുതൽ 116 വരെയും, 121 മുതൽ 124 വരെയുമുള്ള ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ശിപാർശ നമ്പർ 106 പരിഗണിച്ച സമിതി 3055-00-800-95 എന്ന ശീർഷകത്തിൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത 51.8 കോടി രൂപ റോഡ് സേഫ്റ്റി അതോറിറ്റി ഫണ്ടിലേക്ക് അനുവദിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത തുക അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെടുവാൻ തീരുമാനിച്ചു.

2. സമിതിയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള കരട് ആക്ഷൻ ടേക്കൺ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

യോഗം വൈകുന്നേരം 5.30-ന് പിരിഞ്ഞു.

## 31-7-2018-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2018 ജൂലൈ 31-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ഗതാഗത വകുപ്പുമന്ത്രിയുമായ ശ്രീ. എ. കെ. ശശീന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ രാമചന്ദ്രൻ കടന്നപ്പള്ളിയും താഴെപ്പറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. എൻ. ഷംസുദ്ദീൻ — എം.എൽ.എ.
2. ശ്രീ. വി. ആർ. സുനിൽ കുമാർ — എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി

2. ശ്രീമതി വി. ആർ. രജനി, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. ജി. കമലവർദ്ധന റാവു, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്

2. ശ്രീ. ടി. രമേഷ്, ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്

3. ശ്രീ. എൻ. സതീഷ്, സീനിയർ ഫിനാൻസ് ഓഫീസർ, പൊതുമരാമത്ത് വകുപ്പ്

4. ശ്രീ. ലൂക്കസ് എ. ഫെർണാണ്ടസ്, സീനിയർ ഫിനാൻസ് ഓഫീസർ, പൊതുമരാമത്ത് വകുപ്പ്. (റോഡ്സ് ആന്റ് ബ്രിഡ്ജസ്)

5. ശ്രീ. എം. എൻ. ജീവരാജ്, ചീഫ് എഞ്ചിനീയർ, (റോഡ്സ്) പൊതുമരാമത്ത് വകുപ്പ്

6. ശ്രീമതി എൻ. ബിന്ദു, മാനേജിംഗ് ഡയറക്ടർ, റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ്

7. ശ്രീ. സാംസൺ ജോൺ, മാനേജർ (അഡ്മിനിസ്ട്രേഷൻ & ഫിനാൻസ്), റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ്

* സമിതി താഴെപ്പറയുന്ന വിഷയങ്ങൾ പരിഗണിക്കുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തു

I സംസ്ഥാനത്തെ റോഡുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നിലവിലെ സംവിധാനങ്ങളെക്കുറിച്ചും നിലവാരം ഉയർത്താൻ സ്വീകരിച്ചുവരുന്ന പുതിയ പദ്ധതികളെക്കുറിച്ചുമുള്ള അവലോകനം

റോഡുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികളെക്കുറിച്ചുള്ള സമിതിയുടെ ചോദ്യത്തിന് പി.ഡബ്ല്യൂ.ഡി. മാന്വൽ പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികൾ ആണ് പൊതുമരാമത്ത് വകുപ്പ് നടത്തുന്നതെന്നും 2012-ലെ പുതുക്കിയ മാന്വലിലെ 2401, 2406 എന്നീ വകുപ്പുകളനുസരിച്ച് ക്വാളിറ്റി കൺട്രോൾ സിസ്റ്റം നിർബന്ധമാക്കിയെന്നും ഓഡിറ്റിംഗ് കൃത്യമായി ചെയ്യുന്നുണ്ടെന്നും പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു മൂന്ന് തലത്തിലുള്ള ക്വാളിറ്റി കൺട്രോൾ ടെസ്റ്റിംഗാണ് വകുപ്പ് നടപ്പിലാക്കുന്നതെന്നും, പതിനഞ്ച് ലക്ഷം രൂപയ്ക്ക് മുകളിൽ അടങ്കൽ തുക വരുന്ന അറ്റകുറ്റപ്പണികൾക്ക് ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾ ടെസ്റ്റിംഗ് നിർബന്ധമാക്കിയിട്ടുള്ളതായും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു

ഓരോ നടപടിക്രമവും പൂർത്തിയാക്കുന്നതിന് നിലവിൽ ധാരാളം സമയം വേണ്ടിവരുന്നതായും മഴക്കാലങ്ങളിലും അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തേണ്ടി വരുന്ന സന്ദർഭങ്ങളിലും ഇത്തരത്തിൽ പല തലങ്ങളിലായുള്ള ക്വാളിറ്റി കൺട്രോൾ സിസ്റ്റം പിന്തുടരുന്നത് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നതായും സമിതി ചൂണ്ടിക്കാണിച്ചു. പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനോടൊപ്പം നിലവിൽ നിഷ്കർഷിക്കപ്പെട്ടിട്ടുള്ള ക്വാളിറ്റി കൺട്രോൾ പരിശോധന സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയണമെന്നും സമിതി ആവശ്യപ്പെട്ടു.

എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള ഏജൻസികൾ മുഖേനയോ ഓപ്പൺ ടെന്റർ വിളിച്ചോ വർക്ക് ചെയ്യാനാകുമെന്നും രാഷ്ട്രപതിയും മറ്റ് വി.ഐ.പി.-കളും സംസ്ഥാനം സന്ദർശിക്കുന്നതിന്റെ ഭാഗമായി അടിയന്തരമായി വർക്ക് ചെയ്യേണ്ട സാഹചര്യം വരുമ്പോൾ ചീഫ് സെക്രട്ടറി തലത്തിൽ യോഗം കൂടി തീരുമാനമെടുത്ത് ഷോർട്ട് ടെന്റർ വിളിച്ച് വർക്ക് ഏറ്റെടുത്ത് ചെയ്യാറുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

അടിയന്തര സന്ദർഭങ്ങളിലും മഴക്കാലങ്ങളിലും മറ്റും ചെയ്യുന്ന വർക്കുകളുടെ ക്വാളിറ്റി ഉറപ്പുവരുത്തുന്നതിനെ കുറിച്ച് സമിതി ആരാഞ്ഞതിന് പ്രയോഗികമായി അക്കാര്യം വളരെ ബുദ്ധിമുട്ടുള്ളതാണെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

ക്വാളിറ്റി കൺട്രോൾ പരിശോധനയിൽ നിബന്ധനകൾ ഉൾപ്പെടുത്തിയാൽ സാധാരണ നിലയിൽ കരാറുകാരാരും പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാകില്ലെന്നും തന്മൂലം പ്രവൃത്തി ചെയ്യുന്നതിൽ കാലതാമസമുണ്ടാകുമെന്നും അതുകൊണ്ട് ചെറിയ വർക്കുകൾ പി.ഡബ്ല്യൂ.ഡി. മെയിന്റനൻസ് വിഭാഗത്തിന് തന്നെ ചെയ്യാൻ കഴിയണമെന്നും ഉയർന്ന ഗുണനിലവാരത്തിലുള്ള സാങ്കേതികവിദ്യ ഉപയോഗിച്ചില്ലെങ്കിൽ മഴക്കാലത്ത് ചെയ്യുന്ന പ്രവൃത്തികളുടെ ക്വാളിറ്റി കുറയാനുള്ള സാധ്യതയും വിലയിരുത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു.

പ്ലാൻ ഓഫ് ആക്ഷന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന വർക്കുകളെല്ലാം സമയബന്ധിതമായി ചെയ്യുന്നുണ്ടെന്നും മഴക്കാലങ്ങളിൽ പ്രവൃത്തികൾ ഏറ്റെടുക്കാറില്ലായെന്നും ജൂൺ മാസത്തിനുമുമ്പുതന്നെ എല്ലാ അറ്റകുറ്റപ്പണികളും പൂർത്തിയാക്കാറുണ്ടെന്നും പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി. അതുപോലെ ശബരിമലയിലേയ്ക്കുള്ള റോഡുകളുടെ പണിയും ആഗസ്റ്റ്/സെപ്റ്റംബർ മാസത്തോടുകൂടി പൂർത്തീകരിക്കുന്നുണ്ടെന്നും വി.ഐ.പി.-കളുടെ സന്ദർശനവുമായി ബന്ധപ്പെട്ട് മാത്രമേ ചില അടിയന്തര വർക്കുകൾ ചെയ്യേണ്ടിവരുന്നുള്ളുവെന്നും വൈറ്റില, കുണ്ടന്നൂർ, മഹാരാജാസ് കോളേജ് ജംഗ്ഷനുകളിൽ നേരിട്ടിരുന്ന ഗതാഗത പ്രശ്നങ്ങൾക്ക് ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് പരിഹാരം കണ്ടെത്തിയിട്ടുണ്ടെന്നും

പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു റബ്ബർ ബേസ്ഡ് ബിറ്റുമിൻ ടെക്നോളജിയും പ്ലാസ്റ്റിക്കും ഉപയോഗിക്കുന്നുണ്ടെന്നും കഴിഞ്ഞ വർഷം റബ്ബർ ഉപയോഗിച്ച് 750 കിലോമീറ്റർ റോഡ് പണി ചെയ്തിട്ടുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

മഴ സമയങ്ങളിൽ ചെയ്യുന്ന പ്രവൃത്തികളാണെങ്കിലും അവ ചുരുങ്ങിയത് ആറുമാസമെങ്കിലും നിലനിൽക്കുന്ന വിധത്തിൽ റോഡ് നിർമ്മാണത്തിൽ നൂതന സാങ്കേതികവിദ്യ ഏർപ്പെടുത്തണമെന്ന് സമിതി ആവശ്യപ്പെട്ടു.

പൊതുമരാമത്ത് പ്രവൃത്തികളിൽ ആധുനിക സാങ്കേതിക വിദ്യകളായ മില്ലിംഗ് ആന്റ് റീ-സൈക്ലിംഗ് രീതി, സോയിൽ സ്റ്റെബിലൈസേഷൻ ടെക്നോളജി എന്നിവ നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ച് കഴിഞ്ഞ മാർച്ച് മാസം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും ഇതനുസരിച്ച് പുറമേ നിന്നും കല്ലും, മണലും കൊണ്ടുവരാതെ അതാത് സ്ഥലങ്ങളിൽ ലഭ്യമായിട്ടുള്ള മെറ്റീരിയൽസും സിമന്റും, ജർമ്മൻ ടെക്നോളജിയും ഉപയോഗിച്ച് വർക്ക് ചെയ്യാൻ സാധിക്കുമെന്നും പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

മഴക്കാലങ്ങളിൽ അപൂർവ്വമായിട്ടുമാത്രമേ വർക്ക് ഏറ്റെടുക്കാറുള്ളുവെന്നും ബിറ്റുമിൻ ഉപയോഗിച്ച് ചെയ്യുന്ന അറ്റകുറ്റപ്പണികൾ മൂന്ന് വർഷക്കാലം നിലനിൽക്കുമെന്നാണ് മനസ്സിലാക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. നല്ല രീതിയിൽ വർക്ക് ഏറ്റെടുത്ത് ചെയ്യാൻ കഴിയുന്ന കോൺട്രാക്ടർമാരെയാണ് ക്വാളിറ്റി കൺട്രോൾ സിസ്റ്റം മുഖേന തെരഞ്ഞെടുക്കുന്നതെന്നും പണി പൂർത്തിയായി പത്ത് വർഷത്തിനുശേഷവും അറ്റകുറ്റപ്പണികൾ വരാത്ത അടൂർ - കഴക്കൂട്ടം കെ.എസ്.ടി.പി. റോഡ്, നല്ല രീതിയിൽ പ്രവൃത്തി നടത്തിയതിന്റെ തെളിവാണെന്നും അദ്ദേഹം വ്യക്തമാക്കി. പ്രസ്തുത റോഡ് ഡിസൈൻ ചെയ്ത റോഡാണെന്നും സോയിൽ ടെസ്റ്റിംഗ് നടത്തിയിട്ടുള്ളതാണെന്നും ചീഫ് എഞ്ചിനീയർ (റോഡ്സ്) വിശദീകരിച്ചു.

നിലവിൽ തകരാറിലായ റോഡുകൾ എത്രയും വേഗം നന്നാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

പഞ്ചായത്തുതലത്തിൽ സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്നതിനുള്ള സർക്കാർ ഉത്തരവ് 2018 ജനുവരി 5-ാം തീയതി പുറപ്പെടുവിച്ചിട്ടുണ്ടെന്നും ഗുണനിലവാരവും സുതാര്യതയും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ടെന്നും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് ജില്ലകളിലായി മൂന്ന് റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളും പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ നിർദ്ദേശാനുസരണം രണ്ട് പുതിയ ലാബുകളും കൂടി അനുവദിക്കാൻ ആവശ്യമായ ധനസഹായം പ്ലാനിംഗ് ബോർഡിനോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

II. <u>പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് എന്ന സ്ഥാപനം ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ, അവയുടെ മാനദണ്ഡം, ഫണ്ട് വിനിയോഗം എന്നിവയെ സംബന്ധിച്ച വിശകലനം</u>

റിക്ക് (RICK) ലിമിറ്റഡ് ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ ഏറ്റെടുത്ത പുനരധിവാസ പാക്കേജിന് കീഴിൽ 83 കി.മീ. നീളത്തിൽ നാല് റോഡുകളുടെ വികസന പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നതെന്നും ഇത് രണ്ട് പാക്കേജുകളായാണ് തയ്യാറാക്കിയിട്ടുള്ളതെന്നും റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അറിയിച്ചു. പാക്കേജ് എ-യിലുള്ള കാസർഗോഡ് ജില്ലയിലെ വിദ്യാനഗർ-സീതാംഗോളി റോഡിന്റെയും ഉപ്പള-കനിയാന റോഡിന്റെയും നിർമ്മാണം പൂർത്തിയാക്കിയെന്നും പാക്കേജ് ബി-യിലുള്ള തിരുവനന്തപുരം ജില്ലയിലെ വെള്ളനാട്-ചെറ്റച്ചൽ റോഡിന്റെയും കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി-കാഞ്ഞിരംകവല റോഡിന്റെയും നിർമ്മാണം 2018 ഓഗസ്റ്റ് മാസം പൂർത്തിയാക്കാൻ സാധിക്കുമെന്നും റിക്ക് എം.ഡി. വിശദീകരിച്ചു.

ഈ നാല് റോഡുകളുടെ പ്രവൃത്തികൾ ഏറ്റെടുത്തതെന്നാണെന്ന് സമിതി ആരാഞ്ഞതിന്, 2015-ലാണ് ഏറ്റെടുത്തതെന്നും റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ 2018-ൽ പൂർത്തീകരിക്കാൻ സാധിക്കുമെന്നും റിക്ക് എം.ഡി. അറിയിച്ചു.

സംസ്ഥാന റോഡ് വികസന പദ്ധതിയിൽപ്പെട്ട മറ്റ് റോഡുകളുടെ സ്ഥിതിയെക്കുറിച്ച് അന്വേഷിച്ചപ്പോൾ, സംസ്ഥാന റോഡ് വികസന പദ്ധതിയിൽ (SRIP)-ൽ മൂന്ന് റോഡുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അതിൽ കരമന-വെള്ളറട റോഡിന്റെ (തിരുവനന്തപുരം ജില്ല) ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണെന്നും പ്രസ്തുത പ്രവൃത്തി 2016-ൽ ഏറ്റെടുത്തതാണെന്നും അതിനായുള്ള ഭൂമി ഏറ്റെടുക്കലിനായി തിരുവനന്തപുരം സ്പെഷ്യൽ തഹസിൽദാർ 16-3-2017-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുകയാണെന്നും റിക്ക് എം.ഡി. അറിയിച്ചു.

പ്രസ്തുത പ്രവൃത്തിയിൽ നേരിട്ടിരിക്കുന്ന കാലതാമസം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെടുകയും റോഡിന്റെ നിലവിലെ സ്ഥിതിയെപ്പറ്റി ആരായുകയും ചെയ്തു.

30 കിലോമീറ്റർ ദൈർഘ്യം വരുന്ന കരമന-വെള്ളറട റോഡിന്റെ ആദ്യത്തെ 5.5 കിലോമീറ്ററിനുള്ള റിക്വിസിഷൻ സമർപ്പിക്കുകയും അതുമായി ബന്ധപ്പെട്ട് എല്ലാ കാര്യങ്ങളും പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ടെന്നും 7 കിലോമീറ്ററിനുള്ള റിക്വിസിഷൻ ജൂലൈ മാസം തന്നെ കൊടുക്കുമെന്നും ബാക്കി സർവ്വേ നമ്പരുകളിലുള്ള ഭൂമി

കണ്ടെത്തുന്നതിനോടൊപ്പം ജോയിന്റ് ഇൻസ്പെക്ഷനും നടക്കുന്നതായും റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ്, എം.ഡി. വിശദീകരിച്ചു.

പ്രസ്തുത പ്രവൃത്തി എന്ന് ചെയ്തുതീർക്കാൻ സാധിക്കുമെന്ന സമിതിയുടെ ചോദ്യത്തിന്, മഴമൂലം സർവ്വേ നടപടികൾ തടസ്സപ്പെടുന്നുണ്ടെങ്കിലും സെപ്റ്റംബർ 30-ഓടുകൂടി തീർക്കാമെന്നാണ് വിചാരിക്കുന്നതെന്നും ജംഗ്ഷനുകളുടെ വികസനത്തിന് കൂടുതൽ സ്ഥലം ഏറ്റെടുക്കേണ്ടതിനാലും നിരവധി കടകൾ നഷ്ടപ്പെടുമെന്നതിനാലും ആളുകൾക്ക് ഇക്കാര്യത്തിൽ എതിർപ്പാണെന്ന് റിക്ക് മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

നിർബന്ധിത ഏറ്റെടുക്കലിന് പകരം ജനപ്രതിനിധികളെക്കൂടി പങ്കെടുപ്പിച്ച് ചർച്ച നടത്തി സ്ഥലം ഉടമസ്ഥരുടെ സമ്മതത്തോടുകൂടിയാകണം അത്തരം നടപടിയിലേക്ക് പോകേണ്ടതെന്ന് സമിതി അഭിപ്രായപ്പെട്ടു. പലവിധ ചർച്ചകൾ നടത്തിയതിനുശേഷം അവരുടെ സഹായത്തോടുകൂടിയാണ് തറക്കല്ലിട്ടതെന്ന് എം.ഡി. മറുപടി നൽകി.

SRIP-യിലെ റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുന്ന ആലപ്പുഴ-തണ്ണീർമുക്കം-മധുര റോഡിന്റെ ഡി.പി.ആർ. തയ്യാറാക്കിക്കൊണ്ടിരിക്കുകയാണെന്നും പ്രസ്തുത റോഡിന്റെ ഒരു റീച്ചിൽ സോയിലുമായി ബന്ധപ്പെട്ട പ്രശ്നമുള്ളതുകൊണ്ട് കൺസൾട്ടന്റിന്റെ സഹായം ആവശ്യമാണെന്നും ആഗസ്റ്റ് ആദ്യവാരം തന്നെ ഇൻസ്പെക്ഷൻ നടത്തി തീരുമാനമെടുക്കുമെന്നും മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

SRIP-യിലെ വൈപ്പിൻ-മുനമ്പം റോഡിന്റെ പ്രവൃത്തികളും സമയബന്ധിതമായി ചെയ്തുതീർക്കാൻ സമിതി ആവശ്യപ്പെട്ടു.

കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന റോഡ് പ്രവൃത്തികൾ സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, കോഴിക്കോട്-ബാലുശ്ശേരി റോഡിന്റെ അലൈൻമെന്റ് സ്കെച്ചിൽ സർവ്വേ നമ്പർ ഉൾപ്പെടുത്തിക്കൊടുക്കണമെന്നും എല്ലാ വില്ലേജ് ഓഫീസുകളിൽ നിന്നും അടങ്കൽ ലഭിച്ചിട്ടില്ലെന്നും അടങ്കലുകൾ സമർപ്പിച്ചതിനുശേഷം മാത്രമേ എന്തെങ്കിലും തിരുത്തലുണ്ടെങ്കിൽ വരുത്താൻ സാധിക്കുകയുള്ളുവെന്നും റിക്ക്, മാനേജിംഗ് ഡയറക്ടർ വിശദീകരിച്ചു.

സർവ്വേ നമ്പരുകൾ ചേർത്തുകൊണ്ടുള്ള അലൈൻമെന്റ് സ്കെച്ചാണ് കൊടുക്കേണ്ടിയിരുന്നതെന്നും എന്നാൽ കമ്പനി അത് ചേർക്കാതെ കൊടുത്തതിനാൽ ഭൂമി ഒന്നുകൂടി അളന്ന് തിട്ടപ്പെടുത്തേണ്ടതുണ്ടെന്നും എം.ഡി. അറിയിച്ചു. മഴ കാരണം ഈരാറ്റുപേട്ട-വാഗമൺ റോഡ്, തിരുവല്ല-മല്ലപ്പള്ളി റോഡ് എന്നിവയുടെ കല്ലിടൽ നടപടിയിലേക്ക് പോകാൻ സാധിക്കുന്നില്ലെന്നും മുഹമ്മ-തണ്ണീർമുക്കം കായൽത്തീര റോഡിനും വൈക്കം ടോൾ-ചെമ്മനാകരി റോഡിനും കിഫ്ബിയിൽ നിന്നും ഫിനാൻസ് സാങ്ഷൻ ലഭിക്കാനുണ്ടെന്നും മാനേജിംഗ് ഡയറക്ടർ വ്യക്തമാക്കി.

റോഡ് നിർമ്മാണത്തിനായി കിഫ്ബി ഇതുവരെ 5200 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

പാലക്കാട് ജില്ലയിലുള്ള മണ്ണാർക്കാട്-ചിന്നത്തടാകം റോഡിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതി ആരാഞ്ഞതിന്, ഡി.പി.ആർ. തയ്യാറാക്കി കൊണ്ടിരിക്കുകയാണെന്ന് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

യോഗത്തിൽ പരാമർശിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണമെന്നും പുനരധിവാസ പാക്കേജിനുകീഴിൽ വിജയകരമായി നടപ്പിലാക്കിയ റോഡ് നിർമ്മാണ പ്രവർത്തനങ്ങളുടെ അതേ പ്രക്രിയയിൽ തന്നെ ആലപ്പുഴ-തണ്ണീർമുക്കം-മധുര റോഡിന്റെയും വൈപ്പിൻ-മുനമ്പം റോഡിന്റെയും പണി പൂർത്തിയാക്കണമെന്നും മണ്ണാർക്കാട്-ചിന്നത്തടാകം റോഡിന്റെ പണി പൂർത്തീകരിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ അടുത്ത കിഫ്ബി ബോർഡ് യോഗത്തിന്റെ പരിഗണനയിൽ കൊണ്ടുവരണമെന്നും കിഫ്ബി അനൗൺസ് ചെയ്ത അമ്പതോളം വർക്കുകളുടെ ഡി.പി.ആർ. പൂർത്തിയാക്കാൻ സാധിക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

ഇൻവെസ്റ്റിഗേഷൻ നടത്തിയതിന് ശേഷം ഡിസൈൻ ചെയ്താണ് ഡി.പി.ആർ. തയ്യാറാക്കുന്നതെന്നും ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് അനുയോജ്യമായ മൂന്നോ നാലോ ഏജൻസികൾ മാത്രമേ സംസ്ഥാനത്തുള്ളുവെന്നും ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനായി ഏജൻസിയെ കണ്ടെത്തുക ബുദ്ധിമുട്ടാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി പൊതുമരാമത്ത് വകുപ്പ് ചൂണ്ടിക്കാണിച്ചു.

ഓപ്പൺ ടെന്റർ ക്ഷണിച്ചിട്ടുപോലും നാലോ അഞ്ചോ ഏജൻസികൾ മാത്രമേ മുന്നോട്ടുവന്നിട്ടുള്ളുവെന്നും എഞ്ചിനീയറിംഗ് കോളേജുകൾക്ക് ഫീൽഡിൽവന്ന് ടെസ്റ്റ് നടത്തുന്നതിനുള്ള സംവിധാനമില്ലാത്തതിനാൽ ഫീൽഡിൽനിന്നും മെറ്റീരിയൽസ് ശേഖരിച്ച് നൽകിയാൽമാത്രമേ ലാബിൽ ടെസ്റ്റ് ചെയ്യാനാകുവെന്ന് അറിയിച്ചതായും പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു.

ഇക്കാര്യത്തിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളുടെയോ കോഴിക്കോട് എൻ.ഐ.ടി. പോലെയുള്ള സ്ഥാപനങ്ങളുടെയോ സേവനം പ്രയോജനപ്പെടുത്താൻ സാധിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു. പ്രാഥമിക നടപടി സ്വീകരിച്ച് ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയ എത്ര വർക്കുകൾ പെൻഡിംഗിലുണ്ടെന്ന് സമിതിയുടെ ചോദ്യത്തിന് ഏകദേശം 25 വർക്കുകളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയിട്ടുണ്ടെന്ന് പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. അവ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും കോൺട്രാക്ട് അടിസ്ഥാനത്തിൽ കിഫ്ബി വർക്കുകൾ ചെയ്യുന്നതിന് കുറച്ചുപേരെക്കൂടി നിയമിക്കുന്നതിന് അനുമതി നൽകാമെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അറിയിച്ചിട്ടുള്ളതായി പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

ആയതിന് അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും കൂടുതൽ ആളുകളെ നിയമിക്കുമ്പോൾ വർക്ക് കുറേക്കൂടി വേഗതയിലാകുമെന്നും പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥൻ അറിയിച്ചു.

കിഫ്ബിയിൽ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയ ഇരുപതോളം വർക്കുകളുടെ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

III. <u>2016-2017 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്</u>

(ഫയൽ നമ്പർ 2360/സബ്.സി.എ 2/2018/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 1, 2 എന്നീ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

യോഗം രാവിലെ 10.55-ന് പിരിഞ്ഞു.

## 27-9-2018-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2018 സെപ്റ്റംബർ 27-ാം തീയതി വ്യാഴാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുമായ ശ്രീ. ജി. സുധാകരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. ഗതാഗത വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രനും ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ:</u>

1. ശ്രീ. വി. അബ്ദുറഹിമാൻ, എം.എൽ.എ.
2. ശ്രീ. വി. ആർ. സുനിൽ കുമാർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി

2. ശ്രീമതി വി. ആർ. രജനി, ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത വകുപ്പ്
2. ശ്രീ. ബിശ്വനാഥ് സിൻഹ, പ്രിൻസിപ്പൽ സെക്രട്ടറി, തുറമുഖ വകുപ്പ്
3. ശ്രീ. ബി. ജി. ഹരീന്ദ്രനാഥ്, സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീ. കെ. പദ്മകുമാർ, ട്രാൻസ്പോർട്ട് കമ്മീഷണർ
5. ശ്രീ. കെ. എൻ. സതീഷ്, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
6. ശ്രീ. എം. കെ. സാദിഖ്, അഡീഷണൽ ലാ സെക്രട്ടറി
7. ശ്രീമതി എസ്. മാലതി, അഡീഷണൽ സെക്രട്ടറി, ഗതാഗത വകുപ്പ്
8. ശ്രീ. കെ. എം. ശ്രീകുമാർ, എക്സിക്യൂട്ടീവ് ഡയറക്ടർ (Admn), കെ.എസ്.ആർ. ടി. സി.
9. ശ്രീമതി പി. ഇന്ദുകല, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
10. ശ്രീമതി സിനി. ജെ. ഷുക്കൂർ, ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്
11. ശ്രീ. എൻ. സതീഷ്, സീനിയർ ഫിനാൻസ് ഓഫീസർ, പൊതുമരാമത്ത് വകുപ്പ്
12. ശ്രീ. ലൂയിസ് എ. ഫെർണാണ്ടസ്, സീനിയർ ഫിനാൻസ് ഓഫീസർ, പൊതുമരാമത്ത് വകുപ്പ് (റോഡ്സ് ആന്റ് ബ്രിഡ്ജസ്)
13. ശ്രീ. എസ്. മനോമോഹൻ, ചീഫ് എഞ്ചിനീയർ (റോഡ്സ്), പൊതുമരാമത്ത് വകുപ്പ്
14. ശ്രീ. എം. എൻ. ജീവരാജ്, ചീഫ് എഞ്ചിനീയർ (ബ്രിഡ്ജസ്), പൊതുമരാമത്ത് വകുപ്പ്
15. ശ്രീ. പി. ടി. ജോയ്, ഡെപ്യൂട്ടി സെക്രട്ടറി, എഫ് ആന്റ് പി. ഡി.
16. ശ്രീമതി മേഴ്സി ഗബ്രിയേൽ, അണ്ടർ സെക്രട്ടറി, ഗതാഗത വകുപ്പ്
17. ശ്രീ. കെ. സി. ബിനു, അക്കൗണ്ട്സ് ഓഫീസർ, കെ. ആർ. എസ്. എ.

സമിതി താഴെപ്പറയുന്ന വിഷയങ്ങൾ പരിഗണിക്കുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തു:

I. <u>റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഫണ്ട് വിനിയോഗം, ഘടന, പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച പഠനം</u>

(ഫയൽ നമ്പർ 3772/ സബ്. സി. എ 2/2018/ നി.സെ.)

കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഘടന, ചുമതലകൾ, എക്സിക്യൂട്ടീവ് കമ്മിറ്റി, ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ തുടങ്ങിയവ സംബന്ധിച്ച വിശദവിവരങ്ങൾ സമിതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതായി പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത വകുപ്പ് അറിയിച്ചു. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളതോ സഞ്ചരിക്കുന്നതോ ആയ വാഹനങ്ങളിൽ നിന്നും ഒറ്റത്തവണയായി പിരിച്ചെടുക്കുന്ന സെസ്സിന്റെ നൂറ് ശതമാനവും കോമ്പൗണ്ടിംഗ് ഫീയുടെ 50 ശതമാനവും ചാർജ്ജ്ഡ് ഹെഡ് വഴി അതോറിറ്റിക്ക് കൈമാറണമെന്നാണ് നിയമത്തിൽ പരാമർശിച്ചിട്ടുള്ളതെന്നും എന്നാൽ 2008-2009 മുതൽ 2014-2015 കാലയളവ് വരെ മാത്രമാണ് റോഡ് സേഫ്റ്റി അതോറിറ്റിക്ക് ഫണ്ട് കൈമാറിയിട്ടുള്ളതെന്നും 2015-2016-നു ശേഷം തുകയൊന്നും അനുവദിച്ചിട്ടില്ലായെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. ഇത് സുപ്രീം കോടതിയുടെ ശ്രദ്ധയിൽ വന്ന വളരെ പ്രധാനപ്പെട്ട വിഷയമാണെന്നും ചീഫ് സെക്രട്ടറിയെ കോടതി മുമ്പാകെ വിളിപ്പിക്കുന്ന സാഹചര്യമുണ്ടായേക്കാമെന്നും യഥാർത്ഥത്തിൽ ചാർജ്ജ്ഡ് ഹെഡിലുള്ള പണം റിലീസ് ചെയ്യുന്നതിന് തടസ്സം ഉണ്ടാകേണ്ട കാര്യമില്ലായെന്നും പ്രിൻസിപ്പൽ സെക്രട്ടറി ചൂണ്ടിക്കാണിച്ചു.

ഇത് സംബന്ധിച്ച നിയമാഭിപ്രായം ആരായുകയും ഭരണഘടനയുടെ വ്യവസ്ഥകൾക്കനുസൃതമായുള്ള വിശദീകരണം കൊടുക്കുകയും ചെയ്തതായി നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു. 79 കോടി രൂപ ഇനിയും ലഭിക്കാനുണ്ടെന്നും ആയത് സുപ്രീം കോടതി, കോടതിയലക്ഷ്യമായി കണക്കാക്കുവാൻ സാധ്യതയുണ്ടെന്നും നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി വ്യക്തമാക്കി.

റോഡ് അപകടങ്ങൾ നിമിത്തം 2017-ൽ 4131 പേർ മരിക്കുകയും 42,671 പേർക്ക് പരിക്കേൽക്കുകയും ചെയ്ത സാഹചര്യം നിലനിൽക്കെ, റോഡ് സുരക്ഷയ്ക്കാവശ്യമായ നടപടി സ്വീകരിക്കാൻ റോഡ് സുരക്ഷാ അതോറിറ്റിക്ക് സാധിക്കാത്തത് അതോറിറ്റിയുടെ പ്രസക്തി നഷ്ടപ്പെടുത്തുമെന്ന് സമിതി നിരീക്ഷിച്ചു. റോഡ് സുരക്ഷയ്ക്കായി ഫണ്ട് നീക്കിവയ്ക്കുകയും അത് വിനിയോഗിക്കുകയും ചെയ്യണമെന്ന് സുപ്രീം കോടതി ആവശ്യപ്പെട്ടതായി നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു.

റോഡ് സേഫ്റ്റി ആക്ട് ഫലപ്രദമായി നടപ്പാക്കാത്തതും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട, ചെറിയ തുകയുള്ള പ്രവൃത്തികൾ പോലും പൂർത്തീകരിക്കാൻ സാധിക്കാത്തതും റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ സംബന്ധിച്ച പ്രധാനപ്പെട്ട വിമർശനമായി സമിതി

വിലയിരുത്തി. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യമായ രീതിയിൽ നടപ്പാക്കുന്നതിന് റോഡ് സേഫ്റ്റി കമ്മീഷണറെ നിയോഗിച്ചിട്ടുണ്ടെന്നും കമ്മീഷന്റെ ഫണ്ടിലുള്ള 5 കോടി രൂപ വിനിയോഗിച്ച് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തണമെന്നും സമിതി ആവശ്യപ്പെട്ടു. കൂടുതൽ ഫണ്ട് ലഭിക്കുന്നില്ല എന്നത് നിയമ പരമായ ഒരു പ്രശ്നമാണെന്നും എഴുപത്തിയൊമ്പത് കോടി രൂപ ഇനിയും കൊടുത്ത് തീർക്കാനുണ്ടെന്നും ഫണ്ടിന്റെ അപര്യാപ്തത നിമിത്തം യഥാസമയം പ്രവൃത്തി ചെയ്തു തീർക്കാൻ സാധിക്കുന്നില്ലെന്നും സമിതി ചൂണ്ടിക്കാണിച്ചു.

നിയമപ്രകാരമുള്ള ഫണ്ട് ലഭിക്കാത്തതിലുണ്ടായ പ്രതിസന്ധി പരിഹരിക്കു ന്നതിനായി നടപടി സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുകയും ഭാവിയിൽ സുപ്രീം കോടതി മുമ്പാകെ ഇതൊരു കോടതി അലക്ഷ്യ കേസ്സായി വരാതിരിക്കാൻ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

ജില്ലാതല റോഡ് സേഫ്റ്റി അതോറിറ്റികളിൽ ജനപ്രതിനിധികളെക്കൂടി ഉൾപ്പെടുത്തുന്നതിനുവേണ്ടി 2007-ലെ റോഡ് സേഫ്റ്റി ആക്ടിൽ ആവശ്യമായ ഭേദഗതി കൊണ്ടുവരണമെന്ന ആവശ്യം സംബന്ധിച്ചുള്ള നടപടി പിന്നീട് സ്വീകരിക്കുന്നതാണെന്ന് സമിതി അറിയിച്ചു.

കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും 22.39 കോടി രൂപ ഗവൺമെന്റ് റെസ്യൂം ചെയ്തതിനെക്കുറിച്ച് സമിതി ആരാഞ്ഞതിന്, മാർച്ച് മാസത്തിൽ എല്ലാ ഡിപ്പാർട്ടുമെന്റുകളുടെയും ട്രഷറി അക്കൗണ്ടിലുള്ള പണം റെസ്യൂം ചെയ്യാറുണ്ടെന്ന് ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി. റോഡ് സേഫ്റ്റി അതോറിറ്റിയുടെ പണം റെസ്യൂം ചെയ്യുന്ന നടപടിയെ വിമർശിച്ച സമിതി, അതോറിറ്റിക്ക് വരുമാനം ലഭിക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടു.

സെസ്സ് ഇനത്തിൽ ഈടാക്കുന്ന തുകയുടെ 100 ശതമാനവും പെനാൽറ്റി ഇനത്തിൽ ഈടാക്കുന്ന തുകയുടെ 50 ശതമാനവുമാണ് അതോറിറ്റിക്ക് വരുമാനമായി ലഭിക്കുന്നതെന്നും പ്രസ്തുത തുക സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അതോറിറ്റിയുടെ അക്കൗണ്ടിൽ സൂക്ഷിക്കണമെന്നാണ് നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ളതെന്നും ഗതാഗതവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു.

റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഫണ്ട് മറ്റാവശ്യങ്ങൾക്കായി വിനിയോഗിക്കുന്നതിനെ സമിതി വിമർശിക്കുകയും റോഡ് സേഫ്റ്റി അതോറിറ്റിക്കുള്ള പണം മുഴുവൻ അനുവദിച്ച് നൽകണമെന്നും പ്രസ്തുത ആവശ്യത്തിനായി അനുവദിക്കുന്ന തുക റെസ്യൂം ചെയ്യാൻ പാടില്ലായെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെടുവാൻ നിർദ്ദേശിക്കുകയും ചെയ്തു. മുൻ വർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചതിൽ നിന്നും

ഫണ്ട് നല്ല രീതിയിൽ ചെലവഴിച്ചതായി മനസ്സിലാക്കുന്നതായും ഗവൺമെന്റ് ഫണ്ട് അനുവദിക്കാത്ത വർഷങ്ങളിൽ പോലും റോഡ് സുരക്ഷാ ആവശ്യങ്ങൾക്കായി തുക വിനിയോഗിച്ചിട്ടുണ്ടെന്നും സമിതി വിലയിരുത്തി.

റോഡിന് ഇരുവശവും സുരക്ഷാ ക്യാമറകൾ സ്ഥാപിച്ചതിന്റെ പണം റോഡ് സേഫ്റ്റി അതോറിറ്റിയാണോ നൽകേണ്ടതെന്ന സമിതിയുടെ ചോദ്യത്തിന്, കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നാണ് പ്രസ്തുത തുക നൽകേണ്ടതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചു

റോഡ് സേഫ്റ്റി അതോറിറ്റിയുടെ അക്കൗണ്ടിൽ വരുന്ന ഫണ്ട് തിരിച്ചെടുക്കുക യാണെന്നും പ്രസ്തുത ഫണ്ടിലേക്ക് വരുന്ന റസ്റ്റ് ഹൗസുകളുടെ വാടകയും ഗവൺമെന്റ് എടുക്കുകയാണെന്നും സമിതി ചൂണ്ടിക്കാട്ടി.

പോലീസ്, മോട്ടോർ വാഹനം, പൊതുമരാമത്ത്, കെ.എസ്.ടി.പി. തുടങ്ങിയ വകുപ്പുകളുടെ ചെലവിനത്തിൽ 79 കോടി രൂപയോളം ബാധ്യതയുള്ളപ്പോൾ ഫണ്ട് യഥാസമയം റിലീസ് ചെയ്യാതിരിക്കുന്നത് അഭികാമ്യമല്ല എന്ന് സമിതി വിലയിരുത്തി. കൂടാതെ ടി തുക കൊടുത്ത് തീർക്കാതെ പുതിയ വർക്കിന് ഭരണാനുമതി കൊടുക്കുന്നതുകൊണ്ട് കാര്യമില്ലായെന്നും സമിതി നിരീക്ഷിച്ചു

ഗവൺമെന്റ് തടഞ്ഞ് വച്ചിരിക്കുന്ന 435 കോടി രൂപ ഉടനെ റിലീസ് ചെയ്യണമെന്ന് സി. & എ.ജി. റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ളതായി ഗതാഗതവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. പ്രസ്തുത തുക സൂചിപ്പിച്ചുകൊണ്ടുള്ള ശിപാർശ നൽകുവാൻ സമിതി ആവശ്യപ്പെട്ടു.

റോഡപകടങ്ങളിലെ അത്യാഹിതനിരക്ക് കുറയ്ക്കുന്നതിൽ റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനങ്ങൾ ഫലപ്രദമാകുന്നില്ലായെന്ന സമിതിയുടെ നിരീക്ഷണത്തിന്, കഴിഞ്ഞ വർഷം ജില്ലാ കളക്ടർമാരുമായി വീഡിയോ കോൺഫറൻസ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ നിമിത്തം അപകടങ്ങൾ കുറയ്ക്കുന്ന കാര്യത്തിൽ 7% പുരോഗതി കൈവരിക്കാൻ സാധിച്ചുവെന്നും അടുത്ത വർഷം ഇത് 10 ശതമാനമായി <u>ഉയർത്തുന്നതിനുള്ള</u> നടപടികൾ സ്വീകരിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നതെന്നും മന്ത്രിമാരും ജില്ലാ കളക്ടർമാരുമായുള്ള ഏകോപനത്തിലൂടെ കുറച്ചുകൂടി ശക്തമായി . കാര്യങ്ങൾ നടപ്പിലാക്കിയാൽ റോഡപകടങ്ങൾ കുറയ്ക്കുന്ന കാര്യത്തിൽ പുരോഗതിയുണ്ടാകുമെന്നും ഗതാഗതവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു.

വിപുലമായ പ്രൊപ്പോസൽ തയ്യാറാക്കിയാലും ഫണ്ടിന്റെ അപര്യാപ്തതയാണ് കാര്യങ്ങൾ നടപ്പിലാക്കുന്നതിന് തടസ്സമെന്ന് ട്രാൻസ്പോർട്ട് കമ്മീഷണർ അഭിപ്രായപ്പെട്ടു.

റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കാലാനുസൃതമായ പരിഷ്കരണം കൊണ്ടുവരേണ്ട ആവശ്യകതയെക്കുറിച്ച് വിവരിച്ച സമിതി, മോട്ടോർ വാഹന വകുപ്പിന് കീഴിൽ ട്രാഫിക് പോലീസിനെ കൊണ്ടുവന്നാൽ റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ മാറ്റമുണ്ടാക്കുവാൻ സാധിക്കുമെന്ന് അഭിപ്രായപ്പെട്ടു.

കഴിഞ്ഞ വർഷം റോഡപകടങ്ങൾ 7% കുറയ്ക്കാൻ കഴിഞ്ഞുവെങ്കിലും ഈ വർഷം അതിന് സാധിച്ചിട്ടില്ലായെന്ന് സമിതി സ്പഷ്ടമാക്കി. റോഡപകടങ്ങളുടെ നിരക്ക് പത്ത് ശതമാനമോ പതിനഞ്ച് ശതമാനമോ ആയി കുറയ്ക്കാനുള്ള ലക്ഷ്യത്തോടുകൂടി എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ രണ്ട് മൂന്ന് മാസത്തിനുള്ളിൽ നടപ്പാക്കാൻ സാധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുവാൻ ആധുനിക സംവിധാനങ്ങൾ ആവശ്യമാണെന്നിരിക്കെ യഥാസമയം ഫണ്ട് ചെലവഴിക്കാൻ സാധിക്കാത്തതിനാൽ പ്രൊപ്പോസൽ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്നില്ലായെന്ന് സമിതി വ്യക്തമാക്കി.

ഇക്കാര്യത്തിൽ ഓരോ വകുപ്പിന്റെയും ആവശ്യപ്രകാരം ഫണ്ട് ലഭ്യമാക്കിയാൽ മതിയെന്ന് അഭിപ്രായപ്പെട്ട സമിതി, നിലവിൽ പൂർത്തിയാക്കാൻ തീരുമാനമെടുത്ത പദ്ധതികൾക്കായി ബാക്കിയുള്ള 5 കോടി രൂപ മുൻഗണനാക്രമത്തിൽ ഉപയോഗിക്കണമെന്നും വിനിയോഗിക്കാത്തപക്ഷം തുക തിരികെയെടുക്കാൻ സാധ്യതയുണ്ടെന്നും വിലയിരുത്തി.

പ്രസ്തുത തുക മുൻഗണനാ ക്രമത്തിൽ തന്നെ ഉപയോഗിക്കാമെന്ന് ട്രാൻസ്പോർട്ട് കമ്മീഷണർ അറിയിച്ചു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റോഡ് സേഫ്റ്റി അതോറിറ്റി പൂർത്തിയാക്കിയ പ്രവൃത്തികളുടെ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

II. <u>2018-ലെ കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) റൂൾസ് സംബന്ധിച്ച്</u>

(ഫയൽ നമ്പർ 2910/സബ്.സി.എ 2/2018/നി.സെ.)

2008-ലെ കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ 5, 6 എന്നീ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനായി കൊണ്ടുവന്ന 2018-ലെ കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) റൂൾസിന്റെ കരട്, ഭേദഗതികൾ കൂടാതെ സമിതി അംഗീകരിച്ചു.

III. (1) 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്റെ ശിപാർശ നമ്പർ 88-96, 114 എന്നിവയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന

ഖണ്ഡിക നമ്പർ 88 മുതൽ 94 വരെയുള്ള ശിപാർശകളിൽ നോൺ-പ്ലാൻ എക്സ്പെൻഡിച്ചറിൽ വേജസ്, ഡെയ്‌ലി വേജസ്, റിപ്പയർ ആന്റ് മെയിന്റനൻസ് തുടങ്ങിയവയ്ക്കുവേണ്ടി കൂടുതൽ തുക സമിതി ശിപാർശ ചെയ്തിരുന്നതായി തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി. കഴിഞ്ഞ വർഷം ലഭിച്ച തുക തികയാതിരുന്ന തിനാൽ ഉപധനാഭ്യർത്ഥനവഴി ആവശ്യപ്പെട്ട തുക ലഭിച്ചുവെന്നും ലഭ്യമായ തുക ചെലവഴിച്ചശേഷം കൂടുതൽ തുക ആവശ്യമായി വന്നാൽ നടപ്പ് വർഷവും ഉപധനാഭ്യർത്ഥനവഴി തുക ആവശ്യപ്പെടുന്നതാണെന്നും തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു.

വലിയതുറ ഓഫീസിന്റെ ബൗണ്ടറിവാൾ നിർമ്മാണത്തിന് 3 കോടി രൂപ ആവശ്യമുണ്ടെന്ന ഖണ്ഡിക നമ്പർ 95-ലെ ശിപാർശയിന്മേൽ 1 കോടി 70 ലക്ഷം രൂപയുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു പ്രവൃത്തി തുടങ്ങുന്നതിനുള്ള ടെന്റർ നടപടികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തരം നടന്നുവരുന്നതായും ഇതിന്റെ ബിൽ വരുമ്പോഴേക്കും തുക ധനകാര്യ വകുപ്പിൽ നിന്നും ലഭിക്കുന്നതാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു ടി തുക തികയാതെ വരുന്ന പക്ഷം അധിക തുകയ്ക്കുള്ള പ്രപ്പോസൽ സമർപ്പിക്കുന്നതാണെന്നും ഈ വർഷത്തെ 109 കോടി രൂപയുടെ ബഡ്ജറ്റ് പ്രൊവിഷനിൽ 100 കോടി രൂപയ്ക്ക് ഭരണാനുമതി കൊടുത്തതായും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു

പ്രസ്തുത നടപടി റിപ്പോർട്ടുകൾ സമിതി അംഗീകരിച്ചു

ശിപാർശ നമ്പർ 114

കെ.എസ്.ആർ.ടി.സി., പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുമായി ചേർന്ന് അതതു മാസങ്ങളിൽ ഓരോരുത്തരുടേയും അക്കൗണ്ടിലേയ്ക്ക് പെൻഷൻ തുക നിക്ഷേപിക്കുകയും സഹകരണ സംഘങ്ങൾക്ക് ഓരോ ആറ് മാസം കൂടുമ്പോഴും ഗവൺമെന്റ് ടി തുക മടക്കിനൽകുകയും ചെയ്യുന്നതുകൊണ്ട് പെൻഷനുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ പ്രശ്നങ്ങളൊന്നുമില്ല എന്ന് ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

സാമൂഹ്യമായ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. ചെലവിടുന്ന തുക സർക്കാർ നൽകണമെന്ന് സമിതി ആവശ്യപ്പെട്ടു

പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു

(2) 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാം മത് റിപ്പോർട്ട് - 24-4-2018-ലെ സമിതിയോഗ നിർദ്ദേശത്തിന്മേലുള്ള നടപടി പത്രിക

(ഫയൽ നമ്പർ 3674/സബ്.സി.എ 2/2018/നി.സെ.)

2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ, ഖണ്ഡിക നമ്പർ 133-ലെ ശിപാർശയിന്മേലുള്ള തുടർനടപടി റിപ്പോർട്ട് സമിതി പരിഗണിച്ചു.

കുട്ടികൾക്ക് നൽകുന്ന യാത്രാ സൗജന്യത്തിന് തുല്യമായ തുക സർക്കാർ കെ.എസ്.ആർ.ടി.സി.-ക്ക് നൽകുന്നത് സംബന്ധിച്ച ശിപാർശയാണിതെന്നും യാത്രാ സൗജന്യം നൽകുന്ന ഇനത്തിൽ ഏകദേശം 246 കോടി രൂപ കഴിഞ്ഞ വർഷം ലഭിക്കാനുള്ളതായാണ് മനസ്സിലാക്കുന്നതെന്നും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചൂണ്ടിക്കാട്ടി. യാത്രാസൗജന്യത്തിനായി കൊടുക്കുന്ന തുക അതുപോലെ റീ-ഇമ്പേഴ്സ് ചെയ്യാൻ കഴിയാത്തതിനാൽ ഈ വർഷത്തെ ബഡ്ജറ്റ് വിഹിതം 1,000 കോടി രൂപയായി ഉയർത്തിയിട്ടുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

മുൻ വർഷങ്ങളിൽ 50 ശതമാനം തുകയാണ് പെൻഷൻ വിതരണത്തിനായി സർക്കാർ നൽകികൊണ്ടിരുന്നതെന്നും വികസന പ്രവർത്തനങ്ങൾക്കായി കെ.എസ്.ആർ.ടി.സി.-ക്ക് ഇപ്പോൾ അനുവദിച്ച 1000 കോടി രൂപ പെൻഷൻ ആവശ്യത്തിനായി മാറ്റി ഉപയോഗിക്കുവാൻ സർക്കാർ അവശ്യപ്പെടുന്നതായും സമിതി വ്യക്തമാക്കി. 1000 കോടി രൂപയിൽ പെൻഷൻ ഇനത്തിൽ രണ്ട് ഘട്ടമായി 316 കോടി രൂപ വീതം ഏകദേശം 700 കോടി രൂപ ചെലവാകുമെന്നും അങ്ങനെ വരുമ്പോൾ മറ്റ് വികസന പ്രവർത്തനങ്ങൾക്കായി പണമില്ലാതെ വരുമെന്നും സമിതി അഭിപ്രായപ്പെട്ടു. ബഡ്ജറ്റ് വിഹിതമായ 1000 കോടി രൂപയ്ക്ക് പുറമേ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പെൻഷൻ കൊടുക്കാനുള്ള അധിക ബാധ്യതയുടെ 50 ശതമാനം തുക കൂടി സർക്കാർ നൽകിയാൽ മാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളൂവെന്ന് സമിതി അഭിപ്രായപ്പെട്ടു.

യാത്രാ ആനുകൂല്യം കൊടുക്കുന്നതിനുള്ള തുക റീ-ഇമ്പേഴ്സ് ചെയ്യാനാണ് സമിതി ശിപാർശ ചെയ്തതെന്ന് ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ വികസന പ്രവർത്തനങ്ങൾക്കായി കിട്ടിയ 1000 കോടി രൂപ കൂടാതെ പെൻഷൻ ഇനത്തിൽ 50 ശതമാനം തുക കൂടി നൽകാൻ സർക്കാരിന് ബാധ്യതയുണ്ടെന്നും അത് ലഭിച്ചാൽ പ്രതിമാസം 32 കോടി രൂപയോളം ലഭിക്കുമെന്നും സമിതി അഭിപ്രായപ്പെടുകയും നടപടി പത്രിക അംഗീകരിക്കുകയും ചെയ്തു.

(3) 2013-14-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 3075-60-800-93 ഇടുക്കി എയർപോർട്ടിനായുള്ള സാധ്യതാ പഠനം എന്ന ശീർഷകത്തിൽ സമിതി നൽകിയ ശിപാർശയിന്മേലുള്ള നടപടി റിപ്പോർട്ട്

(ഫയൽ നമ്പർ 2304/സബ്.സി.എ 2/2016/നി.സെ.)

ഇടുക്കി ജില്ലയിൽ എയർപോർട്ട് സ്ഥാപിക്കുന്നത് സംബന്ധിച്ച് 2012-ൽ ഗവൺമെന്റ് ഒരു ഉത്തരവിറക്കുകയും ഇതിന്റെ ചുമതല നൽകിയിരുന്ന കെ.എസ്.ഐ.ഡി.സി. അതിന്റെ സാധ്യതാപഠനത്തിന് ന്യൂഡൽഹിയിലെ ഐ. എഫ്. സി. ഐ. ലിമിറ്റഡിനെ കൺസൾട്ടന്റായി തെരഞ്ഞെടുത്തെങ്കിലും പദ്ധതി പ്രദേശത്തെ ജനങ്ങളുടെ പ്രക്ഷോഭം കാരണം സർവ്വേ നടത്താൻ സാധിക്കാത്തതിനാൽ 2014-ൽ എയർപോർട്ട് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ വേണ്ടെന്നുവച്ചതായി പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത വകുപ്പ് വ്യക്തമാക്കി. ഗുരുവായൂർ, കൽപ്പറ്റ, പാലക്കാട്, മൂന്നാർ, തേക്കടി, ആലപ്പുഴ ബീച്ച്, കൊല്ലം ആശ്രാമം മൈതാനം, വർക്കല, കുമരകം എന്നീ 9 ടൂറിസ്റ്റ് സ്ഥലങ്ങളിൽ ഹെലി ടാക്സി സർവ്വീസ്/ചെറിയ എയർ സ്ട്രിപ്പുകൾ സ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്നും അതിന്റെ സാധ്യതാപഠനത്തിനായി CIAL-നെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും പഠന റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ലായെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. നിലവിൽ ഉഡാൻ സ്കീമിൽപ്പെടുത്തി പല സ്ഥലങ്ങളിലും എയർ സ്ട്രിപ്പുകളുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്ന് പ്രിൻസിപ്പൽ സെക്രട്ടറി ചൂണ്ടിക്കാട്ടി. ആയതിനാൽ മേൽപ്പറഞ്ഞ 9 സ്ഥലങ്ങളിൽ ഹെലി ടാക്സി അല്ലെങ്കിൽ പന്ത്രണ്ടോളം സീറ്റുവരുന്ന ചെറിയ എയർ സ്ട്രിപ്പുകൾ ആരംഭിക്കാൻ ഉദ്ദേശമുണ്ടെന്നും അതിന് കൂടുതൽ സ്ഥലം ആവശ്യമില്ലായെന്നും പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു.

സർക്കാർ തീരുമാനപ്രകാരമാണ് കേരളത്തിലെ 9 പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട ഈ സ്കീമിന്റെ സാധ്യതാ പഠനം നടത്താൻ CIAL-നെ ഏൽപ്പിച്ചതെന്നും അതുകൊണ്ട് സാധ്യതാ പഠനം നടത്താനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നും റിപ്പോർട്ട് ലഭ്യമായതിന് ശേഷം മറ്റ് കാര്യങ്ങൾ തീരുമാനിക്കുന്നതാണെന്നും, സമിതി അഭിപ്രായപ്പെട്ടു.

IV. 2017-ലെ കേരള മാരിടൈം ബോർഡ് ആക്ട്-കരട് ചട്ടങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്

(ഫയൽ നമ്പർ 4885/സബ്.സി.എ 2/2017/നി.സെ.)

പ്രസ്തുത ആക്ടിന്റെ കരട് ചട്ടങ്ങൾ ലഭ്യമാക്കാൻ കാലതാമസമുണ്ടാകുന്നതിന്റെ കാരണത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, കരട് ചട്ടം നിയമ വകുപ്പ് മുഖേന ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചെങ്കിലും അംഗീകാരം ലഭിച്ചിട്ടില്ലായെന്നും ടി ഫയൽ വീണ്ടും

പരിശോധിക്കാൻ തീരുമാനിച്ചിരിക്കുന്നതുകൊണ്ട് റൂൾ നോട്ടിഫൈ ചെയ്യാൻ ഇതുവരെ സാധിച്ചിട്ടില്ലായെന്നും പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

ഹൗസ്ബോട്ടുകൾ പോർട്ട് ഓഫീസറുടെ നിയന്ത്രണത്തിലാണോയെന്നത് സംബന്ധിച്ച വിശദാംശങ്ങൾ സമിതി ആരാഞ്ഞതിന്, ഹൗസ്ബോട്ടുകളുമായി ബന്ധപ്പെട്ട സർവ്വേ നിലവിൽ നടക്കുകയാണെന്നും രണ്ടുമാസംമുമ്പ് ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന യോഗതീരുമാനപ്രകാരം റീ-രജിസ്ട്രേഷനുവേണ്ടി എല്ലാവർക്കും അവസരം കൊടുക്കുകയും അത് ആരംഭിക്കുകയും ചെയ്തതായി തുറമുഖവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

ഹൗസ്ബോട്ടുകളുടെ സർട്ടിഫിക്കേഷൻ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, രജിസ്ട്രേഷൻ നടത്തുന്നതിന് തുറമുഖവകുപ്പിന് പ്രത്യേകം ഉദ്യോഗസ്ഥരുണ്ടെന്നും തിരുവനന്തപുരം, ആലപ്പുഴ എന്നീ സ്ഥലങ്ങളിൽ അതിന് ഓഫീസുണ്ടെന്നും എന്നാൽ ടി ഉദ്യോഗസ്ഥന് പോർട്ടിന്റെ പൂർണ്ണമായ ചുമതല ഇല്ലായെന്നും തുറമുഖവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു.

ഹൗസ്ബോട്ടുകളുടെ രജിസ്ട്രേഷനിലും ഡ്രൈവർമാർക്ക് ലൈസൻസ് അനുവദിക്കുന്നതിലും വലിയ തോതിലുള്ള ക്രമക്കേടുകൾ നടക്കുന്നതായി ചൂണ്ടിക്കാട്ടിയ സമിതി, ആലപ്പുഴ ജില്ലയിലെ പോർട്ട് ഓഫീസിൽ യോഗം ചേർന്ന് പരിശോധന നടത്തുവാൻ തീരുമാനിച്ചു. പ്രളയ സമയത്ത് അപ്പർ കുട്ടനാട്ടിലെ 30 പഞ്ചായത്തുകളിലെയും കുട്ടനാട് താലൂക്കിലെയും മൂന്നര ലക്ഷം ആളുകളെ മാറ്റിപ്പാർപ്പിക്കുന്നതിന് ബോട്ടുകൾ ആവശ്യമായി വന്നപ്പോൾ രക്ഷാ പ്രവർത്തനത്തിനെത്തിയത് വാട്ടർ ട്രാൻസ്പോർട്ടിന്റെ ബോട്ടുകളായിരുന്നുവെന്ന് നിരീക്ഷിച്ച സമിതി, സ്വകാര്യ ആവശ്യങ്ങൾക്കായി സർക്കാരിന്റെ സ്ഥലം ഉപയോഗിക്കുകയും എന്നാൽ പ്രളയ സമയത്തെ രക്ഷാപ്രവർത്തനങ്ങൾക്കായി ഹൗസ്ബോട്ടുകൾ വിട്ടുതരാതിരിക്കുകയും ചെയ്ത സ്വകാര്യ ഹൗസ് ബോട്ടുടമകളുടെ നടപടിയിൽ അതൃപ്തി രേഖപ്പെടുത്തി. രക്ഷാപ്രവർത്തനം നടത്താൻ രണ്ട് ദിവസംകൂടി ബാക്കിയുള്ളപ്പോൾ ഹൗസ്ബോട്ടുകളുടെ ലിസ്റ്റ് ലഭ്യമാക്കുന്നതിനായി പോർട്ട് ഓഫീസറെ ബന്ധപ്പെട്ടെങ്കിലും അദ്ദേഹം വരികയോ ആവശ്യപ്പെട്ട ലിസ്റ്റ് നൽകുകയോ ചെയ്തില്ലായെന്നും പോർട്ട് ഓഫീസറുടെ ഭാഗത്തുനിന്നുണ്ടായ നിസ്സഹകരണവും ഉത്തരവാദിത്വമില്ലായ്മയും പൊതുസമൂഹത്തിന് യോജിക്കാത്തതാണെന്നും സമിതി വിലയിരുത്തി. പ്രസ്തുത മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ നിയമാനുസൃതമായി ക്രമീകരിക്കുന്നതിന്റെ ഭാഗമായി ഒരു യോഗം പോർട്ട് ഓഫീസിൽ ചേരേണ്ടതുണ്ടെന്ന് സമിതി നിർദ്ദേശിച്ചു. യോഗ തീയതിയും യോഗത്തിൽ ഹാജരാക്കേണ്ടുന്ന രേഖകളെ സംബന്ധിച്ച ലിസ്റ്റും തുറമുഖ വകുപ്പ് മന്ത്രിയുമായി ആലോചിച്ചതിനുശേഷം തീരുമാനിക്കുന്നതാണെന്ന് സമിതി തീരുമാനിച്ചു.

സർക്കാർ വക 1200 ഹൗസ്ബോട്ടുകൾ കൂടാതെ പോർട്ട് ഡയറക്ടറേറ്റിൽ രജിസ്റ്റർ ചെയ്ത 8000 ബോട്ടുകളുടെ ഉടമകളുടെ പേരും അഡ്രസ്സും ഫോൺ നമ്പറും ആഗസ്റ്റ് 21-ാം തീയതി രാത്രി അതാത് ജില്ലാ കളക്ടർമാർക്ക് കൺട്രോൾ റൂമിൽനിന്നും നേരിട്ട് അയച്ചുകൊടുത്തതായും ചില ജില്ലാ കളക്ടർമാരോട് കാര്യങ്ങൾ സംസാരിച്ചതായും എല്ലാ ജില്ലാ കളക്ടർമാർക്കും വാട്ട്സ് ആപ്പ് സന്ദേശം അയച്ചതായും തുറമുഖവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. ചില ജില്ലകളിൽ ലഭ്യമായ ബോട്ടുകൾ പ്രവർത്തനക്ഷമമായിരുന്നില്ലായെന്നും ചില ജില്ലകളിൽ ബോട്ട് എത്തിക്കുന്നതിനുള്ള സാഹചര്യമില്ലായിരുന്നുവെന്നും പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു. ചില ജില്ലാ കളക്ടർമാർ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് ഉപയോഗിച്ച് ബോട്ടുകൾ പിടിച്ചെടുത്തതായും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു

ആലപ്പുഴയിലെ രക്ഷാപ്രവർത്തനത്തിന് ലൈസൻസുള്ള ഡ്രൈവർമാരോ ബോട്ടിന്റെ എണ്ണമനുസരിച്ച് ഡ്രൈവിംഗ് ലൈസൻസുള്ളവരോ ഇല്ലായെന്നും അവരെ നിയന്ത്രിക്കാനുള്ള സംവിധാനം തുറമുഖ വകുപ്പിനില്ലായെന്നും പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി. 10 ഡ്രൈവർമാരുടെ ലൈസൻസ് 100 പേർ ഉപയോഗിക്കുന്ന സ്ഥിതിയാണെന്നും റിസോർട്ട് ഉടമകൾ ഒരു ഡ്രൈവറുടെ ലൈസൻസിന്റെ ഫോട്ടോകോപ്പി ഉപയോഗിച്ച് അവരുടെ ഉടമസ്ഥതയിലുള്ള ബോട്ടുകൾ രജിസ്റ്റർ ചെയ്യുന്ന പ്രവണതയുള്ളതായും പ്രിൻസിപ്പൽ സെക്രട്ടറി വിവരിച്ചു.

ബോട്ടുകൾക്ക് ലൈസൻസ് അനുവദിക്കുന്ന അതോറിറ്റിയെ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, കേരളത്തിൽ ഇതിന് പ്രത്യേക ലൈസൻസിംഗ് അതോറിറ്റിയില്ലായെന്നും ബോട്ടിന്റെ സൈസ് അനുസരിച്ചാണ് ലൈസൻസ് അനുവദിക്കുന്നതെന്നും തുറമുഖവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദമാക്കി.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്ത് ഗൗരവകരമായ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്നും അതിനായി ഒരു യോഗം ചേരണമെന്നും സമിതി അഭിപ്രായപ്പെട്ടു. കൂടാതെ വകുപ്പിലെ ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടു.

സംസ്ഥാനത്ത് ഒരു ലൈസൻസിംഗ് ട്രെയിനിംഗ് സെന്റർ തുടങ്ങുന്നതിന്റെ സാധ്യത സമിതി ആരാഞ്ഞതിന്, തുറമുഖവകുപ്പ് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചിട്ടുണ്ടെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു

യോഗം ഉച്ചയ്ക്ക് ശേഷം 1.00 മണിക്ക് പിരിഞ്ഞു.

## 11-12-2018-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2018 ഡിസംബർ 11-ാം തീയതി ചൊവ്വാഴ്ച സഭാ സമ്മേളനത്തിനുശേഷം രാവിലെ 10.10-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുമായ ശ്രീ. ജി. സുധാകരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും ബഹു. ഗതാഗത വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രനും സന്നിഹിതരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ:</u>

1. ശ്രീ. വി. അബ്ദുറഹിമാൻ, എം.എൽ.എ.
2. ശ്രീ. എൻ. ഷംസുദ്ദീൻ,എം.എൽ.എ.
3. ശ്രീ. വി. ആർ. സുനിൽ കുമാർ,എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി രജനി വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീമതി കെ. മിനി, സ്പെഷ്യൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
2. ശ്രീ. എം. കെ. സാദിഖ്, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീമതി ഇന്ദുകല പി., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീമതി സിനി ജെ. ഷുക്കൂർ, ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്
5. ശ്രീ. പി. റ്റി. ജോയി, ഡെപ്യൂട്ടി സെക്രട്ടറി, മത്സ്യബന്ധനവും തുറമുഖവും വകുപ്പ്
6. ശ്രീ. ല്യൂയിസ് എ. ഫെർണാണ്ടസ്, സീനിയർ ഫിനാൻസ് ഓഫീസർ, പൊതുമരാമത്ത് വകുപ്പ് (റോഡ്സ് ആന്റ് ബ്രിഡ്ജസ്)

7. ശ്രീ. എം. എൻ. ജീവരാജ്, ചീഫ് എഞ്ചിനീയർ (റോഡ്സ് ആന്റ് ബ്രിഡ്ജസ്), പൊതുമരാമത്ത് വകുപ്പ്

8. ശ്രീ. എസ്. സുരേഷ് കുമാർ, ചീഫ് എഞ്ചിനീയർ, ഇൻലാന്റ് നാവിഗേഷൻ & കുട്ടനാട് പാക്കേജ്, ആലപ്പുഴ

9. ശ്രീ. കെ. രാജേഷ്, ഫിനാൻസ് മാനേജർ, കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്.

സമിതി, താഴെപ്പറയുന്ന വിഷയങ്ങൾ പരിഗണിക്കുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തു:

I. <u>2018-ലെ കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) റൂൾസ്-എസ്.ആർ.ഒ. നമ്പർ 670/2018</u>

(ഫയൽ നമ്പർ 1046/സബ്.സി.എ 2/18/നി.സെ.)

അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമിതരായ ശ്രീ. സുരേഷ് എ. എസ്., ശ്രീ. എൽദോസ് കെ. കെ., ശ്രീ. ശ്യാംകുമാർ എം. എന്നിവരെ തരംതാഴ്ത്തണമെന്ന ഉത്തരവിനെതിരെയുള്ള സ്റ്റേ ഒഴിവാക്കാൻ വകുപ്പ് സ്വീകരിച്ച നടപടി സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് സ്റ്റേ ഒഴിവാക്കുന്നതിനുള്ള നടപടികളെടുക്കേണ്ടത് എ.ജി. ആണെന്ന് ജോയിന്റ് സെക്രട്ടറി, ഗതാഗതവകുപ്പ് അറിയിച്ചു.

നിയമസഭാ സമിതിയുടെ നടപടിക്രമങ്ങളിൽ ഇടപെടാൻ കോടതിയ്ക്ക് അധികാരമില്ലെന്നിരിക്കെ സബ്ജക്ട് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി പുറപ്പെടുവിച്ച എസ്.ആർ.ഒ. പ്രകാരം സ്വീകരിച്ച നടപടി സ്റ്റേ ചെയ്യാനുണ്ടായ സാഹചര്യം പരിശോധിക്കുവാൻ സമിതി ആവശ്യപ്പെട്ടു.

സ്റ്റേ കാലാവധി കഴിഞ്ഞാൽ തുടർന്നുള്ള നടപടിക്രമം സംബന്ധിച്ചുള്ള സമിതിയുടെ ചോദ്യത്തിന്, മറ്റ് ഹിയറിംഗ് ഒന്നും നടന്നില്ലായെങ്കിൽ കാലാവധി കഴിഞ്ഞാൽ സ്റ്റേ നിലനിൽക്കില്ലെന്ന് നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

ഇടക്കാല ഉത്തരവിലെ സ്റ്റേ ഒഴിവാക്കുന്നതിന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച വിശദീകരണം ആവശ്യപ്പെടുവാനും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത കേസിൽ സർക്കാർ നിലപാട് ഉന്നയിക്കുന്നതിൽ ഗവൺമെന്റ് പ്ലീഡറുടെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടുണ്ടോ എന്നത് സംബന്ധിച്ചും നിയമപ്രകാരം സർക്കാർ എടുത്ത തീരുമാനം

സ്റ്റേ ചെയ്യാനുണ്ടായ സാഹചര്യം എന്താണെന്നത് സംബന്ധിച്ചും പരാതിക്കാർക്ക് നിയമ വിരുദ്ധമായി ആനുകൂല്യം ലഭിച്ചത് സംബന്ധിച്ചും പരിശോധിക്കുവാനും സമിതി നിർദ്ദേശിച്ചു.

പ്രസ്തുത എസ്.ആർ.ഒ. സ്റ്റേ ചെയ്തിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, എസ്.ആർ.ഒ. സ്റ്റേ ചെയ്തിട്ടില്ലായെന്നും അതനുസരിച്ചുള്ള പ്രവർത്തനങ്ങളാണ് സ്റ്റേ ചെയ്തതെന്നും ഗതാഗതവകുപ്പ് ജോയിന്റ് സെക്രട്ടറി വിശദീകരിച്ചു.

പ്രസ്തുത എസ്.ആർ.ഒ. സമിതി സാധൂകരിച്ചു.

II. (1) <u>2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 114, 119-123, 127 എന്നീ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന</u>

(ഫയൽ നമ്പർ 4509/സബ്.സി.എ 2/16/നി.സെ.)

സമിതി, 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 114, 119, 120 എന്നീ ശിപാർശ കളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു.

<u>ശിപാർശ നമ്പർ 121-5056-00-190-93– ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധന ചെലവ്-പൊതുമേഖലയിലും മറ്റ് സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ-കാർഗോ ബാർജ്ജുകളുടെ നിർമ്മാണം (കേരള സംസ്ഥാന ഉൾനാടൻ ജലഗതാഗത കോർപ്പറേഷൻ ലിമിറ്റഡ്)</u>

പ്രസ്തുത ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, കാർഗോ ബാർജ്ജുകളുടെ നിർമ്മാണത്തിനായി ടെണ്ടറുകൾ വിളിച്ചെങ്കിലും ടെന്ററിൽ ലഭിച്ച തുക എസ്റ്റിമേറ്റിനെക്കാളും ഉയർന്നതാകയാൽ കേരള സംസ്ഥാന ഉൾനാടൻ ജലഗതാഗത കോർപ്പറേഷൻ ലിമിറ്റഡിന്റെ തോപ്പുംപടിയിലെ യാർഡിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചുവെന്നും ആയതിന്റെ അടിസ്ഥാനത്തിൽ, ബാർജ്ജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതായും ഫിനാൻസ് മാനേജർ, കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് സമിതിയെ അറിയിച്ചു.

കൂടാതെ ഓയിൽ, ആസിഡ് എന്നീ രണ്ട് ബാർജ്ജുകളിൽ, ഓയിൽ ബാർജിന്റെ നിർമ്മാണ പ്രവൃത്തി 2019 മാർച്ച് മാസത്തിലും ആസിഡ് ബാർജിന്റെ നിർമ്മാണ പ്രവൃത്തി 2019 ജൂൺ മാസത്തിലും പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് ഫിനാൻസ് മാനേജർ വിശദീകരിച്ചു.

കോർപ്പറേഷൻ ഏറ്റെടുത്ത് ചെയ്യുന്ന പ്രസ്തുത പ്രവൃത്തിയുടെ ചെലവ് എസ്റ്റിമേറ്റിനെക്കാൾ കൂടുതലായാൽ എന്ത് നടപടി സ്വീകരിക്കുമെന്ന സമിതിയുടെ ചോദ്യത്തിന്, ഒരു ബാർജിന് നാലരക്കോടി രൂപയും മറ്റൊന്നിന് നാലുകോടി രൂപയുമാണ് വിനിയോഗിച്ചിരിക്കുന്നതെന്നും പ്രസ്തുത തുകയ്ക്കുള്ളിൽനിന്ന് മാത്രമേ കോർപ്പറേഷൻ നിർമ്മാണ പ്രവൃത്തി ചെയ്യുകയുള്ളൂവെന്നും കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് ഫിനാൻസ് മാനേജർ മറുപടി നൽകി.

കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പുമായി ബന്ധപ്പെട്ട നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കവേ, വിശദീകരണം നൽകാൻ ബന്ധപ്പെട്ട വകുപ്പിൽനിന്നും സെക്രട്ടറിയോ സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരോ ഹാജരാകാത്തതിനാൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ആയത് സംബന്ധിച്ച വിശദീകരണം സി.എസ്.ഐ.എൻ. വകുപ്പിനോട് ആവശ്യപ്പെടുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

2016-17 സാമ്പത്തിക വർഷത്തെ ശിപാർശ നമ്പർ 121, 122 എന്നിവയുടെ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

ഖണ്ഡിക നമ്പർ 123 പരിഗണിച്ച സമിതി, കനാലുകളുടെ വികസനത്തിന് രൂപരേഖ തയ്യാറാക്കുന്നതിന് നാറ്റ്പാക്ക് നടത്തിയ പഠനത്തിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ച് ആരാഞ്ഞതിന്, കിഫ്ബിയിൽ നിന്നുമാണ് അതിന് തുക നൽകുന്നതെന്നും നാറ്റ്പാക്ക് പഠനം പൂർത്തിയാക്കി റിപ്പോർട്ട് കിഫ്ബിക്ക് നൽകിയിട്ടുണ്ടെന്നും ഫിനാൻസ് മാനേജർ, സി.എസ്.ഐ.എൻ. കോർപ്പറേഷൻ ലിമിറ്റഡ് അറിയിച്ചു.

ഈ കാര്യങ്ങൾ വകുപ്പിൽനിന്നും ലഭിച്ച മറുപടിയിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്ന് സമിതി ചൂണ്ടിക്കാട്ടി. പ്രസ്തുത മറുപടി എന്നാണ് നൽകിയതെന്ന സമിതിയുടെ ചോദ്യത്തിന്, ഇത് സംബന്ധിച്ച മറുപടി 12-5-2017-ന് നൽകിയിരുന്നുവെന്ന് സി.എസ്.ഐ.എൻ. കോർപ്പറേഷൻ ലിമിറ്റഡ് ഫിനാൻസ് മാനേജർ മറുപടി നൽകി.

17-9-2018-ൽ ലഭ്യമാക്കിയ മറുപടിയിൽ ഇപ്പോഴത്തെ അവസ്ഥയെ സംബന്ധിച്ച വിവരണം നൽകാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും വിശദീകരണം ആവശ്യപ്പെടുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

ഖണ്ഡിക നമ്പർ 123, 127 എന്നീ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

(2) 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 26-7-2016-ലെ യോഗ നിർദ്ദേശത്തിന്മേലുള്ള നടപടി റിപ്പോർട്ട്

(ഫയൽ നമ്പർ 5616/സബ്.സി.എ 2/16/നി.സെ.)

26-7-2016-ലെ യോഗത്തിൽ "3054-03-103-97 റോഡുകളും പാലങ്ങളും സംസ്ഥാന ഹൈവേകളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും (14-ാം ധനകാര്യ കമ്മീഷൻ ശിപാർശ)" എന്ന ശീർഷകത്തിൽ തുകയൊന്നും അനുവദിക്കാത്തതിലുള്ള സമിതിയുടെ അതൃപ്തി അറിയിക്കുന്നതിനും പ്രസ്തുത സമീപനം പുനഃപരിശോധിച്ച് ആവശ്യമുള്ള തുക അനുവദിക്കണമെന്ന സമിതിയുടെ ശിപാർശ ധനകാര്യ കമ്മീഷനെ അറിയിക്കുന്നതിനുമുള്ള തീരുമാനമെടുക്കുകയും ചെയ്തിരുന്നതായി സമിതി നിരീക്ഷിച്ചു.

പ്രസ്തുത ശീർഷകത്തിൽ തുക അനുവദിക്കുന്നതിന് ധനകാര്യ കമ്മീഷനോട് ആവശ്യപ്പെടാനാവില്ലെന്ന ധനകാര്യ വകുപ്പിന്റെ നിലപാടിനെ സമിതി വിമർശിച്ചു. ദേശീയപാതയുടെ അറ്റകുറ്റപ്പണികൾക്ക് കേന്ദ്ര ഫണ്ട് ലഭ്യമാക്കുന്നത് ധനകാര്യ വകുപ്പിന് അനുകൂലമായ കാര്യമാണെന്നും കേന്ദ്ര ഫണ്ട് കഴിഞ്ഞ് ബാക്കിയുള്ള തുക സംസ്ഥാന ഗവൺമെന്റ് നൽകിയാൽ മതിയാകുമെന്നും സമിതി അഭിപ്രായപ്പെട്ടു. കൂടാതെ ദേശീയ പാതയുടെ അറ്റകുറ്റപ്പണികൾ നടത്തിയില്ലെങ്കിൽ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തു നിന്നും വിശദീകരണം നൽകേണ്ടിവരുമെന്നതിനാൽ, ടി റിപ്പോർട്ട് അംഗീകരിക്കാൻ സാധിക്കില്ലായെന്ന് സമിതി അറിയിച്ചു.

കേന്ദ്രവിഹിതം ലഭിക്കാത്തത് കാരണം സംസ്ഥാന ഗവൺമെന്റ് 5 കോടി രൂപ വകയിരുത്തി അറ്റകുറ്റപ്പണികൾ നടത്തിയിരിക്കുകയാണെന്ന് ചൂണ്ടിക്കാണിച്ച സമിതി, സംസ്ഥാന ഹൈവേകളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കും ധനകാര്യ കമ്മീഷൻ തുക അനുവദിക്കാത്തതിൽ പ്രതിഷേധം അറിയിക്കുന്നത് ധനകാര്യവകുപ്പ് തടഞ്ഞതിനെക്കുറിച്ച് ആരാഞ്ഞതിന്, ധനകാര്യ വകുപ്പാണ് ഈ ശിപാർശ ധനകാര്യ കമ്മീഷന് നൽകേണ്ടതെന്നും 14-ാം ധനകാര്യ കമ്മീഷന്റെ കാലാവധി കഴിഞ്ഞു പോയതുകൊണ്ടാവാം തുക ആവശ്യപ്പെടുവാൻ സാധിക്കാത്തതെന്നും 15-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്താനുള്ള പ്രൊപ്പോസൽ കൊടുക്കാമെന്നും പൊതുമരാമത്ത് വകുപ്പ് സ്പെഷ്യൽ സെക്രട്ടറി വിശദീകരിച്ചു.

"3054-03-103-97 റോഡുകളും പാലങ്ങളും സംസ്ഥാന ഹൈവേകൾ സംരക്ഷണവും അറ്റകുറ്റപ്പണികളും (14-ാം ധനകാര്യ കമ്മീഷൻ ശിപാർശ)" എന്ന ശീർഷകത്തിൽ തുക വകയിരുത്തണമെന്ന ആവശ്യം ധനകാര്യ വകുപ്പ്, ധനകാര്യ കമ്മീഷന് സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്താത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും

ദേശീയപാതയുടെ അറ്റകുറ്റപ്പണികൾ എന്നത് അനിവാര്യ ഘടകമായതിനാൽ ഇനി ധനകാര്യ കമ്മീഷന് സമർപ്പിക്കുന്ന മെമ്മോറാണ്ടത്തിൽ ആയത് ഒരു ഇനമായി ചേർക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

കേന്ദ്ര വിഹിതം ലഭിക്കാത്തതിനാൽ അറ്റകുറ്റപ്പണികൾ നടത്താതെ തകർന്ന അവസ്ഥയിലായ റോഡുകളുടെ അറ്റകുറ്റപ്പണികൾ സംസ്ഥാന വിഹിതം ഉപയോഗിച്ച് നടത്തേണ്ടിവന്നതിനാൽ ധനകാര്യ വകുപ്പിന് സാമ്പത്തിക നഷ്ടമുണ്ടായതായി സമിതി അഭിപ്രായപ്പെടുകയും പൊതുമരാമത്ത് വകുപ്പിന്റെ ആവശ്യങ്ങൾ ധനകാര്യ കമ്മീഷനിൽ ഉന്നയിക്കാത്തതിലും, ധനകാര്യ വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ "അധിക തുക അനുവദിക്കണമെന്ന ശിപാർശ അംഗീകരിക്കാനാവില്ല" എന്ന പദപ്രയോഗം വന്നതിലും അതൃപ്തി രേഖപ്പെടുത്തുകയും ആയത് ധനകാര്യ വകുപ്പിനെ അറിയിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

(3) <u>2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്</u>

(ഫയൽ നമ്പർ 4540/സബ്.സി.എ 2/17/നി.സെ.)

സമിതി, ഖണ്ഡിക നമ്പർ 105, 112, 118, 119, 120 എന്നീ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

കൂടാതെ വിനോദസഞ്ചാരമേഖലയിൽ പ്രവർത്തിക്കുന്ന ഹൗസ് ബോട്ടുകളുമായി ബന്ധപ്പെട്ട നിയമാനുസൃതമായ സംവിധാനങ്ങളെക്കുറിച്ചും സുരക്ഷാക്രമീകരണങ്ങളെക്കുറിച്ചും അവലോകനം ചെയ്യുന്നതിനും ആലപ്പുഴ പോർട്ടിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനും 2019 ജനുവരി 4-ാം തീയതി ആലപ്പുഴ ജില്ലാ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സമിതി യോഗം ചേരുവാൻ തീരുമാനിച്ചു.

യോഗം രാവിലെ 11.00 മണിക്ക് പിരിഞ്ഞു.

## 4-1-2019-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2019 ജനുവരി 4-ാം തീയതി വെള്ളിയാഴ്ച രാവിലെ 10.30 മണിക്ക് ആലപ്പുഴ ജില്ലാ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ബഹു. ചെയർമാനും പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുമായ ശ്രീ. ജി. സുധാകരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ

സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും ബഹു. ഗതാഗത വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രനും സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ, എം.എൽ.എ.
2. ശ്രീ. വി. അബ്ദുറഹിമാൻ, എം.എൽ.എ.
3. ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.
4. ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.
5. ശ്രീ. സി. എഫ്. തോമസ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ഡോ. ആശാ തോമസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തുറമുഖ വകുപ്പ്
2. ശ്രീ. സുഹാസ് എസ്., ജില്ലാ കളക്ടർ, ആലപ്പുഴ
3. അഡ്വ. സി. ജെ. മാത്യു, ചെയർമാൻ, കേരള മാരിടൈം ബോർഡ്
4. ശ്രീ. വെങ്കിടേശപതി എസ്., ഡയറക്ടർ, ഫിഷറീസ്
5. ശ്രീ. അബ്ദുൾ സലാം കെ., ഡയറക്ടർ, ഇൻലാന്റ് നാവിഗേഷൻ ഡയറക്ടറേറ്റ്, കൊല്ലം
6. ശ്രീ. കെ. ടി. വർഗ്ഗീസ് പണിക്കർ, ഡയറക്ടർ, തുറമുഖ വകുപ്പ്
7. ക്യാപ്റ്റൻ ഹരി അച്ചുതവാര്യർ, പോർട്ട് ഓഫീസർ
8. ശ്രീ. ബി. കൃഷ്ണകുമാർ, അഡീഷണൽ എസ്.പി., ആലപ്പുഴ
9. ശ്രീ. എസ്. സന്തോഷ് കുമാർ, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് (I/C)
10. ശ്രീ. പി. റ്റി. ജോയ്, ഡെപ്യൂട്ടി സെക്രട്ടറി, മത്സ്യബന്ധന തുറമുഖ വകുപ്പ്
11. ശ്രീ. കെ. ആർ. വിനോദ്, രജിസ്റ്ററിംഗ് അതോറിറ്റി, കെ.ഐ.വി. റൂൾസ്
12. ശ്രീ. രഞ്ജിത്ത് എം. ജെ., ചീഫ് സർവ്വേയർ, കെ.ഐ.വി. റൂൾസ്

13. ശ്രീ. അഭിലാഷ് റ്റി. ജി., ഡെപ്യൂട്ടി ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്

14. ശ്രീ. മാലിൻ എം., സെക്രട്ടറി, ഡി.റ്റി.പി.സി.

15. ശ്രീ. ചന്ദ്രഹാസൻ വട്ടുതല, ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ആലപ്പുഴ

16. ശ്രീമതി കുഞ്ഞാമ്മ ആന്റണി, എക്സിക്യൂട്ടീവ് എഞ്ചിനീയർ, IN & KP, ആലപ്പുഴ

17. ശ്രീ. നിധീഷ് പി., മാസ്റ്റർ ഗ്രേഡ് III, പോർട്ട് ഓഫീസ്, ആലപ്പുഴ

18. ശ്രീമതി ആശ സി. എബ്രഹാം, തഹസിൽദാർ, അമ്പലപ്പുഴ.

ആലപ്പുഴ ജില്ലയിൽ വിനോദസഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്ന ഹൗസ് ബോട്ടുകൾ ഉൾപ്പെടെയുള്ള വിവിധ ബോട്ടുകളുടെ രജിസ്ട്രേഷൻ, ലൈസൻസ്, ഡ്രൈവർ മാരുടെ ലൈസൻസ് തുടങ്ങിയവ അനുവദിക്കുന്നതിനുള്ള ലൈസൻസിംഗ് അതോറിറ്റി അടക്കമുള്ള നിയമാനുസൃത സംവിധാനങ്ങൾ, ഈ മേഖലയിലെ സുരക്ഷാ ക്രമീകരണ ങ്ങൾക്കായുള്ള സംവിധാനങ്ങൾ, ആലപ്പുഴ പോർട്ടിന്റെ പ്രവർത്തനം എന്നിവ സംബന്ധിച്ച് സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പ് നടത്തി.

ബോട്ടുകളുടെ ലൈസൻസിംഗും മറ്റ് കാര്യങ്ങളും കേരള ഇൻലാന്റ് വെസ്സൽസ് റൂൾസുമായി ബന്ധപ്പെട്ടതാണെന്നും കേരള മാരിടൈം ബോർഡ് നിലവിൽ വരുന്നതുവരെ സർക്കാർ ഉത്തരവ് പ്രകാരം കെ.ഐ.വി. റൂൾസുമായി ബന്ധപ്പെട്ട കാര്യങ്ങൾ പോർട്ട് ഡയറക്ടറേറ്റാണ് നടത്തിയിരുന്നതെന്നും നിലവിൽ അത് മാരിടൈം ബോർഡാണ് ചെയ്യേണ്ടതെന്നും കേരള മാരിടൈം ബോർഡ് ചെയർമാൻ ചൂണ്ടിക്കാട്ടി. പ്രസ്തുത വിഷയം സംബന്ധിച്ച് വിശദമായ ചർച്ച ആവശ്യമാണെങ്കിൽ മാരിടൈം ബോർഡിനായി സബ്ജക്ട് കമ്മിറ്റിയുടെ ഒരു പ്രത്യേക യോഗം ചേരാവുന്നതാണെന്ന നിർദ്ദേശം സമിതി മുന്നോട്ട് വച്ചു

വിനോദസഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്ന ബോട്ടുകളുടെ രജിസ്ട്രേഷനിലുള്ള അപാകതകൾ, ഡ്രൈവർമാരുടെ ലൈസൻസിംഗുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ, ബോട്ടുകളുടെ ശുചിത്വം, പരിസ്ഥിതി സംരക്ഷണം, യാത്രക്കാരുടെ സുരക്ഷിതത്വം എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ യോഗത്തിൽ ചർച്ച ചെയ്യേണ്ടതുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു.

സർക്കാർ സ്ഥലത്ത് നങ്കൂരമിടുന്ന വിനോദസഞ്ചാര ബോട്ടുകൾ നികുതി അടയ്ക്കുന്നത് ഉൾപ്പെടെയുള്ള സർക്കാർ ചട്ടങ്ങൾ പാലിക്കുന്നില്ലായെന്ന് വിലയിരുത്തിയ സമിതി, ഇതു സംബന്ധിച്ച് പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു

2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയവുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിലെ രക്ഷാപ്രവർത്തനങ്ങൾക്കായി കൊണ്ടുവന്ന വാട്ടർ ട്രാൻസ്പോർട്ടിന്റെ ബോട്ടുകൾ വഹിച്ചുകൊണ്ടുപോകാൻ കോൺട്രാക്ടർമാർ അൻപതോളം ടോറസ്സുകൾ സൗജന്യമായി വിട്ടുനൽകിയെന്ന് സമിതി അനുസ്മരിച്ചു. എന്നാൽ ഗവൺമെന്റ് സ്ഥലത്ത് നങ്കൂരമിടുകയും ഗവൺമെന്റ് നൽകുന്ന എല്ലാ സൗകര്യങ്ങളും ഉപയോഗിക്കുകയും ചെയ്യുന്ന ആലപ്പുഴ ജില്ലയിലെ വിനോദസഞ്ചാര ബോട്ടുകളൊന്നും രക്ഷാപ്രവർത്തനത്തിനായി വിട്ടുനൽകാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. ജില്ലാ കളക്ടറുടെ കർശന നിർദ്ദേശത്തെത്തുടർന്നും ബോട്ടുടമകൾക്കെതിരെ നടപടിയെടുക്കാൻ തീരുമാനിച്ചതിനെത്തുടർന്നാണ് ബോട്ടുകൾ വിട്ടുനൽകിയതെന്ന് ചൂണ്ടിക്കാട്ടിയ സമിതി, ഇക്കാര്യം സർക്കാർ ഗൗരവത്തിലെടുക്കുന്നതായി അറിയിച്ചു. ടൂറിസം മേഖലയുടെ വികസനവും വളർച്ചയും സർക്കാർ ലക്ഷ്യമിടുന്നുണ്ടെങ്കിലും അത് നിയമാനുസൃതമായിരിക്കണമെന്ന് സമിതി ചൂണ്ടിക്കാട്ടി.

ബോട്ടുകളുടെ പ്രവർത്തനം സംബന്ധിച്ച് 7-6-2018-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ ബോട്ടുകളുടെ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ചില പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുത്തിരുന്നുവെന്ന് സമിതി ചൂണ്ടിക്കാട്ടി. വാട്ടർ ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ബോട്ടുകളുടെ കാര്യത്തിൽ മാത്രമാണ് കെ.ഐ.വി. റൂൾസ് പ്രകാരമുള്ള നിബന്ധനകൾ കർശനമായി പാലിക്കപ്പെടുന്നതെന്നും എന്നാൽ അനധികൃതമായി പ്രവർത്തിക്കുന്ന മറ്റു ബോട്ടുകളുടെ കാര്യത്തിൽ ചട്ടപ്രകാരമുള്ള നടപടികളൊന്നും സ്വീകരിക്കുന്നില്ലായെന്നും സമിതി നിരീക്ഷിച്ചു.

ജില്ലയിലെ ബോട്ടുകളുമായി ബന്ധപ്പെട്ട രജിസ്ട്രേഷനുൾപ്പെടെയുള്ള വിഷയങ്ങളിലെ പരിശോധന കൃത്യമായ സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുവാൻ 7-6-2018-ലെ യോഗത്തിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലുള്ള നടപടികളുടെ നിലവിലെ സ്ഥിതിയെകുറിച്ച് സമിതി ആരാഞ്ഞു. കൂടുതൽ സ്വീവേജ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിലേക്കായി കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷന് പ്രസ്തുത യോഗത്തിൽ നിർദ്ദേശം നൽകിയതിനെത്തുടർന്ന് സ്വീകരിച്ച നടപടികളെ സംബന്ധിച്ചും സമിതി ആരാഞ്ഞു.

പ്രസ്തുത വിഷയങ്ങളുടെ ചുമതല വഹിക്കുന്ന, തുറമുഖ വകുപ്പിന്റെ കീഴിലുള്ള രജിസ്ട്രിതങ്ങളുടെ ഉത്തരവാദിത്വം വേണ്ടവിധം നിർവ്വഹിക്കുന്നില്ലായെന്ന് വിലയിരുത്തിയ സമിതി പാളിച്ചകൾ സംഭവിച്ച മേഖലകളും അവ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളും കണ്ടെത്തി ഫലപ്രദമായ രീതിയിലുള്ള ഒരു സംവിധാനം ഈ മേഖലയിൽ കൊണ്ടുവരികയെന്നതാണ് ചർച്ചയുടെ ലക്ഷ്യമെന്ന് ചൂണ്ടിക്കാട്ടി.

പ്രളയമുണ്ടായ സമയത്ത് ഹൗസ് ബോട്ടുകൾ വിട്ടുതരാത്തതിലും അതിന് ബോട്ടുകളുടെ കണക്കുകൾ കൃത്യമായി നൽകുന്നതിൽ പോർട്ട് ഓഫീസർമാരുടെ ഭാഗത്ത് നിന്നും വീഴ്ച സംഭവിച്ചതിലും സമിതി അതൃപ്തി രേഖപ്പെടുത്തി.

ഹൗസ് ബോട്ടുകൾ രജിസ്റ്റർ ചെയ്യാനുള്ള ഏജൻസികൾ സംബന്ധിച്ചും അവരുടെ കണക്കുപ്രകാരം സർവ്വീസ് നടത്തുന്ന ബോട്ടുകളുടെ എണ്ണം സംബന്ധിച്ചും പരിസ്ഥിതി മലിനീകരണം നേരിടുന്നതിന് ഹൗസ് ബോട്ടുകളിൽ ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങളെക്കുറിച്ചും ക്രമക്കേടുകൾ പരിഹരിക്കുവാനുള്ള നടപടികൾ സംബന്ധിച്ചും ഈ മേഖലയിൽ നടത്തിയ പഠനങ്ങളെക്കുറിച്ചുമുള്ള വിശദാംശങ്ങൾ നൽകാൻ സമിതി ആവശ്യപ്പെട്ടു.

കെ.ഐ.വി. റൂൾസ് പ്രകാരം സംസ്ഥാനത്ത് ബോട്ടുകളുടെ രജിസ്ട്രേഷൻ നടത്തുവാൻ വിഴിഞ്ഞം, കൊല്ലം, ആലപ്പുഴ, കൊടുങ്ങല്ലൂർ, ബേപ്പൂർ, അഴീക്കൽ എന്നിങ്ങനെ ആകെ 6 പോർട്ട് ഓഫ് രജിസ്ട്രികളുണ്ടെന്നും ആലപ്പുഴ പോർട്ട് ഓഫ് രജിസ്ട്രിയുടെ കീഴിൽ 759 ഹൗസ് ബോട്ടുകൾ, 396 മോട്ടോർ ബോട്ടുകൾ, 233 ശിക്കാര, 119 സ്പീഡ് ബോട്ട്, മറ്റിനം 22 എന്നിങ്ങനെ ആകെ 1529 യാനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ആലപ്പുഴ പോർട്ട് ഓഫ് രജിസ്ട്രിയുടെ കീഴിൽ ആലപ്പുഴ, കോട്ടയം ജില്ലകൾ ഉൾപ്പെടുന്നതായും രജിസ്റ്ററിംഗ് അതോറിറ്റി, കെ.ഐ.വി റൂൾസ് വ്യക്തമാക്കി.

ബോട്ടുകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ നൽകുവാൻ സമിതി ആവശ്യപ്പെട്ടപ്പോൾ ബോട്ടുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് സമിതി മുമ്പാകെ സമർപ്പിക്കാമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷ വിളിച്ചപ്പോൾ ലഭിച്ച 678 അപേക്ഷകളുടെ പ്രാഥമിക പരിശോധന നടത്തി റിപ്പോർട്ടാക്കിയതായും രജിസ്റ്ററിംഗ് അതോറിറ്റി, കെ.ഐ.വി. റൂൾസ് മറുപടി നൽകി.

രജിസ്റ്റർ ചെയ്യാത്ത ബോട്ടുകളുടെ എണ്ണം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ ടൂറിസം, പോലീസ്, തുറമുഖ വകുപ്പിലെ ഉദ്യോഗസ്ഥർ, രജിസ്റ്ററിംഗ് അതോറിറ്റിയിലെ മൂന്ന് ഉദ്യോഗസ്ഥർ എന്നിവരടങ്ങിയ ടീം സർപ്രൈസ് ഇൻസ്പെക്ഷൻ നടത്താറുണ്ടെന്നും അത്തരം പരിശോധനാവേളയിൽ ശ്രദ്ധയിൽ വരുന്നതല്ലാതെ രജിസ്റ്റർ ചെയ്യാത്ത ബോട്ടുകൾ കണ്ടുപിടിക്കാൻ പ്രത്യേക സംവിധാനങ്ങളൊന്നുമില്ലായെന്നും രജിസ്റ്ററിംഗ് അതോറിറ്റി, കെ.ഐ.വി. റൂൾസ് അറിയിച്ചു.

ബോട്ടുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ലൈസൻസ് ഫീസിനെ കുറിച്ച് സമിതി ആരാഞ്ഞപ്പോൾ, ബോട്ടുകളുടെ ഭാരം അനുസരിച്ചാണ് ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതെന്നും രജിസ്റ്റർ ചെയ്യുന്ന യാനങ്ങളുടെ രജിസ്ട്രേഷന് 5 വർഷവും, വാർഷിക സർവ്വേ

സർട്ടിഫിക്കറ്റുകൾക്ക് ഒരു വർഷവുമാണ് കാലാവധിയെന്നും രജിസ്റ്ററിംഗ് അതോറിറ്റി അറിയിച്ചു. കൂടാതെ ലൈസൻസ് പുതുക്കുന്ന സമയത്തും ഇൻസ്പെക്ഷൻ നടത്താറുണ്ടെന്നും ഹള്ളിന്റെ കണ്ടീഷൻ, സുരക്ഷാ സജ്ജീകരണങ്ങൾ, പൊല്യൂഷൻ സർട്ടിഫിക്കറ്റ്, ഇൻഷ്വറൻസ് എന്നിവയെല്ലാം സർവ്വേയുടെ സമയത്ത് പരിശോധിക്കാറുണ്ടെന്നും രജിസ്റ്ററിംഗ് അതോറിറ്റി വിശദീകരിച്ചു.

രജിസ്റ്റർ ചെയ്ത യാനത്തിലെ ക്രൂ അംഗങ്ങളുടെ എണ്ണം നിയമാനുസൃതമാണോ എന്ന സമിതിയുടെ ചോദ്യത്തിന്, സർവ്വേ സമയത്ത് ഇക്കാര്യങ്ങളെല്ലാം കൃത്യമായി കാണാറുണ്ടെന്നും എന്നാൽ പരിശോധനാസമയത്ത് മിക്കവാറും പേർക്ക് ക്രൂ ലൈസൻസില്ലായെന്ന് കണ്ടെത്താറുണ്ടെന്നും അങ്ങനെയുള്ളവരിൽ നിന്നും പിഴ ഈടാക്കാറുണ്ടെന്നും രജിസ്റ്ററിംഗ് അതോറിറ്റി സമിതിയെ അറിയിച്ചു.

യാത്രക്കാരിൽ നിന്നും വ്യത്യസ്ത നിരക്കിലുള്ള ചാർജ് ഈടാക്കുന്നതായി കണ്ടുവരുന്ന പശ്ചാത്തലത്തിൽ എപ്രകാരമാണ് ബോട്ടുകളുടെ ക്ലാസിഫിക്കേഷൻ നടത്തുന്നതെന്ന സമിതിയുടെ ചോദ്യത്തിന് ടൂറിസം ഡിപ്പാർട്ട്മെന്റാണ് ഹൗസ് ബോട്ടുകളുടെ ക്ലാസിഫിക്കേഷൻ നടത്തുന്നതെന്നും ഹൗസ് ബോട്ടുകൾ യാത്രക്കാരെ ചൂഷണം ചെയ്യുന്നത് കണ്ടെത്തുവാനുള്ള ഒരു സംവിധാനവും ഇപ്പോൾ നിലവിലില്ലായെന്നും രജിസ്റ്ററിംഗ് അതോറിറ്റി മറുപടി നൽകി. മതിയായ ജീവനക്കാരില്ലാത്തതും ഇൻസ്പെക്ഷൻ ടീമില്ലാത്തതിനാലുമാണ് ഈ മേഖലയിലെ ക്രമക്കേടുകൾ നിയന്ത്രിക്കാൻ സാധിക്കാത്തതെന്നും രജിസ്റ്ററിംഗ് അതോറിറ്റി കൂട്ടിച്ചേർത്തു.

ബോട്ടിലെ ജീവനക്കാരുടെ എണ്ണം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ബോട്ടിന്റെ കപ്പാസിറ്റി അനുസരിച്ചാണ് ജീവനക്കാരുടെ എണ്ണം നിശ്ചയിക്കുന്നതെന്നും സാധാരണഗതിയിൽ ഒരു ഹൗസ് ബോട്ടിൽ ഒരു സ്രാങ്ക്, ഒരു ഡ്രൈവർ, രണ്ട് ലാസ്കർ എന്നിങ്ങനെ നാല് ജീവനക്കാർ വേണമെന്നും രജിസ്റ്ററിംഗ് അതോറിറ്റി അറിയിച്ചു.

കൂടാതെ ഫോർട്ട് കൊച്ചി ബോട്ടപകടത്തെത്തുടർന്ന് ഗവൺമെന്റ് നിയോഗിച്ച അന്വേഷണ കമ്മീഷന്റെ റിപ്പോർട്ടിൽ ബോട്ടുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് നിഷ്കർഷിച്ചിട്ടുള്ള സംവിധാനങ്ങൾ, നിബന്ധനകൾ എന്നിവയെല്ലാം പാലിക്കുന്നുണ്ടെന്ന് രജിസ്റ്ററിംഗ് അതോറിറ്റി കെ.ഐ.വി. റൂൾസ് സമിതിയെ അറിയിച്ചു.

ക്രൂ ലൈസൻസ് അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പര്യാപ്തമാണോയെന്ന സമിതിയുടെ ചോദ്യത്തിന്, കോംപിറ്റന്റ് അതോറിറ്റിയായ തുറമുഖ വകുപ്പ് ഡയറക്ടറുടെ തീരുമാനപ്രകാരമാണ് ക്രൂ ലൈസൻസ് അനുവദിക്കുന്നതിന് 4 ദിവസത്തെ പരിശീലനം എന്നത് നിശ്ചയിച്ചിട്ടുള്ളതെന്ന് പോർട്ട് ഓഫീസർ മറുപടി നൽകി.

അറ്റൻഡർ, പോൾമാൻ സർട്ടിഫിക്കറ്റുകൾ ചില ഏജൻസികൾ ക്രമവിരുദ്ധമായി അനുവദിച്ചുവരുന്നുണ്ടെന്നും സമിതി നിരീക്ഷിച്ചു. പ്രസ്തുത സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിക്കുന്നതിന് വിശ്വാസയോഗ്യമായ മാർഗ്ഗങ്ങളൊന്നുമില്ലായെന്ന് പോർട്ട് ഓഫീസർ വിശദീകരിച്ചു. പോർട്ട് ഓഫ് രജിസ്ട്രിയിലെ ഉദ്യോഗസ്ഥനാണ് ഇത്തരം സർട്ടിഫിക്കറ്റുകളുടെ ആധികാരികത ഉറപ്പുവരുത്തുന്നത് എന്നും അതിനായി ഓരോ ഉദ്യോഗാർത്ഥിയുടെയും ഫയൽ സൂക്ഷിക്കുന്നുണ്ടെന്നും പോർട്ട് ഓഫീസർ കൂട്ടിച്ചേർത്തു.

കുട്ടനാടൻ കായലിന് ഉൾക്കൊള്ളാവുന്ന യാനങ്ങളുടെ എണ്ണം നിജപ്പെടുത്തുന്നതിനും ലൈസൻസില്ലാത്ത ബോട്ടുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനുമുള്ള നടപടികളെ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനപ്രകാരം ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും ആയത് പ്രകാരം ആലപ്പുഴ ജില്ലയിൽ നിയമവിരുദ്ധമായി പ്രവർത്തിച്ചിരുന്ന 678 ബോട്ടുകളിൽ പരിശോധന നടത്തുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തതായി രജിസ്റ്ററിംഗ് അതോറിറ്റി മറുപടി നൽകി.

നിയമവിരുദ്ധമായി ഓടുന്ന ബോട്ടുകളെ പിടിച്ചെടുക്കുവാൻ മുന്നറിയിപ്പ് കൂടാതെയുള്ള പരിശോധന നടത്തുക മാത്രമാണ് ചെയ്യുവാൻ സാധിക്കുന്നതെന്നും ഇതുകൂടാതെ സർവ്വേയും ഇൻസ്പെക്ഷനുമെല്ലാം നടത്തുവാൻ 5 ജീവനക്കാർ മാത്രമാണുള്ളതെന്നും രജിസ്റ്ററിംഗ് അതോറിറ്റി വ്യക്തമാക്കി.

ഈ മേഖലയിലെ പരിശോധനകൾക്ക് മതിയായ സംവിധാനങ്ങൾ ആവശ്യമാണെന്ന് സമിതി വിലയിരുത്തി. മതിയായ ജീവനക്കാർ, എൻഫോഴ്സ്മെന്റ് വിംഗ്, പിടിച്ചെടുക്കുന്ന ബോട്ടുകൾ കെട്ടിയിടാനുള്ള സ്ഥലം എന്നിവയെല്ലാം അനിവാര്യമാണെന്ന് രജിസ്റ്ററിംഗ് അതോറിറ്റി ചൂണ്ടിക്കാട്ടി.

ക്രമപ്രകാരവും അല്ലാതെയും ഓടുന്ന ബോട്ടുകളുടെ എണ്ണം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, രജിസ്ട്രേഷന്റെ ആദ്യപടിയായി അപ്രൂവൽ കൊടുത്തിട്ടുണ്ടെങ്കിലും തുടർന്ന് ഔദ്യോഗികമായി നൽകിയ നിർദ്ദേശങ്ങളൊന്നും പ്രസ്തുത ബോട്ടുകളിൽ പാലിക്കപ്പെട്ടിട്ടില്ലായെന്ന് രജിസ്റ്ററിംഗ് അതോറിറ്റി മറുപടി നൽകി. ബോട്ടിന്റെ ലൈസൻസിന് ആദ്യ ഘട്ടത്തിൽ അപേക്ഷ സമർപ്പിക്കുമ്പോൾ അതിന്റെ പ്ലാനും മറ്റു രേഖകളും ഒപ്പം സമർപ്പിക്കാറുണ്ടെന്നും അവയുടെ പരിശോധനയും ബോട്ടിനെ സംബന്ധിച്ച ബാക്കിയുള്ള വ്യവസ്ഥകളും ക്രമീകരണങ്ങളും ബോദ്ധ്യപ്പെട്ടതിനുശേഷമാണ് രജിസ്ട്രേഷൻ നൽകുന്നതെന്നും ഫിഷറീസ് ഡയറക്ടർ വ്യക്തമാക്കി. 2013 കാലഘട്ടത്തിൽ രജിസ്ട്രേഷൻ നടപടിക്രമങ്ങളുടെ ഭാഗമായി രേഖകൾ സമർപ്പിച്ചിരുന്ന ബോട്ടുകൾ കൂടാതെ ഇപ്പോൾ

കണ്ടെത്തിയ 678 ബോട്ടുകളുടെ സർവ്വേയും നടന്നുവരികയാണെന്നും ചട്ടങ്ങൾ പ്രകാരമുള്ള അന്തിമ രജിസ്ട്രേഷൻ നടന്നിട്ടില്ലായെന്നും രജിസ്ട്രേഷന് മുമ്പുള്ള നടപടികളെല്ലാം പൂർത്തിയായെന്നും ഫിഷറീസ് ഡയറക്ടർ വിശദമാക്കി.

പ്രാഥമിക അനുവാദം മാത്രം കിട്ടിയ ബോട്ടുകൾ അന്തിമ രജിസ്ട്രേഷന് മുൻപ് യാത്രക്കാരുമായി സർവ്വീസ് നടത്തുന്നത് നിയമവിരുദ്ധമാണെന്ന സമിതിയുടെ നിരീക്ഷണത്തിന് ഉപോൽബലകമായി ഫൈനൽ രജിസ്ട്രേഷൻ ലഭിക്കാത്ത ബോട്ടുകൾക്ക് സർവ്വീസ് നടത്താനുള്ള അനുവാദമില്ലായെന്നും അത്തരം ബോട്ടുകൾ കണ്ടെത്തിയാൽ അവർക്ക് സ്റ്റോപ്പ് മെമ്മോ നൽകുന്നതാണെന്നുമുള്ള വിവരം രജിസ്റ്ററിംഗ് അതോറിറ്റി സമിതി മുൻപാകെ അറിയിച്ചു.

പ്രാഥമിക അംഗീകാരം ലഭിച്ച ബോട്ടുകൾ അന്തിമ രജിസ്ട്രേഷൻ ലഭിക്കുന്നതിന് മുൻപായി യാത്രക്കാരുമായി സർവ്വീസ് നടത്തുന്നതിൽ വിമർശനം രേഖപ്പെടുത്തിയ സമിതി, അത്തരത്തിൽ അനധികൃതമായി സർവ്വീസ് നടത്തുന്നവരെ ശിക്ഷിക്കേണ്ടതാണെന്ന് അഭിപ്രായപ്പെട്ടു. കൂടാതെ പ്രാഥമിക അംഗീകാരത്തിനുശേഷം അന്തിമ രജിസ്ട്രേഷനായി സമയപരിധി നിശ്ചയിച്ചിട്ടില്ലായെന്ന് മനസ്സിലാക്കിയ സമിതി പ്രാഥമിക അംഗീകാരത്തിന്റെ മറവിൽ ഇത്തരം ബോട്ടുകൾ സർവ്വീസ് നടത്തുമെന്നും ഇത്തരത്തിലുള്ള നിയമവിരുദ്ധമായ കാര്യങ്ങൾ അനുവദനീയമല്ലായെന്നും വ്യക്തമാക്കി.

ഇത്തരത്തിൽ ധാരാളം ബോട്ടുകൾ അനധികൃതമായി സർവ്വീസ് നടത്തുന്നതായും വിനോദസഞ്ചാരികളിൽ നിന്നും യാതൊരു മാനദണ്ഡവും പാലിക്കാതെ 50,000, 75,000 രൂപ നിരക്കിൽ ചാർജ്ജ് ഈടാക്കുന്നതായും ആയത് നിയന്ത്രിക്കുന്നതിനുള്ള ഭരണസംവിധാനങ്ങളോ ഉദ്യോഗസ്ഥതലത്തിലുള്ള ഇടപെടലുകളോ ഇല്ലായെന്നും സമിതി നിരീക്ഷിച്ചു.

രജിസ്ട്രേഷനും മറ്റ് അനുബന്ധ കാര്യങ്ങളും കൃത്യമായി നടക്കുന്നുണ്ടെന്നും എന്നാൽ നിർവ്വഹണതലത്തിലുള്ള ജീവനക്കാരുടെ അപര്യാപ്തതയാണ് പ്രശ്നമെന്നും രജിസ്റ്ററിംഗ് അതോറിറ്റി സ്പഷ്ടമാക്കി. ഹൗസ് ബോട്ടുകളുടെ ചാർജ്ജുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിശ്ചയിക്കുന്നത് ടൂറിസം വകുപ്പാണെന്നും അദ്ദേഹം വ്യക്തമാക്കി.

ബോട്ടുകളുടെ സുരക്ഷാ ക്രമീകരണങ്ങളിൽ ഒരു തരത്തിലും വിട്ടുവീഴ്ച ചെയ്യാൻ പാടില്ലായെന്നും അനധികൃതമായി സർവ്വീസ് നടത്തുന്ന, അംഗീകാരമില്ലാത്ത ബോട്ടുകൾ അപകടത്തിൽപ്പെടുകയാണെങ്കിൽ ഇൻഷ്വറൻസ് പോലും വാങ്ങിയെടുക്കാൻ കഴിയാത്ത തരത്തിൽ അപകടകരമായ സ്ഥിതിവിശേഷമാണുള്ളതെന്നും സമിതി മുന്നറിയിപ്പ് നൽകി.

അത്തരം ബോട്ടുകൾ കണ്ടെത്തിയാൽ അവയ്ക്കെതിരെ സ്റ്റോപ്പ് മെമ്മോ നൽകുന്ന നടപടിയാണ് സ്വീകരിച്ചുവരുന്നതെന്നും എന്നാൽ അവയെ പിടിച്ചുകെട്ടാനുള്ള സ്ഥലമില്ലാത്തത് ഒരു പ്രധാന വെല്ലുവിളിയാണെന്നും രജിസ്റ്ററിംഗ് അതോറിറ്റി വിശദീകരിച്ചു.

വളരെയധികം പ്രാധാന്യമർഹിക്കുന്നതും ജാഗ്രത പുലർത്തേണ്ടതുമായ ഈ വിഷയത്തിൽ നിയമസഭാ സമിതി മുമ്പാകെ ഇത്തരത്തിൽ ഉത്തരവാദിത്തമില്ലാതെ മറുപടി നൽകിയതിൽ സമിതി അതൃപ്തി അറിയിക്കുകയും ഈ മേഖലയിലെ ക്രമക്കേടുകൾ തടയാൻ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും സ്വീകരിച്ച നടപടികളെക്കുറിച്ച് അന്വേഷിക്കുകയും ചെയ്തു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനപ്രകാരം പരിശോധന നടത്തി, അനധികൃതമായി ഓടുന്ന 678 ബോട്ടുകൾ കണ്ടെത്തിയെങ്കിലും അത്തരം ബോട്ടുകളുടെ കാര്യത്തിൽ ശിക്ഷാനടപടി സ്വീകരിക്കുകയോ ഫൈൻ ഈടാക്കുകയോ ബോട്ടുകൾക്ക് നോട്ടീസ് അയയ്ക്കുകയോ ചെയ്തിട്ടില്ലാത്തതിൽ സമിതി അതൃപ്തി അറിയിച്ചു. 678 ബോട്ടുകളുടെ പരിശോധനാ റിപ്പോർട്ടിന്മേൽ ഉരുത്തിരിയുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാവുന്നതാണെന്ന് രജിസ്റ്ററിംഗ് അതോറിറ്റി അറിയിച്ചു.

ഈ മേഖലയിൽ വലിയ തോതിലുള്ള അഴിമതിയും നിയമവിരുദ്ധമായ നടപടികളും നടക്കുന്നതായി സമിതി നിരീക്ഷിച്ചു. കൂടാതെ യാതൊരു സുരക്ഷാക്രമീകരണങ്ങളോ അപകടമുണ്ടായാൽ അടിയന്തര പ്രാധാന്യത്തോടെ ആംബുലൻസുകളുടെ സേവനം ലഭ്യമാക്കുവാനോ സാധിക്കാത്ത അവസ്ഥയാണ് നിലനിൽക്കുന്നതെന്ന് സമിതി അഭിപ്രായപ്പെട്ടു.

മലിനീകരണവുമായി ബന്ധപ്പെട്ട് ബോട്ടുകളിൽ നടത്തുന്ന പരിശോധനകളെ സംബന്ധിച്ചുള്ള ചോദ്യങ്ങൾക്ക് ബോട്ടുകൾക്ക് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് വേണമെന്നും മലിനീകരണ പരിശോധനയ്ക്കുള്ള സംവിധാനം പൊല്യൂഷൻ കൺട്രോൾ ബോർഡാണ് ചെയ്യുന്നതെന്നും ആയത് സംബന്ധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും രജിസ്റ്ററിംഗ് അതോറിറ്റി മറുപടി നൽകി. കൂടാതെ ഹൗസ് ബോട്ടുകളിലെ സീവേജ് മാലിന്യങ്ങൾ പ്രതിവർഷം ഏറ്റവും കുറഞ്ഞത് നാലു തവണയെങ്കിലും ഡി.റ്റി.പി.സി.യുടെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ സംസ്കരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്നും ഈ നിർദ്ദേശം പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തിയശേഷം മാത്രമാണ് സർട്ടിഫിക്കറ്റുകൾ നൽകുന്നതെന്നും രജിസ്റ്ററിംഗ് അതോറിറ്റി അറിയിച്ചു

അനധികൃതമായി സർവ്വീസ് നടത്തുന്ന ബോട്ടുകൾ നിരോധിക്കുന്നത് സംബന്ധിച്ചും ആയതിന് നിയമപരമായ ഭേദഗതികൾ വരുത്തേണ്ടതുണ്ടെങ്കിൽ അത് ഡിസംബർ മാസത്തിനുള്ളിൽ നടത്തുവാനുള്ള നടപടികൾ സ്വീകരിക്കുന്നതിനും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിരുന്നുവെന്ന് ഓർമ്മപ്പെടുത്തിയ സമിതി, ഇതു സംബന്ധിച്ച സർവ്വേ ഒഴികെ ഒരു നടപടിയും സ്വീകരിക്കാതിരുന്നതിൽ അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു.

അനധികൃതമായി സർവ്വീസ് നടത്തുന്ന ബോട്ടുകൾ പരിശോധിച്ച് സ്റ്റോപ്പ് മെമ്മോ നൽകിയതിനുശേഷം വീണ്ടും സർവ്വീസ് നടത്തുകയാണെങ്കിൽ അവ പിടിച്ചെടുക്കുക എന്നതല്ലാതെ മറ്റ് വകുപ്പുകളൊന്നും നിയമത്തിൽ അനുശാസിച്ചിട്ടില്ലായെന്നും എന്നാൽ അതിനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ലായെന്നും രജിസ്റ്ററിംഗ് അതോറിറ്റി വിശദീകരിച്ചു.

എന്നാൽ നിയമപ്രകാരം മലിനീകരണ സംബന്ധമായ കുറ്റങ്ങൾക്ക് തടവുശിക്ഷവരെ നൽകാനുള്ള വ്യവസ്ഥയുണ്ടെന്ന് തുറമുഖ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

രജിസ്ട്രേഷനില്ലാതെയും ടാക്സ് അടയ്ക്കാതെയും റോഡിലൂടെ ഓടുന്ന വാഹനങ്ങൾക്കെതിരെ പോലീസ് സ്വീകരിച്ചുവരുന്ന നിയമനടപടി അനധികൃതമായി സർവ്വീസ് നടത്തുന്ന ബോട്ടുകൾക്കെതിരെ സ്വീകരിക്കാതിരിക്കുന്ന നിലപാടിൽ സമിതി വിമർശനം രേഖപ്പെടുത്തി. ഈ മേഖലയിൽ കുറ്റകൃത്യങ്ങളും നിയമലംഘനങ്ങളും നികുതി വെട്ടിപ്പും പരിസ്ഥിതി മലിനീകരണവും ഇത്രയധികം നടന്നിട്ടും പോലീസ് ഡിപ്പാർട്ട്മെന്റ് ഇക്കാര്യങ്ങളിൽ ശ്രദ്ധചെലുത്താത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി.

സർക്കാർ നിർദ്ദേശപ്രകാരം പൊലൂഷൻ കൺട്രോൾ ബോർഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ, ഇൻലാന്റ് വെസ്സൽസ് സർവ്വെയർ, പോർട്ട് ഓഫീസർ തുടങ്ങിയ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ച് ആലപ്പുഴ ജില്ലാ പോലീസ് മേധാവി ഒരു യോഗം വിളിച്ചു ചേർക്കുകയും ബോട്ടിന്റെ സുരക്ഷയും, സാമൂഹ്യ സുരക്ഷയുമായി ബന്ധപ്പെട്ട നിയമങ്ങളുടെ നടപ്പാക്കൽ, ബോട്ടുകളിലെ യാത്രക്കാരുടെ സുരക്ഷിതത്വം എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുകയും പോലീസ് ആക്ടിലെ ചട്ടങ്ങൾ പ്രകാരമുള്ള നിർദ്ദേശങ്ങൾ എഴുതി തയ്യാറാക്കി എല്ലാ ബോട്ടുകളിലും പ്രദർശിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തുവെന്ന് ആലപ്പുഴ ജില്ലാ അഡീഷണൽ എസ്.പി. സമിതിയെ അറിയിച്ചു.

തുടർന്ന് ആലപ്പുഴ നോർത്ത്, നെടുമുടി തുടങ്ങിയ പോലീസ് സ്റ്റേഷനുകളിലെ സി.ഐ.മാർ നേരിട്ട് പരിശോധനകൾ നടത്തി റിപ്പോർട്ട് നടപടികൾക്കായി പോർട്ട് ഓഫീസർക്ക് നൽകുകയും രജിസ്ട്രേഷനുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച്

ബോട്ടുടമകൾക്ക് ക്ലാസ് നൽകുകയും സുരക്ഷാമാനദണ്ഡങ്ങൾ എഴുതി തയ്യാറാക്കി എല്ലാ ബോട്ടുകളിലും കൊടുക്കുകയും ലൈസൻസ് സംബന്ധമായ നിർദ്ദേശങ്ങൾ ലംഘിച്ച ബോട്ടുകൾക്കെതിരെ രണ്ട് നടപടി റിപ്പോർട്ടുകൾ ജില്ലാ പോലീസ് മേധാവി പോർട്ട് ഓഫീസർക്ക് നൽകുകയും ചെയ്തതായി അദ്ദേഹം കൂട്ടിച്ചേർത്തു.

പോലീസിന്റെ റിപ്പോർട്ട് പ്രകാരമുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ലായെന്നും രജിസ്ട്രേഷനും ലൈസൻസും ഇല്ലാതെയും ടാക്സ് അടയ്ക്കാതെയും വഞ്ചനാപരമായി സർവ്വീസ് നടത്തുന്ന ബോട്ടുകളുടെ ഉടമകളെ IPC, CRPC നിയമങ്ങൾ പ്രകാരം അറസ്റ്റ് ചെയ്യുകയാണ് വേണ്ടതെന്നും സമിതി നിരീക്ഷിച്ചു.

വെള്ളപ്പൊക്ക സമയത്ത് ഒരു ബോട്ടുപോലും വിട്ടുതരാത്ത ബോട്ടുടമകളുടെ സാമൂഹിക പ്രതിബദ്ധതയിൽ സംശയം പ്രകടിപ്പിച്ച സമിതി, ഇത്തരത്തിൽ അനധികൃതമായി ബോട്ടുകൾ പ്രവർത്തിപ്പിച്ച് ലാഭമുണ്ടാക്കുന്ന വലിയ ഒരു ശൃംഖല തന്നെ ആലപ്പുഴ ജില്ലയിൽ ഉള്ളതായും ഇതുമായി ബന്ധപ്പെട്ട് പല തലങ്ങളിലായി പ്രവർത്തിക്കുന്ന ഇതിന്റെ ഗുണഭോക്താക്കളായുള്ള എല്ലാവരെയും അറസ്റ്റ് ചെയ്യേണ്ടതാണെന്നും അഭിപ്രായപ്പെട്ടു

വെള്ളപ്പൊക്ക സമയത്ത് ഇത്തരത്തിൽ അറസ്റ്റുണ്ടായപ്പോൾ 70 ബോട്ടുകളാണ് രക്ഷാപ്രവർത്തനത്തിനായി എത്തിയതെന്നും ഇക്കാര്യത്തിൽ പോലീസിന് വലിയ പങ്കാണ് വഹിക്കാനുള്ളതെന്നും അഭിപ്രായപ്പെട്ട സമിതി ഈ മേഖലയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനുണ്ടാകുന്ന നികുതി നഷ്ടത്തെക്കുറിച്ച് ആദായ നികുതി ഉദ്യോഗസ്ഥർ അന്വേഷിക്കാത്തതിൽ സമിതി വിമർശനം രേഖപ്പെടുത്തുകയും ഈ വിഷയങ്ങളെല്ലാം ചർച്ച ചെയ്യപ്പെടണമെന്ന ആവശ്യം മുന്നോട്ട് വയ്ക്കുകയും ചെയ്തു.

ബോട്ടുകൾ യാത്രക്കാരിൽനിന്നും ഈടാക്കുന്ന ഭക്ഷണത്തിനുൾപ്പെടെയുള്ള നിരക്കിന്റെ കാര്യത്തിൽ യാതൊരു മാനദണ്ഡവുമില്ലെന്ന് വിലയിരുത്തിയ സമിതി ഹൗസ്ബോട്ടുകളിലെ നിരക്ക്, ഭക്ഷണത്തിന്റെ ഗുണനിലവാരം തുടങ്ങിയവ പരിശോധിക്കുവാനുള്ള സംവിധാനങ്ങളെ സംബന്ധിച്ച് ആരാഞ്ഞു. ഇക്കാര്യത്തിൽ ടൂറിസം വകുപ്പിന് നേരിട്ട് പങ്കില്ലെന്നും അതത് ബോട്ടുടമകൾ തന്നെയാണ് നിരക്ക് നിർണ്ണയിക്കുന്നതെന്നും ഈ വിഷയത്തിൽ ഇടനിലക്കാരുടെ ഇടപെടൽമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ വലുതാണെന്നും ടൂറിസം വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ചൂണ്ടിക്കാട്ടി. വിനോദസഞ്ചാര വകുപ്പിനുകീഴിൽ ഡി.റ്റി.പി.സി.യുടെ കൗണ്ടറിൽ രജിസ്റ്റർ ചെയ്യുന്ന ബോട്ടുകൾ സർക്കാർ നിരക്കിൽ വിനോദ സഞ്ചാരികൾക്ക് നൽകുന്നതായും ടൂറിസം വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ വിശദമാക്കി.

ലക്ഷ്വറി ബോട്ടുകളിൽ നിന്നും സർക്കാരിന് ലഭിക്കുന്ന നികുതിയെക്കുറിച്ചുള്ള സമിതിയുടെ ചോദ്യത്തിന്, ലക്ഷ്വറി ടാക്സ് മാത്രമാണ് ഈടാക്കുന്നതെന്നും

ഓൺലൈൻ മുഖേനയാണ് മിക്ക യാത്രക്കാരും ബോട്ടുകൾ ബുക്ക് ചെയ്യുന്നതെന്നും ബോട്ടുകളിൽനിന്നും നേരിട്ട് ബില്ലുകളോ മറ്റ് രേഖകളോ കൊടുക്കുന്നതായി അറിവില്ലെന്നും ടൂറിസം വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ മറുപടി നൽകി.

ഹൗസ് ബോട്ടുകളിൽ നിന്നും ബിൽ നൽകണമെന്ന വ്യവസ്ഥ നിർബന്ധമാക്കേണ്ടതും ഭക്ഷണത്തിന്റെ ഗുണനിലവാരത്തിൽ നിബന്ധനകൾ വയ്ക്കേണ്ടതും ടൂറിസം വകുപ്പാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ഇക്കാര്യത്തിൽ നിബന്ധനകളോ ചട്ടങ്ങളോ പാലിക്കപ്പെടുന്നില്ലായെന്നും സമിതി വിലയിരുത്തി.

ചില ബോട്ടുകളിൽ നിന്ന് ബിൽ നൽകാറുണ്ടെന്ന് ടൂറിസം വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ വിശദീകരണം നൽകി. 2013 വരെ ടൂറിസം വകുപ്പ് ഹൗസ് ബോട്ടുകൾക്ക് ക്ലാസിഫിക്കേഷനായി നിബന്ധന വച്ചിട്ടുണ്ടായിരുന്നുവെന്നും ഡയമണ്ട്, ഗോൾഡ്, പ്ലാറ്റിനം എന്നിങ്ങനെ മൂന്ന് കാറ്റഗറിയിൽ ഒരു സ്ലാബ് വച്ച് ബോട്ടുകളിലെ സൗകര്യങ്ങൾ അനുസരിച്ചാണ് ക്ലാസിഫിക്കേഷൻ കൊടുത്തിരുന്നതെന്നും എന്നാൽ 2013-നുശേഷം സ്ഥിരം ലൈസൻസിനുപകരം താൽക്കാലിക ലൈസൻസാണ് കൊടുത്തു കൊണ്ടിരുന്നത് എന്നതിനാൽ ആ ലൈസൻസ് വച്ച് ക്ലാസിഫിക്കേഷൻ നടത്താനുള്ള വ്യവസ്ഥയില്ലാത്ത തിനാൽ ക്ലാസിഫിക്കേഷൻ സംവിധാനം നിർത്തലാക്കിയെന്നും ടൂറിസം വകുപ്പ് ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

നിയമാനുസൃതമായി കാര്യങ്ങൾ നടന്നിരുന്നുവെങ്കിൽ ക്ലാസിഫിക്കേഷൻ പോലുള്ള നടപടികൾ നിർത്തലാക്കേണ്ടി വരില്ലായിരുന്നുവെന്നും ഇത്തരത്തിൽ ക്ലാസിഫിക്കേഷൻ നടപടികൾ നിർത്തലാക്കുന്നതിനായി മനഃപൂർവ്വമായ ഇടപെടൽ നടന്നിട്ടുള്ളതായി സമിതി വിലയിരുത്തുകയും ചെയ്തു. കേരള ഇൻലാന്റ് വെസ്സൽ റൂൾസ് പ്രകാരം ഉൾനാടൻ ജലാശയങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാൻ സമിതി ആവശ്യപ്പെട്ടു.

കെ. ഐ. വി. റൂൾസ് പ്രകാരം രജിസ്റ്റർ ചെയ്യുന്ന യാനങ്ങളുടെ രജിസ്ട്രേഷന് 5 വർഷവും വാർഷിക സർവ്വേ സർട്ടിഫിക്കറ്റുകൾക്ക് ഒരു വർഷവുമാണ് കാലാവധിയെന്നും ഇൻലാന്റ് വെസ്സലുകൾ സർവ്വീസ് നടത്തണമെങ്കിൽ ഈ രണ്ട് സർട്ടിഫിക്കറ്റുകൾക്ക് പുറമേ തേർഡ് പാർട്ടി ഇൻഷ്വറൻസും ഹൗസ് ബോട്ടുകൾക്ക് മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റും ആവശ്യമാണെന്ന് രജിസ്റ്ററിംഗ് അതോറിറ്റി വിശദീകരിച്ചു.

ഇത് സംബന്ധിച്ച് സമിതിക്ക് രേഖാമൂലം മറുപടി നൽകുവാൻ നിർദ്ദേശിക്കുകയും ഇൻഷ്വുറൻസ് ഏർപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങളെക്കുറിച്ച് ആരായുകയും ചെയ്തു.

തേർഡ് പാർട്ടി ഇൻഷ്വറൻസ് എങ്കിലും ഉണ്ടെങ്കിലെ രജിസ്ട്രേഷൻ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ എന്നും ഹൾ ആന്റ് മെഷിനറി ആക്സിഡന്റ് ഇൻഷ്വറൻസ് എന്നിവയും

രജിസ്ട്രേഷന് നിർബന്ധമാണെന്നും രജിസ്റ്ററിംഗ് അതോറിറ്റി മറുപടി നൽകി. മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ നിർദ്ദേശപ്രകാരം കണ്ടെത്തിയ 678 ബോട്ടുകൾ തേർഡ് പാർട്ടി ഇൻഷ്വറൻസ് വേണമെന്ന് നിബന്ധന പാലിച്ചിട്ടുണ്ടോയെന്ന് സമിതി ചോദിച്ചപ്പോൾ, തേർഡ് പാർട്ടി ഇൻഷ്വറൻസെങ്കിലും ഉണ്ടെങ്കിലേ രജിസ്ട്രേഷൻ നൽകാറുള്ളുവെന്ന് രജിസ്റ്ററിംഗ് അതോറിറ്റി, കെ.ഐ.വി. റൂൾസ് വിശദീകരിച്ചു.

2018 ഡിസംബർ 31-ാം തീയതിക്കകം ഈ പ്രവൃത്തികളെല്ലാം പൂർത്തീകരിക്കുവാനും, ഉന്നതതലയോഗം ചേർന്ന് ബോട്ടുകൾ റെഗുലറൈസ് ചെയ്യുവാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ബോട്ടുടമകൾക്കും സർക്കാർ സമയം അനുവദിച്ചിരുന്നുവെന്ന് സമിതി ഓർമ്മപ്പെടുത്തി. 678 ബോട്ടുകളിൽ വാട്ടർ ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ഏതെങ്കിലും അപേക്ഷകളുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, രണ്ട് അപേക്ഷകൾ കിട്ടിയിരുന്നു വെന്നും അവ പരിശോധിച്ചുവെന്നും രജിസ്റ്ററിംഗ് അതോറിറ്റി മറുപടി നൽകി.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനപ്രകാരമാണ് അനധികൃതമായി ഓടുന്ന ബോട്ടുകളുടെ അപേക്ഷ വാങ്ങിയതെന്നും രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കാത്ത ബോട്ടുകൾക്ക് ഇൻഷ്വറൻസ് പോളിസി എടുക്കാൻ സാധിക്കില്ലായെന്നും രജിസ്റ്ററിംഗ് അതോറിറ്റി വിവരിച്ചു. രജിസ്ട്രേഷൻ സംബന്ധിച്ച് സമിതിയുടെ ചോദ്യത്തിന് 2013-ന് ശേഷം രജിസ്ട്രേഷൻ പുതുക്കി നൽകിയിട്ടുണ്ടെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി തുറമുഖ വകുപ്പ് മറുപടി നൽകുകയും ചെയ്തു.

ബഹു. മുഖ്യമന്ത്രിയുടെ യോഗത്തിനുശേഷം ബോട്ടുകളെല്ലാം നിയമാനുസൃതമാക്കി രജിസ്റ്റർ ചെയ്യുവാൻ തീരുമാനിച്ചിരുന്നുവെന്നും അതു സംബന്ധിച്ച ഗവൺമെന്റ് ഉത്തരവ് ഇറക്കി നടപടി സ്വീകരിക്കേണ്ടിയിരുന്നത് ബന്ധപ്പെട്ട വകുപ്പാണെന്നും ആയതിന്റെ ഉത്തരവാദിത്വം അന്നത്തെ പോർട്ട് ഡയറക്ടർക്കാണെന്നും സമിതി അഭിപ്രായപ്പെട്ടു.

ആലപ്പുഴ, കുമരകം മേഖലകളിലെ ബോട്ടുകളുടെ എണ്ണം ആ പ്രദേശത്തിന് ഉൾക്കൊള്ളാവുന്നതിലും അധികമാണെന്ന് CWDRM നടത്തിയ പഠനം വ്യക്തമാക്കുന്ന തിനാൽ പുതിയ ലൈസൻസുകൾ കൊടുക്കുന്നത് സംബന്ധിച്ച് ഒരു ഉന്നതതലയോഗം ചേർന്ന് തീരുമാനിക്കാനാണ് ബഹു. മുഖ്യമന്ത്രിയുടെ യോഗത്തിൽ തീരുമാനിച്ചതെന്ന് ഡെപ്യൂട്ടി സെക്രട്ടറി, മത്സ്യബന്ധന തുറമുഖ വകുപ്പ് അറിയിച്ചു.

ലൈസൻസില്ലാതെ സർവ്വീസ് നടത്തുന്ന ബോട്ടുകളെ എന്തു ചെയ്യണമെന്ന കാര്യമാണ് പ്രസ്തുത യോഗത്തിൽ ചർച്ച ചെയ്തതെന്നും അവയെ കണ്ടെത്തി 2018 ഡിസംബർ 31-നകം പ്രശ്നം പരിഹരിക്കണമെന്നുമാണ് തീരുമാനിച്ചിരുന്നതെന്നും വകുപ്പുകൾ തമ്മിൽ ശരിയായ ഏകോപനമില്ലാത്തതിനാലാണ് ഇതു സംബന്ധിച്ച സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാത്തതെന്നും സമിതി നിരീക്ഷിച്ചു.

ക്രൂയിസ് വെസ്സലുകൾ ആരുടെ അധികാരപരിധിയിൻ കീഴിലാണ് എന്നതും കെ.ഐ.വി. സർട്ടിഫിക്കറ്റ് നൽകുന്നതും പരീക്ഷ നടത്തുന്നതും ആരാണെന്നതും സംബന്ധിച്ചുള്ള സമിതിയുടെ ചോദ്യത്തിന്, ക്രൂയിസ് വെസ്സലുകൾ പോർട്ട് ഓഫ് രജിസ്ട്രിയുടെ കീഴിലാണെന്നും കെ.ഐ.വി. സർട്ടിഫിക്കറ്റ് നൽകുന്നത് തുറമുഖ വകുപ്പിന്റെ ചീഫ് എക്സാമിനറാണെന്നും ഇതിന്റെ കോഴ്സുകൾ നടത്തുന്നത് മാരിടൈം ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടാണെന്നും സിലബസ് തയ്യാറാക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും പോർട്ട് ഓഫീസർ മറുപടി നൽകി. കൂടാതെ രണ്ട് പോർട്ട് ഓഫീസർമാരും ഒരു ചീഫ് എക്സാമിനറുമാണ് പരീക്ഷ നടത്തുന്നതെന്നും പോർട്ട് ഓഫീസർ അറിയിച്ചു.

യാത്രക്കാരുടെ പരാതികൾ സ്വീകരിക്കാൻ എന്ത് സംവിധാനമാണ് ബോട്ടുകളിൽ ഏർപ്പെടുത്തിയിരിക്കുന്നതെന്ന് സമിതി ആരാഞ്ഞതിന്, നിലവിൽ ആയതിന് പ്രത്യേക സംവിധാനമൊന്നുമില്ല എന്ന് രജിസ്റ്ററിംഗ് അതോറിറ്റി, കെ.ഐ.വി. റൂൾസ് മറുപടി നൽകി. കോട്ടയത്തും ആലപ്പുഴയിലും കുമരകത്തുമുള്ള സീവേജ് മാലിന്യസംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം സംബന്ധിച്ചും അവ പരിശോധിക്കുവാനുള്ള സംവിധാനങ്ങളെ സംബന്ധിച്ചുമുള്ള സമിതിയുടെ ചോദ്യത്തിന്, പ്ലാന്റുകളിലെ മാലിന്യസംസ്കരണം കാര്യക്ഷമമായി നടക്കുന്നുണ്ടെന്നും വാർഷിക സർവ്വേയുമായി ബന്ധപ്പെട്ട് ബോട്ടുകൾ പരിശോധിക്കുമ്പോൾ ഇക്കാര്യം ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ സർട്ടിഫിക്കറ്റ് നൽകാറുള്ളുവെന്നും കൂടാതെ ഇതിനായി രജിസ്റ്റർ സൂക്ഷിക്കാറുണ്ടെന്നും രജിസ്റ്ററിംഗ് അതോറിറ്റി വിവരിച്ചു.

നിലവിൽ മാലിന്യസംസ്കരണ യൂണിറ്റ് പ്രവർത്തിക്കുന്നത് ഡി. റ്റി. പി. സി.യുടെ കീഴിലാണെന്നും മാലിന്യസംസ്കരണത്തിനായി എത്തുന്ന ബോട്ടുകൾ തലേദിവസം തന്നെ പണമടച്ച് രസീത് കൈപ്പറ്റുകയും മാലിന്യം സംസ്കരിച്ചതിനുശേഷം സീൽ ചെയ്ത് വാങ്ങി രസീത് ഹാജരാക്കിയാൽ മാത്രമേ സർട്ടിഫിക്കറ്റ് വിതരണം ചെയ്യാറുള്ളുവെന്നും ഡി.റ്റി.പി.സി. സെക്രട്ടറി വ്യക്തമാക്കി. വർഷത്തിൽ നാല് തവണയെങ്കിലും മാലിന്യം സംസ്കരിക്കണമെന്നാണ് നിബന്ധന. ഒരു കിടപ്പുമുറി മാത്രമുള്ള ബോട്ടുകൾക്കാണ് പ്രസ്തുത നിബന്ധന ബാധകമെന്നും എന്നാൽ ഇപ്പോൾ 18-ൽ അധികം കിടപ്പുമുറികളുള്ള ഹൗസ് ബോട്ടുകൾ പോലും നാല് പ്രാവശ്യം മാത്രമാണ് മാലിന്യസംസ്കരണ പ്ലാന്റിലെത്തി മാലിന്യ സംസ്കരണം നടത്തുന്നതെന്നും ബാക്കിയുള്ള സമയം കായലിലേയ്ക്കാണ് മാലിന്യങ്ങൾ തള്ളുന്നതെന്നും ഈ സമ്പ്രദായം മാറേണ്ടത് ആവശ്യമാണെന്നും ഡി.റ്റി.പി.സി. സെക്രട്ടറി അഭിപ്രായപ്പെട്ടു. വേമ്പനാട്ട് കായലിൽ സർവ്വീസ് നടത്തുന്നതിൽ മാലിന്യസംസ്കരണത്തിനായി ലൈസൻസുള്ള ഏതാണ്ട് 700 ബോട്ടുകൾ മാത്രമേ ഡി.റ്റി.പി.സി. കൗണ്ടറിൽ വരാറുള്ളുവെന്നും ബാക്കിയുള്ള ബോട്ടുകളെ കണ്ടെത്താനോ ശിക്ഷിക്കാനോ യാതൊരു സംവിധാനവും നിലവിലില്ലായെന്നും ഡി.റ്റി.പി.സി. സെക്രട്ടറി കൂട്ടിച്ചേർത്തു.

18 കിടപ്പുമുറികളുള്ള ഹൗസ് ബോട്ടുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടോയെന്ന് സമിതിയുടെ ചോദ്യത്തിന് 10 കിടപ്പുമുറികളുള്ള ബോട്ടുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടെന്നും ആദ്യഘട്ടത്തിൽ രണ്ട് കിടപ്പുമുറികളുള്ള ഹൗസ് ബോട്ടുകൾക്കാണ് അപേക്ഷ നൽകുന്നതെന്നും അതിന് ലൈസൻസ് ലഭിച്ചതിനുശേഷം അപ്പർ ഡെക്കും കൂടുതൽ മുറികളും പണിയുന്ന പ്രവണത നിലനിന്നിരുന്നുവെങ്കിലും ഇപ്പോൾ അങ്ങനെയുള്ളവ പൊളിച്ചുകളയാനുള്ള തീരുമാനം വന്നതിനുശേഷം അത്തരം പ്രവണതകൾ കുറഞ്ഞിട്ടുണ്ടെന്നും ചീഫ് സർവ്വേയർ കെ.ഐ.വി. റൂൾസ് സ്പഷ്ടമാക്കി.

ഒരു വർഷത്തിനുള്ളിൽ മാലിന്യസംസ്കരണം നടത്തിയ ബോട്ടുകളുടെ എണ്ണവും അവ ഉറപ്പുവരുത്താനുള്ള സംവിധാനങ്ങളെ സംബന്ധിച്ചും സമിതി ആരാഞ്ഞതിന്, ഡി.റ്റി.പി.സി.യുടെ കണക്കുപ്രകാരം കഴിഞ്ഞ 6 മാസത്തിനുള്ളിൽ 800 ബോട്ടുകൾ വന്നിട്ടുണ്ടെന്നും മേൽനോട്ടത്തിനായി രണ്ട് ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്നും ഡി.റ്റി.പി.സി. സെക്രട്ടറി മറുപടി നൽകി. മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾക്ക് സമീപം ക്യാമറ സ്ഥാപിച്ച് നിരീക്ഷണം ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പിന് നൽകിയിരുന്ന നിർദ്ദേശത്തിന്മേലുള്ള നടപടികളെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ വട്ടക്കായലിൽ രണ്ടാമത്തെ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്നതായി ഡെപ്യൂട്ടി ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ് അറിയിച്ചു. ഈ മേഖലയ്ക്കുവേണ്ടിയുള്ള ഓൺലൈൻ സോഫ്റ്റ്‌വെയർ വികസനവുമായി ബന്ധപ്പെട്ട സി-ഡിറ്റിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ സമിതി ആരാഞ്ഞതിന് സി-ഡിറ്റിന് 2 മാസത്തെ സമയപരിധി കൊടുത്തിരുന്നുവെന്നും എന്നാൽ 6 മാസം കഴിഞ്ഞിട്ടും നടപടികൾ പൂർത്തീകരിച്ചിട്ടില്ല എന്നും രജിസ്റ്ററിംഗ് അതോറിറ്റി മറുപടി നൽകി. സി-ഡിറ്റിനോട് വിശദീകരണം ആവശ്യപ്പെടാനും സി-ഡിറ്റിന് നൽകിയ ഓർഡറിന്റെ പകർപ്പ് സമിതിക്ക് സമർപ്പിക്കാനും നിർദ്ദേശിച്ചു.

ആലപ്പുഴ തുറമുഖ വികസനവുമായി ബന്ധപ്പെട്ട് കിഫ്ബി മുഖാന്തിരം നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതിയെ സംബന്ധിച്ച് സമിതി അന്വേഷിച്ചപ്പോൾ ആലപ്പുഴ പോർട്ടിൽ കിഫ്ബിയുടെ സഹായത്തോടെ രണ്ട് പ്രോജക്ടുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഒന്നാമത്തെ പ്രോജക്ടായ പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പരിസ്ഥിതി ആഘാത നിർണ്ണയ പഠനം പൂർത്തിയായെങ്കിലും ഫണ്ടിനെക്കുറിച്ചുള്ള വിവരങ്ങൾ പോർട്ട് ഓഫീസിൽ ലഭിച്ചിട്ടില്ലായെന്നും പോർട്ട് ഓഫീസർ അറിയിച്ചു. രണ്ടാമത്തെ പദ്ധതിയായ, പഴയ ഗോഡൗണുകൾ നവീകരിച്ച് ഒരു

മ്യൂസിയം നിർമ്മിക്കുവാനുള്ള പദ്ധതിയുടെ ഫണ്ടും മറ്റ് ഉത്തരവാദിത്വവും 'മുസിരിസ് സ്പൈസ് റൂട്ട് ' പ്രോജക്ടാണെന്നും അതിനെ സംബന്ധിച്ചുള്ള രണ്ടു മൂന്ന് യോഗങ്ങളും ഒരു വർക്കഷോപ്പും നടത്തി കഴിഞ്ഞതായും പോർട്ട് ഓഫീസർ വിശദീകരിച്ചു.

2013-നുശേഷം ആലപ്പുഴ പോർട്ട് ഓഫ് രജിസ്ട്രിയിൽ അപേക്ഷിക്കുന്ന പല ബോട്ടുകൾക്കും കൊല്ലത്തോ കൊടുങ്ങല്ലൂരിലോ രജിസ്ട്രേഷൻ നൽകാമെന്ന് അറിയിച്ചാലും അവർക്ക് ആലപ്പുഴയിൽ തന്നെ രജിസ്റ്റർ ചെയ്യണമെന്ന് നിർബന്ധം ചെലുത്തുന്നതിനാൽ വളരെയധികം ബുദ്ധിമുട്ട് നേരിടുന്നുവെന്ന് ചീഫ് സർവ്വേയർ, കെ.ഐ.വി. റൂൾസ് അറിയിച്ചു. കൊല്ലത്തും കൊടുങ്ങല്ലൂരിലും രജിസ്റ്റർ ചെയ്ത പല ബോട്ടുകളും ആലപ്പുഴയിൽ സർവ്വീസ് നടത്തുന്നുണ്ടെന്നും അപ്പർ ഡെക്കുകൾ നിർമ്മിച്ചതിനാൽ പാലത്തിനടിയിലൂടെ തിരിച്ച് പോകാൻ സാധിക്കുന്നില്ലായെന്ന കാരണം പറഞ്ഞ് ആലപ്പുഴയിൽ തന്നെ സർവ്വീസ് തുടരുകയാണെന്നും ചീഫ് സർവ്വേയർ ചൂണ്ടിക്കാണിക്കുകയും ഈ പ്രശ്നത്തിന് പരിഹാരം കാണേണ്ടതുണ്ടെന്ന് ആവശ്യപ്പെടുകയും ചെയ്തു.

അനധികൃതമായി സർവ്വീസ് നടത്തുന്ന ബോട്ടുകളെ കണ്ടെത്തി നിയമാനുസൃതമാക്കുവാനും 2018 ഡിസംബർ മാസത്തിനകം പരിശോധന നടത്തി നടപടികളെല്ലാം പൂർത്തീകരിക്കുവാനും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചുവെങ്കിലും ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുള്ള ആശയക്കുഴപ്പവും വ്യക്തതക്കുറവുമാണ് തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ കാലതാമസമുണ്ടാകുവാൻ കാരണമെന്ന് സമിതി വിലയിരുത്തി. ഇതു സംബന്ധിച്ച് എത്രയും വേഗം തീരുമാനമെടുത്ത് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ടോയ്‌ലെറ്റിലെ മാലിന്യങ്ങൾ കൂടാതെ ബോട്ടുകളുടെ എഞ്ചിൻ വഴിയുണ്ടാകുന്ന മാലിന്യങ്ങളും മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതായി വിനോദസഞ്ചാര വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ചൂണ്ടിക്കാട്ടി. എഞ്ചിനുകൾക്ക് റേഡിയേറ്റർ സംവിധാനമില്ലാത്തതിനാൽ കായലിൽ നിന്ന് നേരിട്ട് വെള്ളമെടുക്കുകയും അത് കായലിലേയ്ക്കു തന്നെ തിരിച്ചു വിടുകയും ചെയ്യുന്നതായി ഡെപ്യൂട്ടി ഡയറക്ടർ വ്യക്തമാക്കി. ഇക്കാര്യങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സമിതി മുമ്പാകെ സമർപ്പിക്കുവാൻ ഡെപ്യൂട്ടി ഡയറക്ടർക്ക് സമിതി നിർദ്ദേശം നൽകി.

ഉത്തരവാദിത്വം കാര്യക്ഷമമായി നിർവ്വഹിക്കുന്നതിലും യോഗതീരുമാനങ്ങൾ നടപ്പിലാക്കുന്നതിലും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ച സംഭവിച്ചതായി സമിതി വിലയിരുത്തി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ യോഗതീരുമാനങ്ങൾ ഓരോന്നായി എത്രയും പെട്ടെന്നുതന്നെ സമയബന്ധിതമായി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് തുറമുഖ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഉറപ്പുനൽകി.

പ്രളയസമയത്ത് എല്ലാ വകുപ്പുകളും ആവശ്യമായ സംവിധാനങ്ങൾ ചെയ്തിരുന്നുവെന്നും പോർട്ട് ഡയറക്ടറുടെ സഹകരണം ഉണ്ടായിരുന്നുവെങ്കിലും പ്രാദേശികമായി ക്രമീകരിക്കേണ്ട കാര്യങ്ങളിൽ തുറമുഖ വകുപ്പിന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചുവെന്നും ഹൗസ് ബോട്ടുകളുടെ കാര്യത്തിൽ തുറമുഖ വകുപ്പിന്റെ നിയന്ത്രണം ആവശ്യമാണെന്നും ആലപ്പുഴ ജില്ലാ കളക്ടർ അഭിപ്രായപ്പെട്ടു.

ആലപ്പുഴയിലെ ഹൗസ് ബോട്ട് സംവിധാനം സർക്കാർ വകുപ്പുകളുടെ നിയന്ത്രണമില്ലാത്ത വിധം നടക്കുകയാണെന്നും ആയിരക്കണക്കിന് ആളുകളുടെ ജീവനുമായി ബന്ധപ്പെട്ട പ്രശ്നമായിട്ടുപോലും സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നില്ലായെന്നും സമിതി വിലയിരുത്തി. ചട്ടങ്ങളുടെ അഭാവവും ജീവനക്കാരുടെ അപര്യാപ്തതയും അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട പോരായ്മകളും ഈ മേഖലയിലെ പ്രശ്നങ്ങളായി സമിതി ഉയർത്തിക്കാട്ടി.

സുരക്ഷാ വ്യവസ്ഥകൾ പാലിക്കാത്ത ബോട്ടുകളെ നിശ്ചിത തീയതിക്കുള്ളിൽ കണ്ടെത്തി തുടർന്ന് സർവ്വീസ് നടത്തുവാൻ അനുവദിക്കാതെ പിടിച്ചുകെട്ടാനുള്ള നടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിച്ചു. കൂടാതെ ഹൗസ് ബോട്ടുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് നിലവിലുള്ള സാഹചര്യങ്ങൾ നേരിടുന്നതിന് 1917-ലെ ഇൻലാന്റ് വെസ്സൽസ് ആക്ടിലെയും തുടർന്നുള്ള ഭേദഗതികളിലെയും വ്യവസ്ഥകൾ പര്യാപ്തമാണോയെന്ന് പരിശോധിക്കുവാൻ പ്രസ്തുത ആക്ടിന്റെയും അതിന്റെ ഭേദഗതികളുടെയും മറ്റ് എല്ലാ രേഖകളുടെയും ഓരോ പകർപ്പ് വീതവും കൂടാതെ എ.ഡി.ജി.പി. ശ്രീ. കെ. പത്മകുമാറിന്റെ റിപ്പോർട്ടിന്റെ ഓരോ പകർപ്പും സമിതി അംഗങ്ങൾക്ക് നൽകുവാൻ സമിതി നിർദ്ദേശിച്ചു.

കൂടാതെ ആലപ്പുഴ, കോട്ടയം ജില്ലകളിലെ 759 രജിസ്റ്റേർഡ് ബോട്ടുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ (ബോട്ടുടമകളുടെ പേരുകൾ സഹിതം), മുഖ്യമന്ത്രിയുടെ യോഗതീരുമാന പ്രകാരം ശേഖരിച്ച ബോട്ടുകളുടെ വിവരങ്ങൾ എന്നിവയും സമിതിയ്ക്ക് സമർപ്പിക്കാൻ നിർദ്ദേശിച്ചു.

സുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പുവരുത്തുവാനുള്ള സ്റ്റെബിലിറ്റി ടെസ്റ്റ് പൂർത്തിയാക്കുവാൻ 2019 മാർച്ച് 31 വരെ സമയം നൽകുവാനും അല്ലാതെ ഓടുന്ന വാഹനങ്ങളുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുവാനും സമിതി നിർദ്ദേശിച്ചു. ബോട്ടുകൾ അടയ്ക്കേണ്ട നികുതി സംബന്ധിച്ച് പരിശോധിച്ച് നികുതി വകുപ്പ് മൂന്ന് മാസത്തിനുള്ളിൽ സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും ലൈസൻസും മറ്റ് രേഖകളുമില്ലാതെ, അനധികൃതമായി സർവ്വീസ് നടത്തുന്ന എല്ലാ ബോട്ടുകളും കണ്ടുകെട്ടി അവർക്കെതിരെ ക്രിമിനൽ കേസുകൾ ഫയൽ ചെയ്യണമെന്നും സമിതി നിർദ്ദേശം നൽകി.

ഈ മേഖലയിൽ വരുത്തേണ്ട പരിഷ്കാരങ്ങൾ എന്തെല്ലാമാണെന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ തുറമുഖ വകുപ്പ് ഡയറക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ സമിതിക്ക് സമർപ്പിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

വിശദാംശങ്ങൾ ലഭിച്ച ശേഷം ഈ വിഷയം സംബന്ധിച്ച് സഭയിൽ റിപ്പോർട്ട് സമർപ്പിക്കുന്ന കാര്യം പരിഗണിക്കാമെന്ന് സമിതി തീരുമാനിച്ചു

യോഗം ഉച്ചയ്ക്ക് 12.15-ന് പിരിഞ്ഞു.

## 28-2-2019-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2019 ഫെബ്രുവരി 28-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരന്റെ അസാന്നിദ്ധ്യത്തിൽ എക്സ്-ഒഫീഷ്യോ അംഗവും ബഹു. ഗതാഗത വകുപ്പുമന്ത്രിയുമായ ശ്രീ. എ. കെ. ശശീന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ, എം.എൽ.എ.
2. ശ്രീ. കെ. മുരളീധരൻ, എം.എൽ.എ.
3. ശ്രീ. ഒ. രാജഗോപാൽ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി വി. ആർ. രജനി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത വകുപ്പ്

2. ശ്രീ. എൻ. പ്രശാന്ത്, മാനേജിംഗ് ഡയറക്ടർ, കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ

3. ശ്രീ. കെ. എൻ. സതീഷ്, മാനേജിംഗ് ഡയറക്ടർ, കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ്

4. ശ്രീ. സുദേഷ് കുമാർ, ട്രാൻസ്പോർട്ട് കമ്മീഷണർ

5. ശ്രീ. എൻ. ശങ്കർ റെഡ്ഡി, റോഡ് സേഫ്റ്റി കമ്മീഷണർ

6. ശ്രീ. ഷാജി വി. നായർ, ഡയറക്ടർ, സംസ്ഥാന ജലഗതാഗത വകുപ്പ്

7. ശ്രീ. ആർ. രാഹുൽ, മാനേജിംഗ് ഡയറക്ടർ, കെ.ടി.ഡി.എഫ്.സി.

8. ശ്രീ. എം. പി. ദിനേശ്, മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി.

9. ശ്രീമതി കെ. മിനി, സ്പെഷ്യൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്

10. ശ്രീമതി എസ്. മാലതി, അഡീഷണൽ സെക്രട്ടറി, ഗതാഗത വകുപ്പ്

11. ശ്രീ. എസ്. മുരളീധരൻ, ജോയിന്റ് സെക്രട്ടറി, ജലവിഭവ വകുപ്പ്

12. ശ്രീമതി സിനി ജെ. ഷുക്കൂർ, ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്

13. ശ്രീ. പി. കെ. ജയരാജൻ, ജനറൽ മാനേജർ, കെ.ടി.ഡി.എഫ്.സി.

14. ശ്രീമതി എസ്. ആനന്ദകുമാരി, ജനറൽ മാനേജർ, കെ.എസ്.ആർ.ടി.സി.

15. ശ്രീ. പി. ജെ. ഷാജി, ജനറൽ മാനേജർ, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്

16. ശ്രീ. രാജേഷ് പ്രകാശ്, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്

17. ശ്രീ. എസ്. സുരേഷ് കുമാർ, ചീഫ് എഞ്ചിനീയർ, ഇൻലാന്റ് നാവിഗേഷൻ, ആലപ്പുഴ

18. ശ്രീമതി പി. ഷീല, സീനിയർ ഫിനാൻസ് ഓഫീസർ, ഓഫീസ് ഓഫ് ദി ട്രാൻസ്പോർട്ട് കമ്മീഷണർ

19. ശ്രീ. കെ. രാജേഷ്, ഫിനാൻസ് മാനേജർ, കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ

20. ശ്രീ. സുബാഷ് ബോസ്, ഫിനാൻസ് ഓഫീസർ (ഇൻ-ചാർജ്), ഇൻലാന്റ് നാവിഗേഷൻ & കുട്ടനാട് പാക്കേജ്

21. ശ്രീ. ആർ. പൃഥ്വിരാജ്, എ.ഡബ്ല്യു.എം., കെ.എസ്.ആർ.ടി.സി.

സമിതി, 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ IX (വാഹന നികുതികൾ), XLI (ഗതാഗതം) എന്നിവ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ IX—വാഹന നികുതികൾ

2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വാഹനനികുതികൾ-നടത്തിപ്പും ഭരണവും (2041-001) എന്ന ശീർഷകത്തിൽ വകയിരുത്തിയ 78.37 കോടി രൂപ അപര്യാപ്തമായതിനാൽ 27.46 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ആവശ്യപ്പെട്ടു.

2041-00-001-99-01-4—<u>വാഹന നികുതികൾ-നടത്തിപ്പും ഭരണവും-ഭരണ ചെലവുകൾ-ശമ്പളം-മെഡിക്കൽ റീഇമ്പേഴ്സ്മെന്റ്</u> (നോൺ പ്ലാൻ)

2041-00-001-99-01 എന്ന ശീർഷകത്തിൽ നിന്നും ശമ്പളം വാങ്ങുന്ന എല്ലാ മിനിസ്റ്റീരിയൽ ഓഫീസർമാരുടെയും മെഡിക്കൽ റീഇംബേഴ്സ്മെന്റ് ആനുകൂല്യത്തിനായി ഈ ശീർഷകത്തിൽ 5.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗ/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-001-99-04-1—<u>വാഹന നികുതികൾ-നടത്തിപ്പും ഭരണവും-ഭരണ ചെലവുകൾ-യാത്രാ ചെലവുകൾ-യാത്രാ ബത്ത</u> (നോൺ പ്ലാൻ)

2041-00-001-99-01 എന്ന ശീർഷകത്തിൽ നിന്നും ശമ്പളം വാങ്ങുന്ന എല്ലാ ഓഫീസർമാരുടെയും ജീവനക്കാരുടെയും യാത്രാബത്ത, സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയിലെ അനൗദ്യോഗിക അംഗങ്ങളുടെ യാത്രാബത്ത, ട്രാൻസ്പോർട്ട് കമ്മീഷണർ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ എന്നിവർ ചെയർമാൻമാരായി സർക്കാർ രൂപീകരിച്ചിട്ടുള്ള കമ്മിറ്റികളുടെ യോഗങ്ങളിൽ പങ്കെടുക്കുന്ന അനൗദ്യോഗിക അംഗങ്ങളുടെ യാത്രാബത്ത എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗ/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-001-99-05-3—<u>വാഹന നികുതികൾ-നടത്തിപ്പും ഭരണവും-ഭരണ ചെലവുകൾ-ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ്</u> (നോൺ പ്ലാൻ)

മോട്ടോർ വാഹന വകുപ്പിലെ ടെലിഫോൺ ചെലവ് ഇനത്തിൽ 4 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗ/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-001-99-00-28—വാഹന നികുതികൾ-നടത്തിപ്പും ഭരണവും-ഭരണ ചെലവുകൾ-ഓഫീസ് ചെലവുകൾ-തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ (നോൺ പ്ലാൻ)

പുതിയതായി നിയമനം നല്കിയിട്ടുള്ള അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ അടുത്ത ബാച്ചിന്റെ ട്രെയിനിംഗിനായി ഈ ശീർഷകത്തിൽ അധികമായി 30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-001-98-00-34-3—വാഹന നികുതികൾ-നടത്തിപ്പും ഭരണവും-ഫെയർ റിവിഷൻ കമ്മിറ്റി-മറ്റ് ചെലവുകൾ-മറ്റിനം (നോൺ പ്ലാൻ)

ഫെയർ റിവിഷൻ കമ്മിറ്റിയുടെ പ്രവർത്തനത്തിന് വേണ്ടിവരുന്ന ചെലവിനങ്ങളിലേയ്ക്കായി ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ഗതാഗത മേഖലയിലെ നിരക്ക് പുതുക്കി നിശ്ചയിക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ഫെയർ റിവിഷൻ കമ്മിറ്റിക്കുപകരം സ്ഥിരം സംവിധാനമായി ഫെയർ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതാണ് ഉചിതമെന്ന് അഭിപ്രായപ്പെട്ട സമിതി ആയതിനുള്ള സാദ്ധ്യത പരിശോധിക്കുവാൻ ഗതാഗത വകുപ്പിനോട് ആവശ്യപ്പെടുവാൻ നിർദ്ദേശിച്ചു.

2041-00-001-96—വാഹന നികുതികൾ-നടത്തിപ്പും ഭരണവും-ഫുള്ളി ആട്ടോമേറ്റഡ് സർവ്വീസസ് ഓഫ് ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ് (നോൺ പ്ലാൻ)

മോട്ടോർ വാഹന വകുപ്പിലെ എല്ലാ ഓഫീസുകളുടെയും ആധുനികവൽക്കരണത്തിന്റെ ഭാഗമായി നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ICT ഉപകരണങ്ങൾ വാങ്ങുന്നതിനും അവയ്ക്ക് FMS (Facility Management Service) ചാർജ്ജുകൾ നൽകുന്നതിനും വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനും മൊബൈൽ ആപ്പുകൾ സ്ഥാപിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 27 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-102-99-04-1—വാഹന നികുതികൾ-മോട്ടോർ വാഹനങ്ങളുടെ പരിശോധന-മോട്ടോർ വാഹനങ്ങളുടെ പരിശോധന-യാത്രാ ചെലവുകൾ-യാത്രാബത്ത (നോൺ പ്ലാൻ)

2041-00-102-99-01 എന്ന ശീർഷകത്തിൽ നിന്നും ശമ്പളം വാങ്ങുന്ന എല്ലാ ജോയിന്റ് ആർ.ടി.ഒ.-മാർ, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ, അസിസ്റ്റന്റ് മോട്ടോർ

വെഹിക്കിൾ ഇൻസ്പെക്ടർമാർ എന്നിവർക്കും സർക്കാർ രൂപീകരിച്ചിട്ടുള്ള കമ്മിറ്റികളുടെ മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിന് അനൗദ്യോഗിക അംഗങ്ങൾക്കും യാത്രാബത്ത നൽകുന്നതിന് ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-102-99-06—വാഹന നികുതികൾ-മോട്ടോർ വാഹനങ്ങളുടെ പരിശോധന-മോട്ടോർ വാഹനങ്ങളുടെ പരിശോധന-വാടക, കരം, നികുതി (നോൺ പ്ലാൻ)

സ്വകാര്യ കെട്ടിടങ്ങളിൽ സ്ഥിതി ചെയ്യുന്ന സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടെയും ചെക്ക്പോസ്റ്റുകളുടെയും വാടകയിനത്തിൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-102-99-21-2—വാഹന നികുതികൾ-മോട്ടോർ വാഹനങ്ങളുടെ പരിശോധന-മോട്ടോർ വാഹനങ്ങളുടെ പരിശോധന-മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും (നോൺ പ്ലാൻ)

ഹെഡ്ക്വാർട്ടേഴ്സിലെ വാഹനങ്ങൾ ഒഴികെ വകുപ്പിലെ എല്ലാ മോട്ടോർ വാഹനങ്ങളുടെയും സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 7 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-102-99-45—വാഹന നികുതികൾ-മോട്ടോർ വാഹനങ്ങളുടെ പരിശോധന-മോട്ടോർ വാഹനങ്ങളുടെ പരിശോധന-പി.ഒ.എൽ.(നോൺ പ്ലാൻ)

ഹെഡ്ക്വാർട്ടേഴ്സിലെ വാഹനങ്ങൾ ഒഴികെ വകുപ്പിലെ എല്ലാ വാഹനങ്ങളുടെയും ഇന്ധനച്ചെലവിനായി ഈ ശീർഷകത്തിൽ 18 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XLI—ഗതാഗതം

3055-00-800-95—റോഡ് ഗതാഗതം-മറ്റു ചെലവുകൾ-കേരള റോഡ് സുരക്ഷാ ഫണ്ടിലേക്ക് മാറ്റൽ (നോൺ പ്ലാൻ)

2008-09 മുതൽ വാഹനങ്ങളിൽ നിന്നും ഒറ്റത്തവണയായി പിരിച്ചെടുത്ത സെസ്സ്, 1988-ലെ കേരള മോട്ടോർ വാഹന ആക്ട് 200-ാം വകുപ്പ് പ്രകാരം ശേഖരിച്ച രാജിയാക്കൽ ഫീസിന്റെ 50% എന്നീ ഇനങ്ങളിലായി സർക്കാരിന്റെ സഞ്ചിതനിധിയിൽ

സമാഹരിക്കപ്പെട്ട തുകയിൽ നിന്നും 433.71 കോടി രൂപ ചാർജ്ജ്ഡ് ഹെഡ് വഴി റോഡ് സുരക്ഷാ ഫണ്ടിലേക്ക് കൈമാറ്റം ചെയ്യാൻ അവശേഷിക്കുന്നുണ്ട്. 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 100.8384 കോടി രൂപ മാത്രമാണ്. അതിനാൽ കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് ഈ ശീർഷകത്തിൽ നിയമാനുസൃതം ലഭിക്കേണ്ട ബാക്കി തുകയായ 332.8716 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3055-00-800-93—റോഡ് ഗതാഗതം-മറ്റ് ചെലവുകൾ-ഇ-മൊബിലിറ്റി പ്രൊമോഷൻ ഫണ്ട് (പ്ലാൻ)

2025-ഓടുകൂടി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മൂന്ന് നഗരങ്ങളെയും 100 ശതമാനം ഇ-മൊബിലിറ്റിയിലേയ്ക്ക് കൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നതെന്നും 2022 ആകുമ്പോഴേക്കും ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം 10 ലക്ഷമാക്കാൻ നടപടി സ്വീകരിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ടെന്നും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി. ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് സബ്സിഡി നൽകുന്നതിനും ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും മറ്റ് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനും നഗരങ്ങളിലെ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്ക് വെറ്റ് ലീസ് വ്യവസ്ഥയിൽ ഇ-വാഹനങ്ങൾ കണ്ടെത്തുന്നതിനുമായി ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

കെ.എസ്.ആർ.ടി.സി.യുടെ ഇലക്ട്രിക് ബസ്സുകളുടെ ചാർജ്ജിംഗിനായി കേന്ദ്രങ്ങൾ ആവശ്യമല്ലേയെന്ന് സമിതി ആരാഞ്ഞപ്പോൾ, ആയതിന് ചാർജ്ജിംഗ് കേന്ദ്രങ്ങൾ ആവശ്യമാണെന്നും എന്നാൽ അതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നും ബാറ്ററി മാറ്റിവയ്ക്കലാണ് അതിനൊരു പരിഹാര മാർഗ്ഗമായി നിർദ്ദേശിക്കപ്പെടുന്നതെന്നും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

വാഹനം വഴിയിൽ നിർത്തി ചാർജ്ജ് ചെയ്യുന്നത് യാത്രക്കാർക്ക് അസൗകര്യമുണ്ടാക്കുമെന്നും ഇപ്പോഴുള്ള 10 ബസ്സുകൾ ദീർഘദൂരമായും ഹ്രസ്വദൂരമായും ഓടിച്ചുനോക്കി അവയുടെ ഗുണവും ദോഷവും പരിശോധിച്ചതിനുശേഷം മാത്രമേ ഇതുമായി ബന്ധപ്പെട്ട അനന്തരനടപടികളിലേയ്ക്ക് കടക്കാൻ സാധിക്കുകയുള്ളൂവെന്നും സമിതി അഭിപ്രായപ്പെട്ടു.

ഗ്യാസ്, വൈദ്യുതി എന്നിവയിൽ ഏതാണ് കൂടുതൽ ലാഭകരമെന്ന് സമിതി ആരാഞ്ഞപ്പോൾ ദീർഘകാല പ്രയോജനം കണക്കാക്കുമ്പോൾ വൈദ്യുതി ഉപയോഗിച്ചുള്ള

വാഹനങ്ങളാണ് മെച്ചമെന്നും എന്നാൽ അവയ്ക്ക് മുൻകൂറായി അടയ്ക്കേണ്ട തുക വളരെ കൂടുതലാണെന്നും ബാറ്ററിയോടുകൂടിയ ഒരു ബസ്സിന്റെ വില ഏകദേശം ഒന്നരകോടി രൂപയാണെന്നും ബാറ്ററി മാറ്റിവയ്ക്കുന്ന സമ്പ്രദായം ഏർപ്പെടുത്തിയാൽ ഇത് ഏകദേശം 80 ലക്ഷം രൂപയായി കുറയ്ക്കാൻ സാധിക്കുമെന്നും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

ജർമ്മനി പോലുള്ള രാജ്യങ്ങളിൽ വെള്ളം ഹൈഡ്രജൻ ഫ്യൂവലാക്കിമാറ്റി ഹൈഡ്രജൻ ഫ്യൂവൽ സെൽസ് ഉപയോഗിച്ച് വാഹനങ്ങൾ ഓടിക്കുന്നുണ്ടെന്നും പ്രസ്തുത മോഡൽ പൈലറ്റ് അടിസ്ഥാനത്തിൽ ഇവിടെ നടപ്പിലാക്കുകയാണെങ്കിൽ ഗതാഗത മേഖലയിലെ സാമ്പത്തിക കാര്യങ്ങളിൽ വലിയ മാറ്റം കൊണ്ടുവരാൻ സാധിക്കുമെന്നും പ്രിൻസിപ്പൽ സെക്രട്ടറി ചൂണ്ടിക്കാട്ടി. പ്രാരംഭദശയിൽ ബുദ്ധിമുട്ടുകളുണ്ടായാലും ഇ-വെഹിക്കിളിലേയ്ക്ക് മാറുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

3056-00-001-99-01-4—<u>ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും-മാനേജ്മെന്റ്-ശമ്പളം-മെഡിക്കൽ റീഇമ്പേഴ്സ്മെന്റ്</u>(നോൺ പ്ലാൻ)

പെന്റിംഗ് മെഡിക്കൽ ബില്ലുകൾ നൽകുന്നതിനായി ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-99-04-2—<u>ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും-മാനേജ്മെന്റ്-യാത്രാ ചെലവ്-സ്ഥലം മാറ്റബത്ത (നോൺ പ്ലാൻ)</u>

നിലവിലുള്ള പെന്റിംഗ് ബില്ലുകൾ നൽകുന്നതിനും 2019-20-ൽ ജീവനക്കാർക്ക് സ്ഥലംമാറ്റബത്ത നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 20,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-99-05-2—<u>ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും-മാനേജ്മെന്റ്-ഓഫീസ് ചെലവുകൾ-വൈദ്യുത ചെലവ്</u> (നോൺ പ്ലാൻ)

പുതുതായി നിർമ്മിച്ച ഡ്രൈഡോക്ക് സംവിധാനം, സ്ലിപ് വേകൾ എന്നിവയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട വൈദ്യുത ചെലവുകൾക്കായി ഈ ശീർഷകത്തിൽ 2.65 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-99-05-3—ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും-മാനേജ്മെന്റ്-ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ് (നോൺ പ്ലാൻ)

വകുപ്പിന്റെ ബ്രോഡ്ബാൻഡ്, ഇന്റർനെറ്റ് കണക്ഷൻ, സി.യു.ജി. എന്നിവയുടെ ബില്ലുകൾ കൊടുത്ത് തീർക്കുന്നതിനായി ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-98-02-05—ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും-ഓപ്പറേഷൻ-വേതനം-ദിവസവേതനം(നോൺ പ്ലാൻ)

2019-2020 വർഷം ഈ ഇനത്തിൽ പ്രതീക്ഷിക്കുന്ന ചെലവിനായി ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-98-34-3—ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും-ഓപ്പറേഷൻ-മറ്റ് ചെലവുകൾ-മറ്റിനം (നോൺ പ്ലാൻ)

ഇന്ധന ചെലവുകൾക്കായി ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-97-01-4—ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും-അറ്റകുറ്റപ്പണികളും സംരക്ഷണവും- ശമ്പളം-മെഡിക്കൽ റീഇമ്പേഴ്സ്മെന്റ്(നോൺ പ്ലാൻ)

2019-2020 വർഷം ഈ ഇനത്തിൽ പ്രതീക്ഷിക്കുന്ന ചെലവിനും പെന്റിംഗ് മെഡിക്കൽ ബില്ലുകൾ കൊടുത്തു തീർക്കുന്നതിനുമായി, ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-97-04-1—ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും-അറ്റകുറ്റപ്പണികളും സംരക്ഷണവും-യാത്രാച്ചെലവുകൾ-യാത്രാബത്ത (നോൺ പ്ലാൻ)

പയ്യന്നൂർ മേഖലയിൽ റിപ്പയർ ജോലികൾ ക്രോഡീകരിക്കുന്നതിനായി അസിസ്റ്റന്റ് വർക്സ് മാനേജർക്ക് യാത്രാ ചെലവ് നൽകേണ്ടതിനാൽ ഈ ശീർഷകത്തിൽ 30,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-97-19—<u>ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും-അറ്റകുറ്റപ്പണികളും സംരക്ഷണവും-യന്ത്രോപകരണങ്ങൾ</u> (നോൺ പ്ലാൻ)

പുതുതായി നിർമ്മാണം പൂർത്തീകരിച്ച ഡ്രൈഡോക്ക്, സ്ലിപ് വേ സംവിധാനങ്ങൾ പ്രവർത്തിച്ചു തുടങ്ങുമ്പോൾ അധികമായി വാങ്ങേണ്ടിവരുന്ന സ്പെയർപാർട്ടുകൾക്കും അനുബന്ധ വസ്തുക്കൾക്കുമായി ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

വെള്ളത്തിലും കരയിലും ഓടിക്കുവാൻ കഴിയുന്ന വാട്ടർ ബസ്സാണ് ഈ വർഷം പുതുതായി വാങ്ങിയ്ക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. മുൻ വർഷം വൈക്കത്തുനിന്നും എറണാകുളത്തേക്ക് ദീർഘദൂര റൂറൽ സർവ്വീസ് ആരംഭിച്ചിരുന്നുവെന്നും ആയതിന് ബസ് യാത്രയുടെ സമയം മാത്രമേ വേണ്ടി വരുന്നുള്ളുവെന്നും മൂന്ന് ബസിൽ ഉൾക്കൊള്ളിക്കാവുന്നത്ര ആളുകളെ ഉൾക്കൊള്ളുവാൻ സൗകര്യമുണ്ടെന്നും ആയത് വിജയകരമായി സർവ്വീസ് നടത്തി വരുന്നു എന്നും സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ വിശദീകരിച്ചു. വാട്ടർ ടാക്സി, സോളാർ ബോട്ട് എന്നിവയും കൂടുതൽ വാട്ടർ ബസ്സുകളും അടുത്ത വർഷം ഉപയോഗത്തിൽ വരുമെന്ന് അദ്ദേഹം വ്യക്തമാക്കി.

ദേശീയ ജലപാത വരുന്നതിന്റെ ഭാഗമായി കൊടുങ്ങല്ലൂർ മേഖലയിലേയ്ക്ക് ജലഗതാഗതം മാറ്റുവാനുള്ള സംവിധാനമുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, എൻ.ഡബ്ല്യു.-3-ന്റെ (ദേശീയ ജലപാത-111) നിർമ്മാണം പൂർണ്ണമായും ആ മേഖലയിൽ വന്നിട്ടില്ലായെന്ന് സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ മറുപടി നൽകി. ദേശീയ ജലപാതാനിർമ്മാണം പൂർത്തിയായാൽ ഉൾനാടൻ ജലഗതാഗതത്തിന് കൂടുതൽ സാധ്യത ലഭിക്കുമെന്നും ബസ്സിനേക്കാൾ യാത്രാ ചെലവ് കുറഞ്ഞാൽ ആളുകൾ ജലഗതാഗതത്തെ ആശ്രയിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു.

ഹോവർക്രാഫ്റ്റിന്റെ ലൈസൻസിംഗ് സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, ഇൻഡ്യൻ രജിസ്ട്രാർ ഓഫ് ഷിപ്പിംഗാണ് അതിന് ലൈസൻസ് കൊടുക്കേണ്ടതെന്നും ഹോവർക്രാഫ്റ്റ് വന്നുകഴിഞ്ഞാൽ രണ്ടരമണിക്കൂറുകൊണ്ട് തിരുവനന്തപുരത്തുനിന്ന് കൊച്ചിയിലും അതേസമയം കൊണ്ടുതന്നെ കൊച്ചിയിൽ നിന്നും കോഴിക്കോട്ടും എത്തിച്ചേരുവാൻ സാധിക്കുമെന്നും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു

ഹോവർക്രാഫ്റ്റ് വന്നു കഴിഞ്ഞാൽ ഗതാഗതമേഖലയുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുമെന്ന് അഭിപ്രായപ്പെട്ട സമിതി, പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിലെ കാലതാമസം സംബന്ധിച്ച് അന്വേഷിച്ചു.

ഹോവർക്രാഫ്റ്റുകൾ റഷ്യയിൽ നിന്നും ഇറക്കുമതി ചെയ്തിട്ടുള്ളതാണെന്നും ഐ.ആർ.എസ്.-ന്റെ പരിശോധനകൾ പൂർത്തിയായെന്നും മാർച്ച് മാസത്തോടെ അംഗീകാരം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും പ്രിൻസിപ്പൽ സെക്രട്ടറി വിശദമാക്കി. പ്രസ്തുത നടപടി വേഗത്തിലാക്കുവാൻ സമിതി ആവശ്യപ്പെട്ടു.

3075-60-001-98-01-4—മറ്റ് ഗതാഗത സർവ്വീസുകൾ-മറ്റുള്ളവ-ഭരണവും നടത്തിപ്പും-മേൽനോട്ടം-ശമ്പളം-മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് (നോൺ പ്ലാൻ)

മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ഇനത്തിലുള്ള കുടിശ്ശിക നൽകുന്നതിന് ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3075-60-001-98-04-4—മറ്റ് ഗതാഗത സർവ്വീസുകൾ-മറ്റുള്ളവ-ഭരണവും നടത്തിപ്പും-മേൽനോട്ടം-യാത്രാച്ചെലവുകൾ-അവധി യാത്രാനുകൂല്യം (നോൺ പ്ലാൻ)

അവധി യാത്രാനുകൂല്യത്തിനുള്ള കുടിശ്ശിക നൽകുന്നതിന് ഈ ശീർഷകത്തിൽ 1.52 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3075-60-001-98-05-03—മറ്റ് ഗതാഗത സർവ്വീസുകൾ-മറ്റുള്ളവ-ഭരണവും നടത്തിപ്പും-മേൽനോട്ടം-ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ് (നോൺ പ്ലാൻ)

ഈ ശീർഷകത്തിലുള്ള കുടിശ്ശിക ബിൽ തീർക്കുന്നതിന് 14,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3075-60-001-98-21-2—മറ്റ് ഗതാഗത സർവ്വീസുകൾ-മറ്റുള്ളവ-ഭരണവും നടത്തിപ്പും-മേൽനോട്ടം-മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും (നോൺ പ്ലാൻ)

ഇൻലാന്റ് നാവിഗേഷൻ ഡയറക്ടറുടെ കാര്യാലയത്തിലുള്ള മീറ്റിംഗുകൾക്കും പരിശോധനയ്ക്കുമായുള്ള യാത്രാ ചെലവുകൾക്കും, വാഹനത്തിന്റെ അറ്റകുറ്റപ്പണികൾക്കും

സ്പെയർപാർട്സുകളുടെ വിലയിലും ഇൻഷ്വറൻസ് പ്രീമിയത്തിലുമുണ്ടായ വർദ്ധനവുമൂലമുള്ള കുടിശ്ശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 30,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3075-60-001-98-45—<u>മറ്റ് ഗതാഗത സർവ്വീസുകൾ-മറ്റുള്ളവ-ഭരണവും നടത്തിപ്പും-മേൽനോട്ടം-പി.ഒ.എൽ.</u> (നോൺ പ്ലാൻ)

പി.ഒ.എൽ. ഇനത്തിലുള്ള കുടിശ്ശിക നൽകുന്നതിന് ഈ ശീർഷകത്തിൽ 60,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5056-00-190-90—<u>ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്-പൊതുമേഖലയിലും മറ്റ് സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ-കൊച്ചി സംയോജിതജലഗതാഗത പദ്ധതി (MIDP)</u> (പ്ലാൻ)

ജർമ്മൻ വായ്പാ ഏജൻസിയായ Kreditanstalt fur Wiederaufbau (Credit Institute of Reconstruction)-ൽ നിന്ന് 579.71 കോടി രൂപ വായ്പയും സംസ്ഥാന സർക്കാരിന്റെ നിക്ഷേപമായി 102.30 കോടി രൂപയും ഉൾപ്പെടെ ചെലവ് വരുന്ന പദ്ധതിയാണിതെന്നും പ്രസ്തുത പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി 72 കോടി രൂപ കേരള സർക്കാർ അനുവദിക്കേണ്ടതുണ്ടെന്നും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു. 2019-ന്റെ അവസാനത്തിൽ പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനം തുടങ്ങണമെന്ന ലക്ഷ്യത്തോടുകൂടി പ്രവർത്തനങ്ങൾ നടന്നുവരുന്നുവെന്നും 3 ബോട്ടുജെട്ടികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ഭൂമി ട്രാൻസ്ഫർ ചെയ്തു കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കുകയും ബോട്ടുകൾ വാങ്ങുന്നതിനുള്ള ടെന്റർ നടപടികൾ തുടങ്ങിയെന്നും ഡിസംബർ മാസത്തോടുകൂടി പദ്ധതിയുടെ ആദ്യഘട്ടം കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. അതിനാൽ കൊച്ചിയിലെ സംയോജിതജലഗതാഗത പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായി 121.295 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ഈ വർഷം കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളായ ഡ്രൈഡോക്കിന്റെ നിർമ്മാണം (5056-00-190-94), തീം ക്രൂയിസ് വെസ്സലിന്റെ നിർമ്മാണം (5056-00-190-92),

1200 ടൺ പി.ഒ.എൽ. ബാർജിന്റെ നിർമ്മാണം (5056-00-190-89), ഫെറി ടെർമിനൽ ജെട്ടിയുടെ നിർമ്മാണം (5056-00-190-85) എന്നിവയ്ക്ക് പര്യാപ്തമായ 1572 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും സി.എസ്.ഐ.എൻ. കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ വ്യക്തമാക്കി.

## കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ

5075-60-190-93(പി)—<u>കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ-ജോയിന്റ് വെൻച്വർ കമ്പനിയിലെ നിക്ഷേപങ്ങൾ (MIDP)</u>

5075-60-800-66(പി)—<u>കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ-ജോയിന്റ് വെൻച്വർ കമ്പനിയിലെ പദ്ധതികൾ</u>

കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ രണ്ട് പദ്ധതികൾക്കാണ് ഡി.പി.ആർ. തയ്യാറാക്കി വരുന്നതെന്നും ഇതിൽ ഒന്നാമത്തെ പദ്ധതിയായ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള സെമി ഹൈസ്പീഡ് റെയിൽ പദ്ധതി 'സിസ്ട്ര' എന്ന ഫ്രഞ്ച് കമ്പനിയാണ് ഏറ്റെടുത്ത് നടത്തുന്നതെന്നും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി. കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും റെയിൽവേയും ചേർന്ന് നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് ഏകദേശം അമ്പതിനായിരം കോടി രൂപ ആവശ്യമായി വരുമെന്നും ഇതിന്റെ ഡി.പി.ആർ.-ഉം അലൈൻമെന്റും മാർച്ച് മാസം ആദ്യവാരത്തോടെ ലഭ്യമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രസ്തുത ശീർഷകത്തിൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതം 50,000 കോടി രൂപയാണെന്ന് സമിതി ചൂണ്ടിക്കാട്ടി. കമ്പനി മൂലധനം മുഴുവനായും സർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ടെന്നും ആയതിനാൽ ഈ സാമ്പത്തിക വർഷം തുകയൊന്നും ആവശ്യപ്പെട്ടിട്ടില്ലായെന്നും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി. ഡി.പി.ആർ. തയ്യാറാക്കിയതിനുശേഷം മാത്രമേ എത്ര തുക ആവശ്യമാണെന്ന് അറിയാൻ സാധിക്കുകയുള്ളുവെന്നും സംസ്ഥാന സർക്കാരിന്റെ വിഹിതമായ നൂറ് കോടി രൂപ നൽകിയിട്ടുണ്ടെന്നും അദ്ദേഹം വിശദീകരിച്ചു.

ഈ പ്രോജക്ടിന്റെ പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചുവെങ്കിലും സമിതിയ്ക്ക് നിലവിലെ സ്ഥിതിയെ സംബന്ധിച്ച വിശദമായ നോട്ട് ലഭ്യമാക്കാത്തതിനുള്ള കാരണം ആരാഞ്ഞപ്പോൾ കമ്പനി മൂലധനം ഒഴികെ മറ്റ് തുകകളൊന്നും ഈ ശീർഷകത്തിൽ സ്വീകരിച്ചിട്ടില്ലാത്തതിനാലും ഡി.പി.ആർ. അംഗീകരിച്ചതിനുശേഷമേ തുക ആവശ്യമായി വരികയുള്ളു എന്നതിനാലുമാണ് വിശദമായ നോട്ട് ലഭ്യമാക്കാത്തത് എന്ന് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

തലശ്ശേരി മുതൽ മൈസൂർ വരെയുള്ള രണ്ടാമത്തെ പദ്ധതിയുടെ, മാനന്തവാടി വരെയുള്ള സർവ്വേ പൂർത്തീകരിച്ചുവെങ്കിലും സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കൂർഗ് മേഖലയിലെ തദ്ദേശവാസികളുടെ എതിർപ്പുമൂലം കബനി നദിയുടെ അടിയിലൂടെ ഒരു ടണലിട്ടുകൊണ്ട് മെട്രോ ചെയ്യുന്നതിന് കർണ്ണാടകയിലെ അഡീഷണൽ ചീഫ് സെക്രട്ടറിയുമായി ചർച്ച ചെയ്ത് തത്വത്തിൽ അംഗീകാരം ലഭിച്ചുവെങ്കിലും കർണ്ണാടക സർക്കാരിന്റെ അന്തിമ തീരുമാനത്തിന് കാത്തിരിക്കുകയാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി. കൂടാതെ ഈ പദ്ധതിക്ക് അനുമതി ലഭിക്കുകയാണെങ്കിൽ തലശ്ശേരി-മൈസൂർ, നിലമ്പൂർ-നഞ്ചൻകോട് റെയിൽവേയ്ക്ക് ഒറ്റലൈൻ മതിയാകുമെന്നും ആയതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുള്ള എല്ലാ സർവ്വേ നടപടികളും പൂർത്തീകരിച്ചുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഈ വിഷയത്തിലുള്ള കർണ്ണാടക ഗവൺമെന്റിന്റെ അഭിപ്രായത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ പദ്ധതി സംബന്ധിച്ച പ്രൊപ്പോസൽ കർണ്ണാടകയിലെ അഡീഷണൽ ചീഫ് സെക്രട്ടറി (ഇൻഫ്രാസ്ട്രക്ചർ) അംഗീകരിച്ചുവെന്നും ഇതു സംബന്ധിച്ച് കേരള മുഖ്യമന്ത്രി കർണ്ണാടക മുഖ്യമന്ത്രിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി. ഈ പദ്ധതിക്ക് അംഗീകാരം ലഭിച്ചാൽ ബാംഗ്ലൂരിലേയ്ക്കുള്ള യാത്രാസമയത്തിൽ അഞ്ച് മണിക്കൂർ ലാഭിക്കാൻ സാധിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഇക്കാര്യത്തിൽ കർണ്ണാടക സർക്കാർ അനുകൂലമായ തീരുമാനം സ്വീകരിച്ചിട്ടുള്ളതായാണ് അറിയുവാൻ സാധിച്ചതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

5075-60-190-94—<u>മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ്-മറ്റുള്ളവ-പൊതുമേഖലയിലും മറ്റ് സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ-കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ നിക്ഷേപങ്ങൾ (തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ലൈറ്റ് മെട്രോ പദ്ധതി) (MIDP)</u> (പ്ലാൻ)

തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ലൈറ്റ് മെട്രോ പദ്ധതികളുടെ പ്രാരംഭ നടപടികൾക്കും കൺസൾട്ടൻസി ഫീസിനത്തിലും കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന്റെ ഭരണപരമായ ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 56.99 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ലൈറ്റ് മെട്രോ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതിയെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രായോഗികത സംബന്ധിച്ച് ഉദ്യോഗസ്ഥതല റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ബോർഡിൽ സമർപ്പിച്ചതിനു ശേഷം മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂവെന്നും കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ വിശദമാക്കി.

5075-60-190-96—മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധന ചെലവ്-മറ്റുള്ളവ-പൊതുമേഖലയിലും മറ്റ് സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ-കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (MIDP) (പ്ലാൻ)

കൊച്ചി മെട്രോയുടെ, ജെ.എൽ.എൻ. സ്റ്റേഡിയം മുതൽ കാക്കനാട് വരെയുള്ള മെട്രോ ലൈനിന്റെ പ്രാരംഭ നിർമ്മാണ പ്രവൃത്തികൾക്കായി . ഈ ശീർഷകത്തിൽ 124.995 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

5075-60-800-86—മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ്-മറ്റുള്ളവ-മറ്റു ചെലവുകൾ-ദേശീയ ജലപാത (III)-യുമായി അനുബന്ധ കനാലുകളെ ബന്ധിപ്പിക്കുന്നതിനുള്ള പദ്ധതി (ആർ.ഐ.ഡി.എഫ്.)

കോഴിക്കോട് ജില്ലയിലെ മൂഴിക്കൽ, മലപ്പുറം ജില്ലയിലെ വെളിയംകോട് എന്നിവിടങ്ങളിലെ ലോക്ക് കം ബ്രിഡ്ജ് വർക്കിനായി ഈ ശീർഷകത്തിൽ 45 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ഈ ശീർഷകത്തിന് ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻപോലും വകയിരുത്താത്തതിനുള്ള കാരണം സമിതി ആരാഞ്ഞു. പ്രസ്തുത ശീർഷകം പ്ലാൻ ഫണ്ടിലാണ് ഉൾപ്പെടുന്നതെന്നും പ്ലാനിംഗ് ബോർഡ് ഇതിന്റെ പ്ലാൻ ഔട്ട് ലേ നൽകിയിട്ടില്ലായെന്നും ധനകാര്യ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി അറിയിച്ചു. മുൻ വർഷങ്ങളിൽ ഈ ഇനത്തിൽ ചെലവ് വന്നിട്ടുള്ളതിനാൽ അധിക തുക ആവശ്യപ്പെടുന്ന പക്ഷം ആയത് നൽകാൻ സാധിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

5075-60-800-83—മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ്-മറ്റുള്ളവ-മറ്റു ചെലവുകൾ-കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി (MIDP)

കൊച്ചി മെട്രോയുടെ വിവിധ നികതി ഇളവ്/കിഴിവ് ഇനത്തിലും വിവിധ ഘടകങ്ങളുടെ പ്രാരംഭ/അനുബന്ധ പ്രവൃത്തികൾക്കുമായി ഈ ശീർഷകത്തിൽ 898.305 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

7055-00-190-99—റോഡ് ഗതാഗതത്തിനുള്ള വായ്പകൾ-പൊതുമേഖലയും മറ്റ് സ്ഥാപനങ്ങൾക്കുമുള്ള വായ്പകൾ-കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുള്ള വായ്പകൾ (നോൺ പ്ലാൻ)

പ്രസ്തുത ശീർഷകവുമായി ബന്ധപ്പെട്ട് വകുപ്പിൽ നിന്നും ലഭ്യമാക്കിയ കുറിപ്പിൽ 2000 കോടി രൂപയാണ് അധികമായി ആവശ്യപ്പെട്ടിരിക്കുന്നത്. ഇത് 1002 കോടി രൂപയായി തിരുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

ഡീസൽ കമ്പനികൾക്ക് കൊടുക്കാനുള്ള വകയിലും ജീവനക്കാർക്ക് കൊടുത്ത് തീർക്കുന്നതിനുള്ള മറ്റ് ബാദ്ധ്യതകൾക്കും ഇലക്ട്രിക് ബസ്സ് വാങ്ങുന്നതിനുമായി ഈ ശീർഷകത്തിൽ 1002 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

തിരുവനന്തപുരം സിറ്റി സർവ്വീസ് മുഴുവനായും ഇലക്ട്രിക് ആക്കുന്നതിനായി 407 ബസ്സുകൾ ആവശ്യമാണെന്ന് ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. സിറ്റി സർവ്വീസ് പൂർണ്ണമായും ഇലക്ട്രിക് ആക്കുന്നതിനുവേണ്ടി 287 കോടി രൂപയുടെ സബ്സിഡി ആവശ്യമാണെന്നും അതിലൂടെ തിരുവനന്തപുരം നഗരത്തെ പടിപടിയായി പരിസ്ഥിതി സൗഹൃദമാക്കുവാൻ സാധിക്കുമെന്നും കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടർ വിശദീകരിച്ചു.

ഡ്രൈവർമാർക്ക് സ്പെഷ്യൽ ട്രെയിനിംഗ് ആവശ്യമാണോയെന്ന് സമിതി ആരാഞ്ഞപ്പോൾ വെറ്റ് ലീസ് സമ്പ്രദായപ്രകാരം വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും ഡ്രൈവർമാരുടെ സേവനവും വാഹന നിർമ്മാണ കമ്പനി തന്നെ കോർപ്പറേഷന് ലഭ്യമാക്കുമെന്നും എന്നാൽ കണ്ടക്ടറുടെ സേവനം, വൈദ്യുതി എന്നിവ കോർപ്പറേഷൻ ഏർപ്പെടുത്തണമെന്നും മാനേജിംഗ് ഡയറക്ടർ അറിയിച്ചു. കാലക്രമേണ വെറ്റ് ലീസ് നിരക്ക് കുറയാൻ സാധ്യതയുണ്ടെങ്കിലും ബസ്സുകൾ വാങ്ങുന്നതാണ് അഭികാമ്യമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പൊതുഗതാഗത മേഖലയിലെ വാഹനങ്ങൾക്ക് നികുതി പൂർണ്ണമായി ഒഴിവാക്കണമെന്ന് സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്താൽ കേന്ദ്ര സർക്കാരിന്റെ ഫെയിം-2 സ്കീം പ്രകാരം ബസ്സൊന്നിന് ഒരു കോടി രൂപ സബ്സിഡി ലഭിക്കുമെന്ന് ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു. ഗവൺമെന്റ് വാഹനങ്ങൾക്ക് മാത്രമേ അത് ബാധകമാക്കാൻ സാധിക്കുകയുള്ളുവെന്ന് സമിതി വ്യക്തമാക്കി.

യോഗം രാവിലെ 11.55-ന് പിരിഞ്ഞു.

## 6-3-2019-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2019 മാർച്ച് 6-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുമായ ശ്രീ. ജി. സുധാകരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ എക്സ്-ഒഫീഷ്യോ അംഗവും ബഹു. തുറമുഖവും മ്യൂസിയവും

പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രിയുമായ ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.
2. ശ്രീ. വി. ആർ. സുനിൽ കുമാർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി വി. ആർ. രജനി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. ആനന്ദ് സിംഗ്, സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
2. ശ്രീ. കെ. ടി. വർഗ്ഗീസ് പണിക്കർ, ഡയറക്ടർ, തുറമുഖ വകുപ്പ്
3. ശ്രീമതി കെ. എസ്. ഉഷ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീമതി കെ. ആർ. മധുമതി, മാനേജിംഗ് ഡയറക്ടർ, ആർ.ഐ.സി.കെ.
5. ശ്രീ. എസ്. ദീപു, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്
6. ശ്രീമതി ദീപ്തി ഭാനു, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള റോഡ് ഫണ്ട് ബോർഡ്
7. ശ്രീ. പി. ടി. ജോയ്, ഡെപ്യൂട്ടി സെക്രട്ടറി, ഫിഷറീസ് ആന്റ് പോർട്ട്സ് ഡിപ്പാർട്ട്മെന്റ്
8. ശ്രീ. എം. എൻ. ജീവരാജ്, ചീഫ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. (റോഡ്സ്)
9. ശ്രീ. എസ്. മനോമോഹൻ, ചീഫ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. (ബ്രിഡ്ജസ്)
10. ശ്രീ. ഹൈഗീൻ ആൽബർട്ട്, ചീഫ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. (ഡിസൈൻ)
11. ശ്രീമതി ഡാർലിൻ ഡിക്രൂസ്, ചീഫ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട്

12. ശ്രീ. എം. അശോക് കുമാർ, ചീഫ് എഞ്ചിനീയർ (നാഷണൽ ഹൈവേ) പി.ഡബ്ല്യു.ഡി.

13. ശ്രീ. പി. കെ. അനിൽകുമാർ, ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്

14. ശ്രീ. ടി. ജെ. അലക്സ്, ജനറൽ മാനേജർ (ഇൻ-ചാർജ്), റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള

15. ശ്രീ. സിബി ജെ. പുല്ലോപ്പള്ളിൽ, ചീഫ് ഫിനാൻഷ്യൽ ഓഫീസർ, റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള

16. ശ്രീ. എ. പി. സുരേന്ദ്രലാൽ, ചീഫ് ഹൈഡ്രോഗ്രാഫർ, ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം

17. ശ്രീ. എൻ. സതീഷ്, സീനിയർ ഫിനാൻസ് ഓഫീസർ, പി.ഡബ്ല്യു.ഡി., (നാഷണൽ ഹൈവേ)

18. ശ്രീ. പി. എം. ഷൈജു, സീനിയർ ഫിനാൻസ് ഓഫീസർ, പി.ഡബ്ല്യു.ഡി. (ബിൽഡിംഗ്)

19. ശ്രീ. ലൂയിസ് എ. ഫെർണാണ്ടസ്, സീനിയർ ഫിനാൻസ് ഓഫീസർ, റോഡ്സ് & ബ്രിഡ്ജസ് കോർപ്പറേഷൻ ഓഫ് കേരള

20. ശ്രീ. എം. എസ്. ഷാജി, ഫിനാൻസ് ഓഫീസർ, തുറമുഖ വകുപ്പ്

21. ശ്രീ. സി. കെ. രാജേന്ദ്രൻ, ഫിനാൻസ് ഓഫീസർ, ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്.

സമിതി, 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുടെ ഭാഗമായി XV (പൊതുമരാമത്ത്), XL (തുറമുഖങ്ങൾ) എന്നീ നമ്പർ ധനാഭ്യർത്ഥനകൾ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XL—തുറമുഖങ്ങൾ

### 3051-02-001-99—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ-ഭരണവും നടത്തിപ്പും-പോർട്ട് ഡയറക്ടറേറ്റ് (നോൺ പ്ലാൻ)

തുറമുഖ ഡയറക്ടറേറ്റിലെ ജീവനക്കാരുടെ വേതനം, ദിവസ വേതനം, അദർ ഐറ്റംസ്, അദർ ചാർജസ് അദർ ഐറ്റംസ്, റിപ്പയർ ആന്റ് മെയിന്റനൻസ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 11 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98-02-5—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ-ഭരണവും നടത്തിപ്പും-ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്-വേതനം-ദിവസവേതനം (നോൺ പ്ലാൻ)

ഈ ശീർഷകത്തിൽ 1.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3051-02-001-98-04-1—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ-ഭരണവും നടത്തിപ്പും-ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്-യാത്രാച്ചെലവുകൾ-യാത്രാബത്ത (നോൺ പ്ലാൻ)

ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3051-02-001-98-05-3—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ-ഭരണവും നടത്തിപ്പും-ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്-ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ് (നോൺ പ്ലാൻ)

ഈ ശീർഷകത്തിൽ 3.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3051-02-001-98-21-2—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ-ഭരണവും നടത്തിപ്പും-ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്-മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും (നോൺ പ്ലാൻ)

ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3051-02-001-98-45—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ-ഭരണവും നടത്തിപ്പും-ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്-പി.ഒ.എൽ. (നോൺ പ്ലാൻ)

ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3051-02-001-97—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും ചെറുകിട തുറമുഖങ്ങൾ-ഭരണവും നടത്തിപ്പും-സെൻട്രൽ വർക്ക്ഷോപ്പും സ്റ്റോഴ്സ് ഓർഗനൈസേഷനും സ്ഥാപിക്കൽ (നോൺ പ്ലാൻ)

തുറമുഖ ഡയറക്ടറേറ്റിൽ ചീഫ് മെക്കാനിക്കൽ എഞ്ചിനീയറുടെ ഓഫീസിലെ ജീവനക്കാരുടെ വേതനം, ദിവസവേതനം, യാത്രാബത്ത, ടെലിഫോൺ ചാർജ്ജ്, മറ്റിനങ്ങൾ എന്നീ ശീർഷകങ്ങളിലും, വർക്ക്ഷോപ്പിലെ ജീവനക്കാരുടെ ഓവർടൈം അലവൻസ് നൽകുന്നതിന് സാലറി ഓവർടൈം എന്ന ശീർഷകത്തിലുമായി 14 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-101-99—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ-നിർമ്മാണവും അറ്റകുറ്റപ്പണികളും-പോർട്ട് ഡിപ്പാർട്ട്മെന്റ് (നോൺ പ്ലാൻ)

തുറമുഖ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 8 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-101-98—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ-നിർമ്മാണവും അറ്റകുറ്റപ്പണികളും-തുറമുഖ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് (നോൺ പ്ലാൻ)

ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-102-99—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ-തുറമുഖ കാര്യാന്വേഷണം-പോർട്ട് ഓഫീസുകളും എസ്റ്റാബ്ലിഷ്മെന്റുകളും (നോൺ പ്ലാൻ)

ജീവനക്കാരുടെ ഓവർടൈം അലവൻസ്, വേതനം, ദിവസവേതനം, യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ, ടെലിഫോൺ ചാർജ്ജുകൾ, വാടക, കരം, നികുതി, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി ഈ ശീർഷക ത്തിൽ 28 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-102-98—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ-തുറമുഖ കാര്യാന്വേഷണം-അന്വേഷണവും രക്ഷാനടപടിയും (നോൺ പ്ലാൻ)

കടലിലെ രക്ഷാപ്രവർത്തനങ്ങൾക്കുള്ള ജലവാഹനങ്ങളിലെ ജീവനക്കാരുടെ ഓവർടൈം അലവൻസ്, യാത്രാബത്ത, ജലവാഹനങ്ങൾക്കുള്ള ഇന്ധനചെലവ്, പി.ഒ.എൽ. എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 13 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3051-02-103-99—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ-ഡ്രഡ്ജിംഗും സർവേയിംഗും-ഹൈഡ്രോഗ്രാഫിക് സർവേ വിഭാഗം (നോൺ പ്ലാൻ)

ഈ ശീർഷകത്തിൽ 35.03 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3051-02-103-99-01-1—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ-ഡ്രഡ്ജിംഗും സർവേയിംഗും-ഹൈഡ്രോഗ്രാഫിക് സർവേ വിഭാഗം-ശമ്പളം-ശമ്പളം (നോൺ പ്ലാൻ)

എല്ലാ ജീവനക്കാർക്കും അടിസ്ഥാന ശമ്പളം നൽകുന്നതിനായി ഈ ശീർഷകത്തിൽ 27.94 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3051-02-103-99-01-3—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ-ഡ്രഡ്ജിംഗും സർവേയിംഗും-ഹൈഡ്രോഗ്രാഫിക് സർവേ വിഭാഗം-ശമ്പളം-വീട്ടു വാടക അലവൻസ് (നോൺ പ്ലാൻ)

ഈ ശീർഷകത്തിൽ 1.8 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3051-02-103-99-01-5—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ-ഡ്രഡ്ജിംഗും സർവേയിംഗും-ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം-ശമ്പളം-മറ്റ് അലവൻസുകൾ (നോൺ പ്ലാൻ)

ഈ ശീർഷകത്തിൽ 2.01 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3051-02-103-99-04-1—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ-ഡ്രഡ്ജിംഗും സർവേയിംഗും-ഹൈഡ്രോഗ്രാഫിക് സർവേ വിഭാഗം-യാത്രാ ചെലവുകൾ-യാത്രാബത്ത (നോൺ പ്ലാൻ)

ഈ ശീർഷകത്തിൽ 2.4 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3051-02-103-99-04-4—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ-ഡ്രഡ്ജിംഗും സർവേയിംഗും-ഹൈഡ്രോഗ്രാഫിക് സർവേ വിഭാഗം-യാത്രാച്ചെലവുകൾ-അവധി യാത്രാനുകൂല്യം (നോൺ പ്ലാൻ)

ഈ ശീർഷകത്തിൽ 1.05 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു. അവധി യാത്രാനുകൂല്യം എല്ലാ വർഷവും നൽകുന്നതാകയാൽ ബഡ്ജറ്റ് അലോട്ട്മെന്റിൽ ആയത് പരിഗണിക്കേണ്ടതല്ലേയെന്ന് സമിതി ആരാഞ്ഞപ്പോൾ അവസാന മൂന്ന് വർഷത്തെ എക്സ്പെന്റീച്ചർ പരിശോധിച്ച ശേഷം ആവറേജ് എമൗണ്ടാണ് ബഡ്ജറ്റിൽ വകയിരുത്തുന്നതെന്നും ഒരു ഓഫീസർ യാത്രയ്ക്ക് പോകുന്നുവെന്ന് റിപ്പോർട്ട് ചെയ്തു കഴിയുമ്പോൾ അതിന് ആനുപാതികമായി തുക അനുവദിച്ച് നൽകുമെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

3051-02-103-99-05-2—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ-ഡ്രഡ്ജിംഗും സർവേയിംഗും-ഹൈഡ്രോഗ്രാഫിക് സർവേ വിഭാഗം-ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ്(നോൺ പ്ലാൻ)

ഈ ശീർഷകത്തിൽ 43,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3051-02-103-99-45—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ-ഡ്രഡ്ജിംഗും സർവേയിംഗും-ഹൈഡ്രോഗ്രാഫിക്ക് സർവേ വിഭാഗം-യാത്രാ ചെലവുകൾ-പി.ഒ.എൽ. (നോൺ പ്ലാൻ)

ശീർഷകത്തിൽ 40,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3051-02-103-97—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളുംചെറുകിട തുറമുഖങ്ങൾ-ഡ്രഡ്ജിംഗും സർവേയിംഗും-ഡ്രഡ്ജിംഗ് യൂണിറ്റ് (നോൺ പ്ലാൻ)

തുറമുഖങ്ങളിലെ അത്യാവശ്യ മണ്ണുമാന്തൽ പ്രവർത്തനത്തിനുവേണ്ടിയുള്ള ഗ്രാബ് ഡ്രഡ്ജറുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ജീവനക്കാരുടെ ഓവർടൈം അലവൻസ്, യാത്രാബത്ത, മറ്റിനം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XV—പൊതുമരാമത്ത്

പ്രളയം മൂഖേന പൊതുമരാമത്ത് വകുപ്പിന് ഏകദേശം 13,000 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്നും റോഡുകളുടെ റീസർഫസിംഗിന് വേണ്ടിയുള്ള സമീപഭാവിയിലേയ്ക്കുള്ള പ്രൊപ്പോസൽ ഏകദേശം 7000 കോടി രൂപയും ദീർഘകാലത്തേയ്ക്കുള്ള പ്രൊപ്പോസൽ 5000 കോടി രൂപയുമാണെന്ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി വ്യക്തമാക്കി. പ്ലാൻ ഇനത്തിൽ 6500 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആകെ 1529 കോടി രൂപ മാത്രമാണ് അനുവദിച്ചതെന്നും ഇത് കഴിഞ്ഞ വർഷത്തെ വിഹിതത്തേക്കാൾ കുറവാണെന്നും സെക്രട്ടറി ചൂണ്ടിക്കാട്ടി. 2018-19-ൽ പ്ലാൻ ഹെഡിൽ 1834 കോടി രൂപയും നോൺ-പ്ലാൻ ഹെഡിൽ 3654 കോടി രൂപയും അനുവദിച്ചിരുന്നുവെന്ന് അദ്ദേഹം വ്യക്തമാക്കി. 2019-20-ൽ നോൺ പ്ലാൻ ഹെഡിൽ 5658 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പ്ലാൻ ഹെഡിൽ ആവശ്യപ്പെട്ടതിന്റെ 25 ശതമാനം മാത്രമാണ് ഇപ്പോൾ അനുവദിച്ചതെന്നും 2019-20-ൽ 1400 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും അതിന്റെ ചെലവ് അടുത്ത സാമ്പത്തിക വർഷമാണ് ഉണ്ടാവുകയെന്നും പ്ലാൻ ഹെഡിൽ കൂടുതൽ ഫണ്ട് അലോക്കേഷൻ വേണമെന്നും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി അറിയിച്ചു

2059-80-001-99(01)—പൊതുമരാമത്ത്-ജനറൽ-ഭരണവും നടത്തിപ്പും-നടത്തിപ്പ്-നടത്തിപ്പ് (ചീഫ് എഞ്ചിനീയർ കെട്ടിടങ്ങളും ലോക്കൽ പണികളും) (നോൺ പ്ലാൻ)

(02)—നടത്തിപ്പ് (ചീഫ് ആർക്കിടെക്ട്, പൊതുമരാമത്ത്) (നോൺ പ്ലാൻ)

കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെയും ജീവനക്കാരുടെയും ചീഫ് ആർക്കിടെക്ടിന്റെയും ജീവനക്കാരുടെയും ടൂർ റ്റി.എ., പി.ഒ.എൽ., മറ്റ് ഇനങ്ങൾ, സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 57.59 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2059-80-001-98—പൊതുമരാമത്ത്-ജനറൽ-ഭരണവും നടത്തിപ്പും-മേൽനോട്ടം (നോൺ പ്ലാൻ)

കെട്ടിട വിഭാഗത്തിലെ ജുഡീഷ്യൽ സർക്കിൾ എറണാകുളം ഉൾപ്പെടെ നാല് സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെയും അനുബന്ധ ജീവനക്കാരുടെയും ടൂർ റ്റി.എ., പി.ഒ.എൽ., മറ്റ് ഇനങ്ങൾ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 79.74 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2059-80-001-97—പൊതുമരാമത്ത്-ജനറൽ-ഭരണവും നടത്തിപ്പും-നിർവ്വഹണം(നോൺ പ്ലാൻ)

കെട്ടിട വിഭാഗത്തിന് കീഴിലുള്ള 21 ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും ജീവനക്കാരുടെയും ശമ്പളം, പൊതുമരാമത്ത് റസ്റ്റ്ഹൗസ് ജീവനക്കാരുടെ ശമ്പളം, ലെജിസ്ലേച്ചർ കോംപ്ലക്സിലേയ്ക്ക് നിയോഗിക്കപ്പെട്ട ജീവനക്കാരുടെ ശമ്പളം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 13.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3054—റോഡുകളും പാലങ്ങളും

3054-01-001-99—റോഡുകളും പാലങ്ങളും-നാഷണൽ ഹൈവേയ്സ്-ഭരണവും നടത്തിപ്പും-ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ (നോൺ പ്ലാൻ)

നാഷണൽ ഹൈവേ ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ യാത്രാബത്ത, അവധി യാത്രാനുകൂല്യം, ദിവസവേതന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർക്കുള്ള ശമ്പളം, ഓഫീസ് ചെലവുകൾ, മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് എന്നീ ഇനങ്ങൾക്കായി ഈ ശീർഷകത്തിൽ 32 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3054-01-001-98—റോഡുകളും പാലങ്ങളും-നാഷണൽ ഹൈവേയ്സ്-ഭരണവും നടത്തിപ്പും-മേൽനോട്ടവും നിർവ്വഹണവും (നോൺ പ്ലാൻ)

നാഷണൽ ഹൈവേ ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള സർക്കിൾ ഓഫീസുകളുടെ ഇലക്ട്രിസിറ്റി ചാർജ്ജ്, ടെലിഫോൺ ചാർജ്ജ്, വെള്ളക്കരം, പി.ഒ.എൽ. ഇനത്തിലെ കുടിശ്ശിക, മെഡിക്കൽ റീഇമ്പേഴ്സ്മെന്റ്, സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും എന്നീ ഇനങ്ങൾക്കായി ഈ ശീർഷകത്തിൽ 7.4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-01-337-99—റോഡുകളും പാലങ്ങളും-നാഷണൽ ഹൈവേയ്സ്-റോഡുപണികൾ-സംസ്ഥാനത്തിനകത്തുള്ള ദേശീയപാതയിലെ അത്യാവശ്യ അറ്റകുറ്റപ്പണികൾ (നോൺ പ്ലാൻ)

സംസ്ഥാനത്തിനകത്തുള്ള ദേശീയപാതകളിലെ അത്യാവശ്യ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി ചെയ്തുതീർക്കുന്നതിന് ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-01-800-99—റോഡുകളും പാലങ്ങളും-നാഷണൽ ഹൈവേയ്സ്-മറ്റ് ചെലവ്-മുനിസിപ്പൽ അതിർത്തികൾക്കുള്ളിൽ വരുന്ന നാഷണൽ ഹൈവേയുടെ സംരക്ഷണം (നോൺ പ്ലാൻ)

മുനിസിപ്പൽ അതിർത്തികൾക്കുള്ളിൽ വരുന്ന ഹൈവേകളിലെ സംരക്ഷണ പണികൾക്കായി ഈ ശീർഷകത്തിൽ 4.6 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3054-03-102-99—റോഡുകളും പാലങ്ങളും-സംസ്ഥാന ഹൈവേകൾ-പാലങ്ങൾ-സാധാരണ അറ്റകുറ്റപ്പണികൾ (നോൺ പ്ലാൻ)

സംസ്ഥാന ഹൈവേയിലെ പാലങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3054-03-102-98—റോഡുകളും പാലങ്ങളും-സംസ്ഥാന ഹൈവേകൾ-പാലങ്ങൾ-മഴക്കാല അറ്റകുറ്റപ്പണികൾ (നോൺ പ്ലാൻ)

വെള്ളപ്പൊക്കംമൂലം നാശനഷ്ടങ്ങൾ സംഭവിച്ച പാലങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-03-103-98—റോഡുകളും പാലങ്ങളും-സംസ്ഥാന ഹൈവേകൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും-സംസ്ഥാന ഹൈവേകളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും (13-ാം ധനകാര്യ കമ്മീഷൻ ശിപാർശ) (നോൺ പ്ലാൻ)

പൂർത്തിയായ പ്രവൃത്തികൾക്ക് ബില്ലുകൾ മാറി നൽകുന്നതിനുവേണ്ടി ഈ ശീർഷകത്തിൽ 22.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3054-03-337-99—റോഡുകളും പാലങ്ങളും-സംസ്ഥാന ഹൈവേകൾ-റോഡു പണികൾ-സാധാരണ അറ്റകുറ്റപ്പണികൾ (നോൺ പ്ലാൻ)

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും നിലവിലുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും വെള്ളപ്പൊക്കംമൂലം നാശനഷ്ടങ്ങൾ സംഭവിച്ച റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും ബിറ്റുമിൻ വാങ്ങിയ വകയിൽ ബി.പി.സി.എൽ.-ന് നൽകാനുള്ള തുക നൽകുന്നതിനുംവേണ്ടി ഈ ശീർഷകത്തിൽ 155 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-03-337-96—റോഡുകളും പാലങ്ങളും-സംസ്ഥാന ഹൈവേകൾ-റോഡു പണികൾ-വെള്ളപ്പൊക്ക കെടുതികളുടെ അറ്റകുറ്റപ്പണികൾ (നോൺ പ്ലാൻ)

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും നിലവിലുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും വെള്ളപ്പൊക്കംമൂലം നാശനഷ്ടങ്ങൾ സംഭവിച്ച റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും പുതുതായി ഭരണാനുമതി ലഭിച്ച 450 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുംവേണ്ടി ഈ ശീർഷകത്തിൽ 200 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-03-337-95—റോഡുകളും പാലങ്ങളും-സംസ്ഥാന ഹൈവേകൾ-റോഡു പണികൾ-വിശിഷ്ടാതിഥികളുടെ സന്ദർശനം, റിപ്പബ്ലിക്/സ്വാതന്ത്ര്യ ദിനാചരണം എന്നിവ സംബന്ധിച്ച പണികൾ (നോൺ പ്ലാൻ)

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും നിലവിലുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുംവേണ്ടി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-03-337-93—റോഡുകളും പാലങ്ങളും-സംസ്ഥാന ഹൈവേകൾ-റോഡു പണികൾ-ശബരിമല വർക്കുകൾ (നോൺ പ്ലാൻ)

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും നിലവിലുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുംവേണ്ടി ഈ ശീർഷകത്തിൽ 40 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-04-105-98—റോഡുകളും പാലങ്ങളും-ജില്ലാതല റോഡുകളും മറ്റു റോഡുകളും-സംരക്ഷണവും അറ്റകുറ്റപ്പണികളും-സംരക്ഷണവും അറ്റകുറ്റപ്പണികളും (13-ാം ധനകാര്യ കമ്മീഷൻ ശിപാർശ) (നോൺ പ്ലാൻ)

പൂർത്തിയായ പ്രവൃത്തികൾക്ക് ബില്ലുകൾ മാറി നൽകുന്നതിനുവേണ്ടി ഈ ശീർഷകത്തിൽ 10.9 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3054-80-001-99—റോഡുകളും പാലങ്ങളും-ജനറൽ-ഭരണവും നടത്തിപ്പും-നടത്തിപ്പ് (നോൺ പ്ലാൻ)

പുതുതായി അനുവദിച്ച ചീഫ് എഞ്ചിനീയർ (പാലങ്ങൾ), ചീഫ് എഞ്ചിനീയർ (നിരത്ത് പരിപാലനം) എന്നീ ഓഫീസുകളിലെ ജീവനക്കാരുടെ ശമ്പളം, യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, പി.ഒ.എൽ. എന്നീ ഇനങ്ങൾക്കായി ഈ ശീർഷകത്തിൽ 7.34 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3054-80-001-98—റോഡുകളും പാലങ്ങളും-ജനറൽ-ഭരണവും നടത്തിപ്പും-മേൽനോട്ടം (നോൺ പ്ലാൻ)

പുതുതായി അനുവദിച്ച സർക്കിൾ ഓഫീസുകളിലെ (പാലങ്ങൾ, നിരത്ത് പരിപാലനം) ജീവനക്കാരുടെ ശമ്പളം, യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, പി.ഒ.എൽ. എന്നീ ഇനങ്ങൾക്കായി ഈ ശീർഷകത്തിൽ 4.15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3054-80-001-97—<u>റോഡുകളും പാലങ്ങളും-ജനറൽ-ഭരണവും നടത്തിപ്പും-നിർവ്വഹണം</u> (നോൺ പ്ലാൻ)

പുതുതായി അനുവദിച്ച ഡിവിഷൻ ഓഫീസുകളിലെ (പാലങ്ങൾ, നിരത്ത് പരിപാലനം) ജീവനക്കാരുടെ ശമ്പളം, വേതനം, യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, പി.ഒ.എൽ., ട്രേഡ് അപ്രന്റീസ്‌മാർക്കുള്ള സ്റ്റൈപ്പന്റ്, വാടക, കരം, നികതി എന്നീ ഇനങ്ങൾക്കായി ഈ ശീർഷകത്തിൽ 81.73 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3054-80-004-99—<u>റോഡുകളും പാലങ്ങളും-ജനറൽ-ഗവേഷണവും പരിഷ്കരണവും-കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്</u> (നോൺ പ്ലാൻ)

യാത്രാബത്ത, ഓഫീസ് ചെലവുകൾ, വെള്ളക്കരം, വൈദ്യുതി ചെലവുകൾ, പി.ഒ.എൽ., വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 1.2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3054-80-004-98—<u>റോഡുകളും പാലങ്ങളും-ജനറൽ-ഗവേഷണവും പരിഷ്കരണവും-പബ്ലിക് വർക്ക് ഡിസൈൻ ഇൻവെസ്റ്റിഗേഷൻ ക്വാളിറ്റി കൺട്രോൾ ആന്റ് റിസർച്ച് ബോർഡ്</u> (നോൺ പ്ലാൻ)

യാത്രാബത്ത, ഓഫീസ്ചെലവുകൾ, പി.ഒ.എൽ., വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3054-80-004-96—<u>റോഡുകളും പാലങ്ങളും-ജനറൽ-ഗവേഷണവും പരിഷ്കരണവും-പുതിയ പദ്ധതികളുടെ പ്രായോഗിക ക്ഷമതാ പഠനം</u> (പ്ലാൻ)

പുതിയ പദ്ധതികളുടെ പ്രായോഗികക്ഷമതാ പഠനം, ഇൻവെസ്റ്റിഗേഷൻ ജോലികൾ, ഡി.പി.ആർ. തയ്യാറാക്കൽ, RBDCK-യുടെ മേൽനോട്ടത്തിൽ വിവിധ റെയിൽവേ മേൽപ്പാലങ്ങളുടെ ഡി.പി.ആർ. തയ്യാറാക്കൽ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 3.26 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3054-80-004-93—റോഡുകളും പാലങ്ങളും-ജനറൽ-ഗവേഷണവും പരിഷ്കരണവും- പൊതുമരാമത്ത് വകുപ്പിന് കീഴിലെ ഇ-ഗവേണൻസ് (പ്ലാൻ)

പൊതുമരാമത്ത് വകുപ്പ് ഓഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണം, ജീവനക്കാരുടെ ഐ.റ്റി. പരിശീലനം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-004-92—റോഡുകളും പാലങ്ങളും-ജനറൽ-ഗവേഷണവും പരിഷ്കരണവും- ക്വാളിറ്റി കൺട്രോൾ യൂണിറ്റ് സ്ഥാപിക്കലും കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ക്വാളിറ്റി കൺട്രോൾ യൂണിറ്റാക്കി ഉയർത്തലും (പ്ലാൻ)

ഡിസൈൻ വിഭാഗം, കെ.എച്ച്.ആർ.ഐ., എച്ച്.ആർ.ഡി., ക്വാളിറ്റി കൺട്രോൾ കാര്യാലയങ്ങൾ മുഖേന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകുന്നതിലേക്കും ഡിസൈൻ ഓഫീസ്, ക്വാളിറ്റി കൺട്രോൾ ലാബുകൾ, കെ.എച്ച്.ആർ.ഐ. കാര്യാലയ ങ്ങളിലെ ദൈനംദിന ആവശ്യങ്ങൾക്കും ഡിപ്പാർട്ട്മെന്റ് വാഹനങ്ങളുടെ വാടകയിന ത്തിലുമായി ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3054-80-107-97—റോഡുകളും പാലങ്ങളും-ജനറൽ-റെയിൽവേ സുരക്ഷിതത്വ പണികൾ- കാവൽക്കാർ ഇല്ലാത്ത ലെവൽ ക്രോസിങ്ങുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തൽ (പ്ലാൻ)

കാവൽക്കാർ ഇല്ലാത്ത ലെവൽ ക്രോസിങ്ങുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തുന്നതിന് റെയിൽവേയ്ക്ക് നൽകേണ്ട കുടിശ്ശിക അനുവദിക്കുന്നതിനായി ഈ ശീർഷകത്തിൽ 6 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3054-80-800-95—റോഡുകളും പാലങ്ങളും-ജനറൽ-മറ്റ് ചെലവുകൾ-റോഡു സുരക്ഷിതത്വ പണികൾ (പ്ലാൻ)

റോഡ് സുരക്ഷാ പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 42.75 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണ മെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3054-80-800-92—<u>റോഡുകളും പാലങ്ങളും-ജനറൽ-മറ്റ് ചെലവുകൾ-കേരള റോഡ് ഫണ്ട്</u> (നോൺ പ്ലാൻ)

ഡിസ്ട്രിക്റ്റ് ഫ്ളാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്റ്റിന്റെ (DFIP) ഭാഗമായി രാമനാട്ടുകര ഫ്ളൈ ഓവർ, തൊണ്ടയാട് ഫ്ളൈ ഓവർ, കണ്ണൂർ ഹിൽ ഹൈവേ, വലിയഴീക്കൽ പാലം, നാട്ടുകാണി-പരപ്പനങ്ങാടി റോഡ് എന്നീ പ്രവൃത്തികൾ കേരള റോഡ് ഫണ്ട് ബോർഡിന്റെ മേൽനോട്ടത്തിൽ പൂർത്തിയാക്കുന്നതിനായി ഈ ശീർഷകത്തിൽ 599 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059—<u>പൊതുമരാമത്ത് മൂലധനച്ചെലവ്</u>

4059-01-051-99—<u>പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം-സംസ്ഥാന നിയമസഭ</u> (പ്ലാൻ)

കേരള നിയമസഭാ മന്ദിരത്തിന്റെ നവീകരണ ജോലികൾക്കായി ഈ ശീർഷകത്തിൽ 5.2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-97—<u>പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം-ഇലക്ഷൻ</u> (പ്ലാൻ)

ഇലക്ഷൻ കമ്മീഷന്റെ ആസ്ഥാനമന്ദിര നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ 7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-96-16—<u>പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം-ഭൂനികുതി-വൻകിട മരാമത്തുപ്പണികൾ</u> (പ്ലാൻ)

വിവിധ താലൂക്ക് റവന്യൂ ഓഫീസുകളുടെ കെട്ടിട നിർമ്മാണത്തിനും നവീകരണത്തിനുമായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-95-16—<u>പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം-മുദ്രപ്പത്രങ്ങൾ, രജിസ്ട്രേഷൻ-വൻകിട മരാമത്തുപണികൾ</u> (പ്ലാൻ)

രജിസ്ട്രാർ ഓഫീസുകളുടെ പണികൾക്കായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-94-16—പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം-സ്റ്റേറ്റ് എക്സൈസ്-വൻകിട മരാമത്തുപണികൾ (പ്ലാൻ)

എക്സൈസ് കോംപ്ലക്സും ഓഫീസുകളും ഉൾപ്പെടെ പല മേജർ പണികളും പൂർത്തിയാക്കാനുള്ളതിനാൽ ഈ ശീർഷകത്തിൽ 7.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-92-16—പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം-പബ്ലിക് സർവ്വീസ് കമ്മീഷൻ-വൻകിട മരാമത്തുപണികൾ (പ്ലാൻ)

പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഓഫീസ് കെട്ടിടങ്ങളുടെ പണികൾക്കായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

4059-01-051-91-16—പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം-സെക്രട്ടേറിയറ്റ് ജനറൽ സർവ്വീസ്-വൻകിട മരാമത്തുപണികൾ(പ്ലാൻ)

സെക്രട്ടേറിയറ്റിലെ പല ഓഫീസുകളുടെയും പണികൾ പൂർത്തീകരിക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

4059-01-051-90-16—പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം-ട്രഷറിയും അക്കൗണ്ട്സും-വൻകിട മരാമത്ത പണികൾ (പ്ലാൻ)

ട്രഷറിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

4059-01-051-88-16—പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം-ജയിൽ-വൻകിട മരാമത്തുപണികൾ (പ്ലാൻ)

ജയിൽ ഡി.ജി.പി., ഐ.ജി., ഡി.ഐ.ജി. ഓഫീസുകളുടെ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

4059-01-051-87-16—പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം-സ്റ്റേഷനറിയും അച്ചടിയും-വൻകിട മരാമത്തുപ്പണികൾ (പ്ലാൻ)

സ്റ്റേഷനറി അച്ചടി വകുപ്പിന്റെ ഓഫീസ് കെട്ടിടങ്ങളുടെ പണികൾക്കായി ഈ ശീർഷകത്തിൽ 9 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

4059-01-051-86-16—പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം-പൊതുമരാമത്തുപ്പണികൾ (സിവിൽ ജോലികൾ)-വൻകിട മരാമത്തുപ്പണികൾ (പ്ലാൻ)

സിവിൽ സ്റ്റേഷൻ, മിനി സിവിൽ സ്റ്റേഷൻ തുടങ്ങിയവയുടെ പണികൾ പൂർത്തീകരിക്കാനും കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുവാനും ഈ ശീർഷകത്തിൽ 75 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-83-16—പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം-രാജ്ഭവൻ മരാമത്തു പണികൾ-വൻകിട മരാമത്തുപണികൾ(പ്ലാൻ)

രാജ്ഭവൻ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-75-16—പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം-സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്-വൻകിട മരാമത്ത് പണികൾ (പ്ലാൻ)

സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിന്റെ ഓഫീസ് കെട്ടിടങ്ങളുടെ പണികൾക്കായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

4059-01-051-72—പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം-വില്ലേജ് ഓഫീസുകളുടെ നിർമ്മാണവും പുനരുദ്ധാരണവും

വില്ലേജ് ഓഫീസുകളുടെയും റസിഡൻഷ്യൽ ക്വാർട്ടേഴ്സിന്റെയും പണികൾക്കായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

4059-60-051-85-16—പൊതുമരാമത്ത് മൂലധനച്ചെലവ്-മറ്റ് കെട്ടിടങ്ങൾ-നിർമ്മാണം-അഗ്നി പ്രതിരോധവും നിയന്ത്രണവും-വൻകിട മരാമത്തുപണികൾ (പ്ലാൻ)

വിവിധ ഫയർ സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

4059-60-051-83—പൊതുമരാമത്ത് മൂലധനച്ചെലവ്-മറ്റ് കെട്ടിടങ്ങൾ-നിർമ്മാണം-രാജ്ഭവൻ (മരാമത്തുപണികൾ)

ഈ ശീർഷകത്തിൽ തുകയൊന്നും അനുവദിക്കാത്തതിനാൽ 45 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-60-051-77-16—പൊതുമരാമത്ത് മൂലധനച്ചെലവ്-മറ്റ് കെട്ടിടങ്ങൾ-നിർമ്മാണം-നിയമസഭാ ഹോസ്റ്റൽ കോമ്പൗണ്ടിൽ നിയമസഭാ സാമാജികർക്ക് വേണ്ടിയുള്ള ഫ്ലാറ്റ് നിർമ്മാണം-വൻകിട മരാമത്തുപണികൾ (പ്ലാൻ)

നിയമസഭാ സാമാജികർക്ക് വേണ്ടിയുള്ള ഫ്ലാറ്റ് നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

4059-60-051-69—പൊതുമരാമത്ത് മൂലധനച്ചെലവ്-മറ്റ് കെട്ടിടങ്ങൾ-നിർമ്മാണം-ജുഡീഷ്യറിയുടെ അടിസ്ഥാന സൗകര്യവികസനം (കോടതി കെട്ടിടങ്ങൾ, ജഡ്ജിമാരുടെ വാസസ്ഥലങ്ങൾ എന്നിവയുടെ നിർമ്മാണം-60% കേന്ദ്ര വിഹിതം) (പ്ലാൻ)

60% കേന്ദ്ര സഹായം ഉള്ള ഈ ശീർഷകത്തിൽ കോടതി കെട്ടിടങ്ങളുടെ പണികൾക്കായി 15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

4059-80-201-99—പൊതുമരാമത്ത് മൂലധനച്ചെലവ്-ജനറൽ-സ്ഥലം പൊന്നും വിലയ്ക്കെടുക്കൽ-ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരം

ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരം നൽകുന്നതിന് ഈ വർഷം അനുവദിച്ച പുതിയ ശീർഷകത്തിൽ തുകയൊന്നും വകയിരുത്താത്തതിനാൽ 25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

5054—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്

5054-01-337-99—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-നാഷണൽ ഹൈവേകൾ-റോഡു പണികൾ-നാഷണൽ ഹൈവേ കടന്നു പോകുന്നവഴിയിലുള്ള തെരഞ്ഞെടുത്ത പട്ടണങ്ങളിൽ ബൈലൈനുകൾ നിർമ്മിക്കുന്നതിന് (പ്ലാൻ)

കുറ്റിപ്പുറം-പുതുപൊന്നാനി റോഡ്, താഴെചൊവ്വാ ഭാഗത്തെ വീതികൂട്ടൽ തുടങ്ങിയ പ്രവൃത്തികളുടെ ബില്ലുകൾ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-01-337-98-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-നാഷണൽ ഹൈവേകൾ-റോഡുപണികൾ-ദേശീയപാതയെ നഗരങ്ങളുമായി ബന്ധിക്കുന്ന ഭാഗത്തിന്റെ വികസനം-വൻകിട മരാമത്തുപണികൾ (പ്ലാൻ)

ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന പ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങൾക്കും കരമന-കളിയിക്കാവിള ദേശീയപാതയുടെ ഒന്നാംഘട്ടം രണ്ടാം റീച്ച് പ്രാവച്ചമ്പലം-വഴിമുക്ക് റോഡിന്റെ വികസനത്തിനും മറ്റ് പ്രവൃത്തികൾക്കുമായി ഈ ശീർഷകത്തിൽ 37.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

5054-01-337-96—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-നാഷണൽ ഹൈവേകൾ-റോഡുപണികൾ-ദേശീയപാതയിലെ ബൈപ്പാസുകളുടെ നിർമ്മാണം (പ്ലാൻ)

ദേശീയപാതാ വിഭാഗത്തിൽ വരുന്ന പുതിയ ബൈപ്പാസുകളുടെ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

5054-01-337-95—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-നാഷണൽ ഹൈവേകൾ-റോഡുപണികൾ-കൊല്ലം-ആലപ്പുഴ-ദേശീയപാത ബൈപ്പാസ് (കേന്ദ്ര സർക്കാരുമായി ചെലവ് പങ്കിടൽ) (പ്ലാൻ)

കൊല്ലം-ആലപ്പുഴ-ദേശീയപാത ബൈപ്പാസ് നിർമ്മാണം പ്രവൃത്തികളുടെ ബില്ലുകൾ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 200 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-01-800-99—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-നാഷണൽ ഹൈവേകൾ-മറ്റ് ചെലവുകൾ-ദേശീയ പാതയെ ബന്ധിക്കുന്ന ഭാഗത്തെ ട്രാഫിക് സുരക്ഷിതത്വ നടപടികൾ (പ്ലാൻ)

ദേശീയപാതയെ ബന്ധിപ്പിക്കുന്ന ഭാഗത്തെ ട്രാഫിക് സുരക്ഷിതത്വ പണികൾക്കായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-01-800-97—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-നാഷണൽ ഹൈവേകൾ-മറ്റ് ചെലവുകൾ-ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിഹിതം (നോൺ പ്ലാൻ)

കഴക്കൂട്ടം മുതൽ കേശവദാസപുരം വരെയുള്ള റോഡ് വികസനത്തിന് 2 മേൽപ്പാലങ്ങൾക്കായി സ്ഥലം ഏറ്റെടുക്കുന്നതിന് ഈ ശീർഷകത്തിൽ 500 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-03-337-98-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-സംസ്ഥാന പാതകൾ-റോഡുപണികൾ-വികസനവും പരിഷ്കരണവും-വൻകിട മരാമത്ത് പണികൾ (പ്ലാൻ)

കരാറുകാരുടെ കടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും നിലവിലുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും വെള്ളപ്പൊക്കംമൂലം നാശനഷ്ടങ്ങൾ സംഭവിച്ച സംസ്ഥാന പാതകളുടെ പുനർനിർമ്മാണത്തിനുമായി ഈ ശീർഷകത്തിൽ 375 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-101-99-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജില്ലാതല റോഡുകളും മറ്റ് റോഡുകളും-പാലം പണികൾ-പ്രധാന ജില്ലാതല റോഡുകൾ പാലങ്ങളും കലുങ്കുകളും-വൻകിട മരാമത്തുപണികൾ (പ്ലാൻ)

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും നിലവിലുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും വെള്ളപ്പൊക്കംമൂലം നാശനഷ്ടങ്ങൾ സംഭവിച്ച പാലങ്ങളുടെ പുനർനിർമ്മാണത്തിനുമായി ഈ ശീർഷകത്തിൽ 15 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-101-98—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജില്ലാതല റോഡുകളും മറ്റ് റോഡുകളും-പാലം പണികൾ-മറ്റ് ജില്ലാതല റോഡുകൾ പാലങ്ങളും കലുങ്കുകളും

പൂർത്തിയായ പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകുന്നതിനായി 5 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

5054-04-101-95—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജില്ലാതല റോഡുകളും മറ്റ് റോഡുകളും-പാലം പണികൾ-നിലവിലുള്ള പൂർത്തിയാകാത്ത പണികളുടെ പൂർത്തീകരണം-പാലങ്ങൾ (നോൺ പ്ലാൻ)

പണി പൂർത്തിയാകാത്ത പാലങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

5054-04-101-86—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജില്ലാതല റോഡുകളും മറ്റ് റോഡുകളും-പാലം പണികൾ-മാന്ദ്യ-വിരുദ്ധ ഉത്തേജക പാക്കേജിൻ കീഴിലുള്ള പദ്ധതികൾ-പൊതുമരാമത്തുപണികൾ (പാലങ്ങൾ) (പ്ലാൻ)

പൂർത്തിയായ പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകുന്നതിനായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-101-86—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജില്ലാതല റോഡുകളും മറ്റ് റോഡുകളും-പാലം പണികൾ-മാന്ദ്യ-വിരുദ്ധ ഉത്തേജക പാക്കേജിൻകീഴിലുള്ള പദ്ധതികൾ-പൊതുമരാമത്തുപണികൾ (പാലങ്ങൾ) (നോൺ പ്ലാൻ)

പൂർത്തിയായ പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകുന്നതിനും അഴിമാവ് കടവ് പാലത്തിന്റെ നിർമ്മാണത്തിനുമായി 11.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-101-85-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജില്ലാതല റോഡുകളും മറ്റ് റോഡുകളും-പാലം പണികൾ-പാലങ്ങളും കലുങ്കുകളും പുനർ നിർമ്മാണം- വൻകിട മരാമത്തുപണികൾ (പ്ലാൻ)

പാലങ്ങളുടെയും കലുങ്കുകളുടെയും പുനർനിർമ്മാണത്തിനും പുനരധിവാസത്തിനുമായി ഈ ശീർഷകത്തിൽ 100 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-337-99-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജില്ലാതല റോഡുകളും മറ്റ് റോഡുകളും-പാതകളുടെ പണികൾ-പ്രധാന ജില്ലാതല റോഡുകൾ വികസനവും പരിഷ്കരണവും-വൻകിട മരാമത്തുപണികൾ (പ്ലാൻ)

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും നിലവിലുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും വെള്ളപ്പൊക്കംമൂലം നാശനഷ്ടങ്ങൾ സംഭവിച്ച പ്രധാന ജില്ലാ പാതകളുടെ പുനർനിർമ്മാണത്തിനുമായി 650 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു. പ്രസ്തുത പ്രവൃത്തിക്കായി 690 കോടിയോളം രൂപ ആവശ്യമാണെന്നിരിക്കെ 43.5091 കോടി രൂപ മാത്രം ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്നതെന്തുകൊണ്ടാണെന്ന സമിതിയുടെ ചോദ്യത്തിന്, ടി ഇനത്തിൽ വരുന്ന ചെലവും സംസ്ഥാനത്തിന്റെ വിഭവശേഷിയും പരിഗണിച്ചശേഷം പ്ലാനിംഗ് ബോർഡാണ് എത്ര തുക അനുവദിക്കണമെന്ന് നിശ്ചയിക്കുന്നതെന്നും ഇത് ലെറ്റർ ഓഫ് ക്രെഡിറ്റ് മുഖേന നൽകുന്നതായതിനാൽ ബില്ല് സമർപ്പിക്കുന്നമുറയ്ക്ക് ധനകാര്യ വകുപ്പിൽനിന്നും തുക അനുവദിക്കുന്നതാണ് പതിവെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി വിശദീകരണം നൽകി.

5054-04-337-98-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജില്ലാതല റോഡുകളും മറ്റ് റോഡുകളും-പാതകളുടെ പണികൾ-മറ്റ് ജില്ലാതല റോഡുകൾ പുതിയ പണികൾ-വൻകിട മരാമത്തുപണികൾ

പൂർത്തിയായ പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകുന്നതിനായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

5054-04-337-97—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജില്ലാതല റോഡുകളും മറ്റ് റോഡുകളും-പാതകളുടെ പണികൾ-മറ്റ് ജില്ലാതല റോഡുകൾ വികസനവും പരിഷ്കരണവും

പൂർത്തിയായ പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകുന്നതിനായി ഈ ശീർഷകത്തിൽ 15 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

5054-04-337-94-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജില്ലാതല റോഡുകളും മറ്റ് റോഡുകളും-റോഡുപണികൾ-പാതകളുടെ പണികൾ-മറ്റ് ജില്ലാതല റോഡുകൾ-റോഡുകളുടെ നിർമ്മാണവും വികസനവും നബാർഡ് സഹായത്തോടെയുള്ള പദ്ധതികൾ-വൻകിട മരാമത്ത് പണികൾ (പ്ലാൻ)

പുതുതായി ഭരണാനുമതി നൽകിയ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി 200 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു നബാർഡിന്റെ സഹായത്തോടെയുള്ള പ്രവൃത്തികൾക്ക് 85% നബാർഡ് ലോണും 15% ഗവൺമെന്റ് വിഹിതവുമാണ് വിനിയോഗിക്കുന്നതെന്നും അവയ്ക്ക് ആദ്യമേതന്നെ മുഴുവൻ തുകയും ബഡ്ജറ്റിൽ വകയിരുത്താറില്ലായെന്നും അത്തരം പദ്ധതികൾ ആരംഭിക്കുന്നതിനായി മുൻകൂറായി നബാർഡിൽ നിന്നും തുക അനുവദിക്കുമെന്നും പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ നബാർഡിൽ നിന്നും തുക റീഇമ്പേഴ്സ്മെന്റ് ചെയ്തു നൽകുകയാണ് പതിവെന്നും ആയതിന് ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ഉണ്ടായിരുന്നാൽ മതിയെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി വിശദീകരിച്ചു

5054-04-337-92—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജില്ലാതല റോഡുകളും മറ്റ് റോഡുകളും-പാതകളുടെ പണികൾ-മലയോര ഹൈവേ (പ്ലാൻ)

പൂർത്തിയായ പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകുന്നതിനും നിർമ്മാണം തുടങ്ങിയ മലയോര ഹൈവേയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 9 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-337-91-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജില്ലാതല റോഡുകളും മറ്റ് റോഡുകളും-പാതകളുടെ പണികൾ-തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട്, തൃശ്ശൂർ എന്നീ നഗരങ്ങളിലെ റോഡ് വികസനം-വൻകിട മരാമത്തുപ്പണികൾ (പ്ലാൻ)

പുതിയതായി ഭരണാനുമതി ലഭിച്ച പണികൾ പൂർത്തിയാക്കുന്നതിനായി ഈ ശീർഷകത്തിൽ 100 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-337-89-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജില്ലാതല റോഡുകളും മറ്റ് റോഡുകളും-പാതകളുടെ പണികൾ-ശബരിമല റോഡ് പ്രോജക്ട്-വൻകിട മരാമത്തുപ്പണികൾ (പ്ലാൻ)

പൂർത്തിയായ പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകുന്നതിനും ഭരണാനുമതി നൽകിയ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 150 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-337-79—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജില്ലാതല റോഡുകളും മറ്റ് റോഡുകളും-പാതകളുടെ പണികൾ-കൊച്ചിയിൽ സീപോർട്ട്-എയർപോർട്ട് റോഡിന്റെ നിർമ്മാണം (പ്ലാൻ)

എച്ച്.എം.ടി. മുതൽ എൻ.എ.ഡി. വരെയുള്ള ഭാഗത്തെ റോഡിന്റെ പണികൾ പൂർത്തിയാക്കുന്നതിനും ഒന്നാംഘട്ടത്തിലെ ബി.എം.സി. മുതൽ കളക്ടറേറ്റ് വരെയുള്ള ഭാഗം നാലുവരി ആക്കുന്നതിനും ഈ ശീർഷകത്തിൽ 40 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-05-101-99—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-സംസ്ഥാനാന്തരമായോ, സാമ്പത്തികമായോ പ്രാധാന്യമുള്ള റോഡുകൾ-പാലങ്ങൾ-സെൻട്രൽ റോഡ് ഫണ്ട് (പാലങ്ങൾ) (പ്ലാൻ)

എളമരം കടവ് പാലത്തിന്റെ പണി പൂർത്തിയാക്കുന്നതിനായി ഈ ശീർഷകത്തിൽ 30 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-05-337-97-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-സംസ്ഥാനാന്തരമായോ, സാമ്പത്തികമായോ പ്രാധാന്യമുള്ള റോഡുകൾ-റോഡ് പണികൾ-സെൻട്രൽ റോഡ് ഫണ്ട് (റോഡുകൾ)-വൻകിട മരാമത്തുപണികൾ (പ്ലാൻ)

നിലവിലുള്ള കരാറുകാരുടെ കുടിശ്ശിക തുക കൂടാതെ പുതിയ പ്രവൃത്തികൾക്ക് അനുമതി ലഭിച്ചതിനാൽ ഈ ശീർഷകത്തിൽ 200 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-80-004-98—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജനറൽ-ഗവേഷണം-ക്വാളിറ്റി കൺട്രോൾ യൂണിറ്റ് സ്ഥാപിക്കലും കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ക്വാളിറ്റി കൺട്രോൾ യൂണിറ്റാക്കി ഉയർത്തലും(പ്ലാൻ)

ഡിസൈൻ ഓഫീസ്, കെ.എച്ച്.ആർ.ഐ. ക്വാളിറ്റി കൺട്രോൾ കാര്യാലയങ്ങളുടെ അടിസ്ഥാന വികസനം, ഉപകരണങ്ങൾ ലഭ്യമാക്കൽ, കമ്പ്യൂട്ടർ & സോഫ്റ്റ്‌വെയർ ലഭ്യമാക്കൽ, പൈലറ്റിംഗ് പ്രോജക്ട്സ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 4.1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-80-107-99—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജനറൽ-റെയിൽവേ സുരക്ഷിതത്വ പണികൾ-റെയിൽവേ സുരക്ഷിതത്വ പണികൾ (പ്ലാൻ)

RBDCK-യുടെ മേൽനോട്ടത്തിൽ കാഞ്ഞങ്ങാട്, ഫറോക്ക്, കാരിത്താസ് എന്നീ റെയിൽവേ മേൽപ്പാലങ്ങളുടെ പൂർത്തീകരണത്തിനായും KRDCL-ന്റെ മേൽനോട്ടത്തിൽ ഏഴ് റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനായും ഈ ശീർഷകത്തിൽ 122 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-80-107-97—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജനറൽ-റെയിൽവേ സുരക്ഷിതത്വ പണികൾ-പുതിയ മേൽപ്പാലങ്ങൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കൽ (നോൺ പ്ലാൻ)

കരമന ആർ.ഒ.ബി.ക്കുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി ഈ ശീർഷകത്തിൽ 8.3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

5054-80-190-98—റോഡുകളും പാലങ്ങളും-ജനറൽ-പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റുമുള്ള നിക്ഷേപം-പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് ലിമിറ്റഡ് എന്ന കമ്പനിക്കുള്ള സഹായം (പ്ലാൻ)

KSTP-യുടെ സ്വന്തം ഫണ്ടുപയോഗിച്ച് ചെയ്യുന്ന പ്രവൃത്തി ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ തുക വകയിരുത്തേണ്ടതില്ലായെന്ന് ചീഫ് എഞ്ചിനീയർ, KSTP അറിയിച്ചു.

5054-80-190-97-66—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജനറൽ-പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റുമുള്ള നിക്ഷേപം-ലിംഗ-സമത്വ-സ്ത്രീ ശാക്തീകരണ നയ നിർവ്വഹണം-ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡിനുള്ള സഹായം-ലിംഗ സമത്വ പദ്ധതി നിർവ്വഹണം (നോൺ പ്ലാൻ)

ശമ്പളം, ഓഫീസ് ചെലവുകൾ, യാത്രാ ചെലവുകൾ, സർവ്വേ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ, ആലപ്പുഴ/കായംകുളം എന്നിവിടങ്ങളിലെ പ്രോജക്ടുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 1.28 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

5054-80-337-88-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജനറൽ-റോഡു പണികൾ-പ്രളയബാധിത പ്രദേശങ്ങളിലെ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർനിർമ്മാണം-വൻകിട മരാമത്തുപണികൾ (പ്ലാൻ)

പ്രളയബാധിത പ്രദേശങ്ങളിലെ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 525 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

5054-80-800-82—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജനറൽ-മറ്റ് ചെലവ്-പൊതുമരാമത്ത് വകുപ്പിൻ കീഴിലെ ഇ-ഗവേണൻസ് (പ്ലാൻ)

പൊതുമരാമത്ത് വകുപ്പിൽ ഇ-ഗവേണൻസിന്റെ ഭാഗമായി ഇ-ഓഫീസ്, ബയോമെട്രിക് പഞ്ചിംഗ് സിസ്റ്റം, കമ്പ്യൂട്ടർവൽക്കരണം എന്നിവ നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 17.3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-80-800-68—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജനറൽ-മറ്റ് ചെലവ്-പി.പി.പി. (അന്വിറ്റി) നടപ്പാക്കൽ റോഡ് സംരക്ഷണം (പ്ലാൻ)

RICK-ന്റെ മേൽനോട്ടത്തിൽ പാക്കേജ് എ, പാക്കേജ് ബി എന്നിവയിലായി പൂർത്തിയാക്കിയ നാല് റോഡുകളുടെ കൺസെഷണെയർമാർക്ക് കരാർ പ്രകാരം അന്വിറ്റി നൽകുന്നതിന് ഈ ശീർഷകത്തിൽ 38.86 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

യോഗം വൈകുന്നേരം 4.15-ന് പിരിഞ്ഞു.

## 20-3-2019-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2019 മാർച്ച് 20-ാം തീയതി ബുധനാഴ്ച രാവിലെ 11-00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

തദവസരത്തിൽ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, ബഹു. ഗതാഗത വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ:

1. ശ്രീ. വി. അബ്ദുറഹിമാൻ, എം.എൽ.എ.
2. ശ്രീ. ഒ. രാജഗോപാൽ, എം.എൽ.എ.
3. ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.
4. ശ്രീ. വി. ആർ. സുനിൽ കുമാർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി വി. ആർ. രജനി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

സമിതി 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണിക്കുകയും റിപ്പോർട്ട് താഴെപ്പറയുന്ന തീരുമാനങ്ങളോടെ അംഗീകരിക്കുകയും ചെയ്തു:

(i) സമിതി, '3054-01-001-99, റോഡുകളും പാലങ്ങളും-നാഷണൽ ഹൈവേയ്സ്-ഭരണവും നടത്തിപ്പും-ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ' എന്ന ശീർഷകത്തിൻമേലുള്ള ശിപാർശ പരിഗണിച്ച സമിതി, കേരളത്തിലെ നാഷണൽ ഹൈവേ ചീഫ് എഞ്ചിനീയർമാരുടെ കീഴിൽ എത്ര ദിവസ വേതന ജീവനക്കാരുണ്ടെന്നും അവർക്ക് ഒരു വർഷം എത്ര തുക വേതന വിതരണത്തിനായി ആവശ്യമുണ്ടെന്നും വേതന ഇനത്തിൽ നൽകാനുള്ള കുടിശ്ശിക തുക എത്രയാണെന്നുമുള്ള വിശദവിവരം സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെടുക.

(ii) കൂടാതെ '3055-00-800-95, റോഡ് ഗതാഗതം-മറ്റു ചെലവുകൾ-കേരള റോഡ് സുരക്ഷാഫണ്ടിലേക്ക് മാറ്റൽ' എന്ന ശീർഷകത്തിൻമേലുള്ള ശിപാർശ താഴെപ്പറയും പ്രകാരം മാറ്റം വരുത്തുക:

"2008-09 മുതൽ വാഹനങ്ങളിൽ നിന്നും ഒറ്റത്തവണയായി പിരിച്ചെടുത്ത സെസ്സ്, 1988-ലെ കേരള മോട്ടോർ വാഹന ആക്ട് 200-ാം വകുപ്പ് പ്രകാരം ശേഖരിച്ച രാജിയാക്കൽ ഫീസിന്റെ 50% എന്നീ ഇനങ്ങളിലായി സർക്കാരിന്റെ സഞ്ചിതനിധിയിൽ സമാഹരിക്കപ്പെട്ട തുകയിൽ നിന്നും 433.71 കോടി രൂപ ചാർജ്ജ്ഡ് ഹെഡ് വഴി റോഡ് സുരക്ഷാ ഫണ്ടിലേക്ക് കൈമാറ്റം ചെയ്യാൻ അവശേഷിക്കുന്നുണ്ടെന്നും എന്നാൽ 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 100.8384 കോടി രൂപ മാത്രമാണെന്നും നിരീക്ഷിക്കുകയും കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് ഈ ശീർഷകത്തിൽ നിയമാനുസൃതം ലഭിക്കേണ്ട ബാക്കി തുകയായ 332.8716 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു."

യോഗം രാവിലെ 11.45-ന് പിരിഞ്ഞു.

---

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിൻറിംഗ് പ്രസ്സ്.